ചെങ്ങന്നൂർ ഭദ്രാസന മുഖപത്രം

# ബഥേൽ പത്രിക

വാല്യം 27
ലക്കം 01

ജനുവരി 2014



പുതുവത്സരാശംസകൾ...

മുഖപത്രിക



# കൂടുവിട്ടു കൂടുമാറ്റം ഒരു ആത്മീയ വൈകൃതം

ആദിമ സഭയുടെ കാലം മുതലെ വിശ്വാസ ത്യാഗികൾ സഭയിൽ ഉണ്ടായിരുന്നു. സഭയുടെ വളർച്ചയുടെ ഓരോ ഘട്ടത്തിലും പല രീതിയിലുള്ള ആത്മീയ വൈകൃതങ്ങൾ സഭയിൽ രൂപപ്പെടുകയും ഒരു കൂട്ടം ആളുകൾ അതിൽ ആകൃഷ്ടരായി അതിന്റെ പിന്നാലെ പരക്കം പായുകയും ചെയ്യുന്ന രീതി ഇന്നും തുടർന്ന് വരുന്നു. വിശ്വാസവും ആത്മീകതയും എന്നതിനേക്കാൾ വൈകാരികവും ലൗകികവുമായ നേട്ടമാണ് ഈ കൂട്ടങ്ങൾ വാഗ്ദാനം ചെയ്യുന്നതും അതിലേക്ക് ആളുകൾ ആകർഷിക്കപ്പെടുന്നതും.

സാധാരണ ജനങ്ങളെ സംബന്ധിച്ച് ഒരു സഭ വിട്ട് മറ്റൊരു കൂട്ടത്തിലേക്കുള്ള കൂടുമാറ്റം ബൗദ്ധിക തലത്തേക്കാൾ ഉപരി വൈകാരിക പ്രശ്നമാണ്. പല കാതലായ പ്രശ്നങ്ങളും ഈ കൂടുവിട്ട് കൂടുമാറ്റത്തിന് ഉണ്ടാകും. രോഗങ്ങൾ, മദ്യപാനം, സാമ്പത്തിക തകർച്ച, ഭാര്യാഭർത്തൃ ബന്ധത്തിലെ പൊരുത്തക്കേടുകൾ, തൊഴിലില്ലായ്മ, തീരാവ്യാധികൾ ഇങ്ങനെയുള്ള പലവിധങ്ങളായ പ്രശ്നങ്ങളിൽ ഉഴലുന്നവരാണ് പെട്ടെന്ന് ഈ വിശ്വാസ ത്യാഗത്തിലേക്ക് വഴുതി വീഴുന്നത്. ഇവരിൽ പലരും പല സംഘങ്ങളിൽ പങ്ക് കൊള്ളുന്നു എങ്കിലും മുഖ്യധാര സഭയിൽ നിന്നും പൂർണ്ണമായി വിട്ടുപോകാൻ തയ്യാറാകുന്നില്ല. ഈ കൂട്ടരുടെ സ്വത്വാന്വേഷണം മുഖ്യധാര സഭകളുടെ ചട്ടക്കൂടുകളിൽ നടത്തുവാനാണ് ഈ കൂട്ടർ ശ്രമിക്കുന്നത്. മാമോദീസാ, വിവാഹം, ഭവനശുദ്ധീകരണം, ശവസംസ്കാരം തുടങ്ങിയ കർമ്മാദികളിൽ മാത്രം സഭാബന്ധം ഒതുക്കി നിർത്താൻ അവർ ആഗ്രഹിക്കുന്നു. മനസ്സുകൊണ്ട് പുത്തൻ ആത്മീയ വൈകൃതങ്ങളിൽ മുങ്ങിപൊങ്ങി മാനംകൊണ്ട് പഴയ തലങ്ങളിൽ തന്നെ നിലക്കാൻ ആഗ്രഹിക്കുന്ന ഒരു വലിയ സമൂഹം ഇടവകകളിൽ കണ്ടുവരുന്നു.

എന്നാൽ കാലക്രമത്തിൽ വ്യക്തിസ്ഥാപിതമായ പുത്തൻ ആത്മീയ വൈകൃതങ്ങളുടെ പൊള്ളത്തരങ്ങൾ തിരിച്ചറിയുമ്പോൾ തിരികെ വരാൻ കഴിയാതെ വണ്ണം മുഖ്യധാരസഭകൾ അവർക്ക് ഭ്രഷ്ട് ഏർപ്പെടുത്തിക്കഴിഞ്ഞിരിക്കും. ഒന്നിൽ നിന്നും ഒന്നിലേക്ക് കൂടുമാറി ദുസ്സഹമായ ഒരു ആത്മീയ അന്തരീക്ഷം പലപ്പോഴും ഈ കൂട്ടർക്ക് അനുഭവപ്പെടും. അടുത്ത കാലത്ത് പല തട്ടിപ്പുകളും നടത്തി പിടിക്കപ്പെട്ട്, എന്നാൽ ആത്മീയത ഒരു മറയെന്ന് മനസ്സിലാക്കി വേഷം മാറി പ്രാർത്ഥനാ മാമാങ്കങ്ങളിലൂടെ അനേകരെ തങ്ങളിലേക്ക് ആകർഷിച്ച് അവരുടെ സമ്പത്തും ജീവിതവും കൈക്കലാക്കുന്ന ആത്മീയ വൈകൃതങ്ങൾ വളർന്നു വരുന്നു. തട്ടിപ്പാണ് ഇവരുടെ മൗലിക സ്വഭാവം എന്നത് സാധാരണ ജനം തിരിച്ച് അറിയുന്നില്ല എന്നതാണ് യാഥാർത്ഥ്യം.

മുഖ്യധാര സഭകളുടെ അജപാലന ദൗത്യത്തിലെ അപര്യാപ്തതകൾ പുത്തൻ ആത്മീയ വൈകൃതത്തിലേക്ക് കടന്നു ചെല്ലുവാനുള്ള വഴി തുറന്ന് കൊടുക്കുന്നു. സാധാരണ ജനത്തിന് തങ്ങളുടെ വേദന മാറ്റേണ്ട, വേദനിക്കുന്നുവോ? എന്ന ഒറ്റ ചോദ്യം മതി അവർക്ക് ആശ്വാസം പകരുവാൻ. ആ വിധത്തിൽ ഒരു സ്വയ വിമർശനത്തിന്റെ തലംകൂടി ഇവയ്ക്ക് ആവശ്യമാണ്. പ്രതിസന്ധിയിൽ ആകുന്നവരോട് താദാത്മ്യം പ്രാപിച്ച അവരുടെ വേദനയിൽ ഒരു അത്താണിയായി നാം തീരുകയും സത്യവിശ്വാസബോധം വിശ്വാസികളിൽ സൃഷ്ടിക്കുകയും ചെയ്യുന്നില്ലെങ്കിൽ ഈ അവസരം മുതലെടുത്ത് പല വൈകൃതങ്ങളും സഭാജീവിതത്തിലേക്ക് കടന്നുവരും.

**ഫാ. ഏബ്രഹാം കോശി കുന്നുംപുറത്ത്**

1987-2014
# ബഥേൽ പത്രിക
ചെങ്ങന്നൂർ ഭദ്രാസന മുഖപത്രം

BETHEL PATRIKA, P.B. NO. 38, CHENGANNUR
PH: 0479-2451331
E-mail: bethelpatrika@gmail.com
website : www.bethelpatrika.org

ജനുവരി 2014

**വരിസംഖ്യ**

| | |
|---|---|
| 1 വർഷം | ₹ 100 |
| 2 വർഷം | ₹ 200 |
| 5 വർഷം | ₹ 450 |
| 15 വർഷം | ₹ 1500 |

**പരസ്യനിരക്കുകൾ**

| | |
|---|---|
| Cover Back Multy | ₹ 5000 |
| Front Inner B/W | ₹ 3000 |
| Back Inner B/W | ₹ 2500 |
| Favours Received | ₹ 500 |
| Matrimonial | ₹ 500 |

## താളുകളിൽ....

**5** ഇടയപത്രിക
**ആം ആദ്മി ഉയർത്തുന്ന ജനാധിപത്യ ചോദ്യം**
തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ

**6** സംസ്കാരം
**വീണ്ടും ചില അരപ്പള്ളി വിചാരങ്ങൾ**
ഡോ. എം. കുര്യൻ തോമസ്

**9** ചരിത്രം
**1876–ലെ ഭദ്രാസന വിഭജനവും മേൽപ്പട്ടവാഴ്ചയും**
വർഗീസ് ജോൺ തോട്ടപ്പുഴ

**11** ആരാധനാ വിജ്ഞാനീയം
**മാറിപ്പോകുന്ന ധർമ്മശാസ്ത്രം**
ഫാ. സഖറിയാ പനയ്ക്കാംമറ്റം

**13** ആത്മീയദർശനം
**വി. മാർത്തോമ്മാ ശ്ലീഹായുടെ ഓർമ്മ**
ഫാ. പി.വി. ജോൺ

**16** വേദപഠനം
**യാക്കോബിന്റെ ലേഖനം**
ഫാ. മാത്യു വർഗ്ഗീസ്, പുളിമൂട്ടിൽ

**18** ഞായർ ദിനധ്യാനം
**ലോഗോസ്**
ഫാ. പി.കെ. കോശി

**25** ലേഖനം
**നിറഞ്ഞ കണ്ണുകളുമായി...**
ജിജി തോമസ്, പുത്തൻകാവ്

| | |
|---|---|
| ഹരിതപത്രിക | 26 |
| ബാലപത്രിക | 27 |
| ഭദ്രാസന വാർത്തകൾ | 28 |
| സണ്ടേസ്കൂൾ വാർത്തകൾ | 29 |

**പത്രാധിപസമിതി**

**മാനേജിംഗ് എഡിറ്റർ & പബ്ലിഷർ**
അഭിവന്ദ്യ തോമസ് മാർ
അത്താനാസിയോസ് മെത്രാപ്പോലീത്താ
ഫോൺ: 0479 - 2453310, 2451331
E-mail: marathanasios@gmail.com

**ചീഫ് എഡിറ്റർ**
റവ. ഫാദർ ഏബ്രഹാം കോശി കുന്നുംപുറത്ത്
ഫോൺ: 0479 - 2450287, 9447431096
E-mail: frabrahamkoshy@gmail.com

**എക്സിക്യൂട്ടീവ് എഡിറ്റർ**
റവ. ഫാദർ വൈ. തോമസ്
ഫോൺ: 0479 - 2453551, 9495351959

**എഡിറ്റർ**
ശ്രീ. സജി പട്ടരുമഠം
ഫോൺ: 9446114346

**അസ്സോസിയേറ്റ് എഡിറ്റർ**
റവ. ഫാദർ സുനിൽ ജോസഫ് ഡാണാംപടിക്കൽ
ഫോൺ: 0479 - 2454504, 9947429667

**സർക്കുലേഷൻ മാനേജർ**
റവ. ഫാദർ തോമസ് വർഗ്ഗീസ്, കടവിൽ
ഫോൺ: 0479-2457586, 9447776146

**വെബ് അഡ്മിനിസ്ട്രേറ്റർ**
ശ്രീ. ബിനു ചാക്കോ
ഫോൺ: 0479-2311692, 9446697328
E-mail: binu303@gmail.com

**അംഗങ്ങൾ**
റവ. ഫാ. തോമസ് കൊക്കാപ്പറമ്പിൽ
റവ. ഫാദർ തോമസ് വർഗീസ് അമയിൽ
റവ. ഫാ. ഐപ്പ് പി. സാം
റവ. ഫാ. മാത്യു ഏബ്രഹാം
റവ. ഫാ. ഷിബു വർഗ്ഗീസ്
ശ്രീ. ജോസ് പുതുവന
ശ്രീ. ഷാജൻ മാത്യു
ശ്രീ. എബി അലക്സാണ്ടർ
പ്രൊഫ. ബിൻസി റജി

# ആം ആദ്മി ഉയർത്തുന്ന ജനാധിപത്യ ചോദ്യം

ഡൽഹിയിൽ ആം ആദ്മി പാർട്ടി കേജരിവാളിന്റെ നേതൃത്വത്തിൽ നടത്തിയ ജനകീയ മുന്നേറ്റം ഭാരതത്തിലെ ജനാധിപത്യ ചരിത്രത്തിലെ പുത്തൻ പ്രതിഭാസമാണ്. മുന്നണി രാഷ്ട്രീയത്തിനും കൂട്ടുമുന്നണി ഭരണത്തിനും അപ്പുറം രാഷ്ട്രീയത്തിൽ ബദലുകൾ ഇല്ല എന്ന പരമ്പരാഗത ധാരണ ഈ മുന്നേറ്റം തിരുത്തി എഴുതി. ഭാരതത്തിന്റെ തലസ്ഥാന നഗരിയുടെ ഭരണത്തിലേക്ക് ആം ആദ്മി പാർട്ടി എത്തുമ്പോൾ ഒരു താൽക്കാലിക പ്രതിഭാസം എന്ന നിലയിൽ തള്ളിക്കളയാതെ ഇന്ത്യൻ ജനാധിപത്യത്തിൽ ജനങ്ങൾക്ക് തന്നെയാണ് മുൻതൂക്കം എന്ന തിരിച്ചറിവിലേക്ക് മുഖ്യധാര രാഷ്ട്രീയ പ്രസ്ഥാനങ്ങൾ വളരണം.




ഇന്ത്യൻ ജനാധിപത്യത്തെ കാർന്നു തിന്നുന്ന അഴിമതിക്ക് എതിരായുള്ള പോരാട്ടമാണ് ആം ആദ്മി പാർട്ടിയുടെ ജനകീയ അടിത്തറ. അണ്ണാ ഹസാരെ തുടങ്ങിവച്ച അഴിമതി വിരുദ്ധ പോരാട്ടം ഡൽഹിയിലെ ജനങ്ങൾ ഏറ്റെടുത്തു എന്നതിനു തെളിവാണ് തെരഞ്ഞെടുപ്പു ഫലം. അധികാരത്തിൽ ഏറിയാൽ ജനങ്ങളോടുള്ള പ്രതിബദ്ധത മറക്കുന്ന എല്ലാ ജനപ്രതിനിധികൾക്കും ആം ആദ്മി ഒരു പാഠമാണ്. ബദലുകൾ ഇല്ല എന്ന ആഗോളവത്ക്കരണ സമവാക്യത്തിൽ ഊന്നി ജനകീയ പ്രതിരോധങ്ങളെ അടിച്ചമർത്തുവാനും അവഗണിക്കുവാനും ഇന്ത്യയിലെ മുഖ്യധാര പ്രസ്ഥാനങ്ങൾ ശ്രമിച്ചിട്ടുണ്ട്. അണ്ണാഹസാര മുന്നോട്ട് വച്ച ജന ലോക്പാൽ ബിൽ ദാർഷ്ട്യത്തോടെ തള്ളിക്കളയാനും പിന്നീട് അവർ തന്നെ ജനരോഷം ഭയന്ന് മുൻകൈ എടുത്ത് അത് പാസ്സാക്കുകയും ചെയ്തു. ഇന്ത്യൻ ജനതയുടെ രാഷ്ട്രീയ പ്രബുദ്ധതയെ തിരിച്ചറിയാനും അവർ ആഗ്രഹിക്കുന്ന ഭരണം കാഴ്ചവയ്ക്കാനും ഡൽഹിയിലെ ഷോക് ട്രീറ്റ്മെന്റ് സഹായകരമാകും.

വോട്ടു ചെയ്യുന്ന വ്യക്തികൾ രാഷ്ട്രീയ അടിമകളാണ് എന്ന തെറ്റിദ്ധാരണ ചിലർക്കെങ്കിലും ഉണ്ട്. കാര്യങ്ങളെ വസ്തുനിഷ്ഠമായി വിലയിരുത്തുവാനും തങ്ങളുടെ ധാർമ്മിക രോഷം പ്രകടിപ്പിക്കുവാനും വികസനത്തിന് അനുകൂലമായും അഴിമതികൾക്ക് പ്രതികൂലമായും തങ്ങളുടെ സമ്മതിദാന അവകാശത്തെ അവർ വിനിയോഗിക്കും എന്നതിന് ഇനിയും മറ്റുതെളിവുകൾ അന്വേഷിക്കേണ്ടതില്ല.

ഡൽഹിയിൽ ഉണ്ടായ ജനകീയ കൂട്ടായ്മകൾ ഭാരതത്തിൽ ഉടനീളം ആവർത്തിക്കുന്നതിനുള്ള സാധ്യത രാഷ്ട്രീയ പാർട്ടികളുടെ ഉറക്കം കെടുത്തുന്നു. വർഗ്ഗ-വർണ്ണ-ജാതി സങ്കുചിത താല്പര്യങ്ങൾക്ക് നടുവിൽ പെട്ടുപോയ ഇന്ത്യൻ ജനാധിപത്യങ്ങളിൽ കേജരിവാൾ തുടങ്ങിവച്ച സംഘബോധത്തിന് തുടർചലനങ്ങൾ സൃഷ്ടിക്കുവാൻ കഴിയട്ടെ. അധികാരത്തിന്റെ ഇടനാഴികൾ ആം ആദ്മി പാർട്ടിക്ക് ഉയർത്തിപ്പിടിച്ച മൂല്യങ്ങളും വാഗ്ദാനങ്ങളും പാലിക്കാൻ കഴിയുന്നുണ്ടോ എന്നാണ് എല്ലാവരും ഉറ്റുനോക്കുന്നത്.

അധികാരത്തിന്റെ ഇടനാഴികളിൽ കോർപ്പറേറ്റ് താല്പര്യങ്ങൾക്ക് വശംവദർ ആകാതെ ഇന്ത്യൻ ജനാധിപത്യത്തിലെ ഈ പുത്തൻ പരീക്ഷണത്തിന്റെ ജീവൻ നിലനിർത്താൻ കഴിയട്ടെ. ജനാധിപത്യത്തിൽ നിന്ന് ജനം പുറത്താകുമ്പോൾ അവർ ആം ആദ്മിയായി സംഘടിക്കും എന്ന തിരിച്ചറിവ് നമ്മുടെ ജനാധിപത്യത്തിന് പുതിയ സൂക്ഷ്മതാ ബോധം പകരട്ടെ. ആം ആദ്മി ഒരു പാർട്ടിയായി പതിവുപോലെ മാറ്റപ്പെട്ടാലും ഇനിയും ഇന്ത്യൻ ജനാധിപത്യത്തിൽ നിരവധി ആം ആദ്മികൾ പിറക്കും എന്ന മുന്നറിയിപ്പ് തിരിച്ചറിഞ്ഞ് ചുവടുകൾ വയ്ക്കാൻ ഇവിടുത്തെ മുഖ്യധാര രാഷ്ട്രീയപാർട്ടികൾക്ക് കഴിയട്ടെ.

**തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ**



# വീണ്ടും ചില അരപ്പള്ളി വിചാരങ്ങൾ

ഡോ. എം. കുര്യൻ തോമസ്

കന്യാകുമാരി ജില്ലയിലെ തിരുവിതാംകോട്ട് പ. ദൈവമാതാവിന്റെ നാമത്തിൽ പ. മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച പുരാതന ദേവാലയം അരപ്പള്ളി എന്നാണ് നസ്രാണികളുടെ ഇടയിൽ പരക്കെ അറിയപ്പെടുന്നത്. ഇത്തരം ഒരു സംജ്ഞ എങ്ങനെ ചരിത്രത്താളുകളിൽ കടന്നു കൂടിയെന്നത് ഇന്നും ഒരു സജീവ ചർച്ചാവിഷയമാണ്. ഈ പദപ്രയോഗം ഏതു കാലത്ത് നിലവിൽ വന്നുവെന്നതും തുല്യപ്രാധാന്യമുള്ള സംഗതിയാണെങ്കിലും ഇന്നുവരെ ആ വസ്തുത പഠനവിധേയമാക്കിയിട്ടില്ല.

മാർത്തോമ്മാശ്ലീഹാ ഏഴു പള്ളികൾ പണി പൂർത്തിയാക്കിയ ശേഷം തിരുവിതാംകോട്ട് എത്തീയെന്നും, അവിടെ ഒരു പള്ളി പണി ആരംഭിച്ചുവെന്നും, അതു പൂർത്തിയാക്കാതെ അദ്ദേഹം ഇന്ത്യയുടെ കിഴക്കേ തീരത്തേക്കു പോയി എന്നും, അപ്രകാരം പണി പൂർത്തിയാക്കാത്തതിനാലാണ് അരപ്പള്ളിയായി പരിഗണിക്കപ്പെട്ടതെന്നുമാണ് പ്രബലമായ ഒരു കഥ. ശ്ലീഹാ തിരുവിതാംകോട്ട് പള്ളിയൊന്നും സ്ഥാപിച്ചില്ല; ഒരു കുരിശു മാത്രമാണ് സ്ഥാപിച്ചതെന്നും അതിനാലാണ് അരപ്പള്ളി ആയി അറിയപ്പെട്ടതെന്നും ഈ കഥയ്ക്ക് ഒരു പാഠഭേദവുമുണ്ട്.

പല കാരണങ്ങൾ കൊണ്ട് രൂപംകൊണ്ട കേരളീയ സ്ഥലനാമങ്ങൾക്ക് കാലക്രമേണ ഉച്ചാരണവ്യത്യാസം വന്നും വരുത്തിയും അതിനു പുതിയ വ്യാഖ്യാനങ്ങൾ നൽകി ഐതിഹ്യപ്പെരുമ കൽപ്പിക്കുന്നതിനു തുല്യമായ ഒരു നടപടിയാണിത്. മാർത്തോമ്മാശ്ലീഹാ ദക്ഷിണേന്ത്യയിലെ ചില തുറമുഖനഗരങ്ങളിൽ സഭ അഥവാ വിശ്വാസികളുടെ സമൂഹം സ്ഥാപിച്ചു എന്നതിലുപരി മദ്ബഹായും ഹൈയ്ക്കലയും നാടശാലയുമടക്കം ഇന്നത്തെ ശൈലിയിലുള്ള പള്ളി സ്ഥാപിച്ചു എന്നു ചിന്തിക്കുന്നത് യുക്തിപരമല്ല. പത്തൊമ്പതാം നൂറ്റാണ്ടുവരെ മലയാളഭാഷയിൽ ആരാധനാലയത്തിനു മാത്രമല്ല, സഭ എന്ന പൊതുവായ അർത്ഥത്തിലും പള്ളി എന്ന് ഉപയോഗിച്ചിരുന്നുവെന്നതും ഇവിടെ പരിഗണിക്കണം. ഇത്തരം സമൂഹങ്ങൾക്ക് വി. കുർബാന അർപ്പണത്തിനുള്ള ലളിതമായ സംവിധാനത്തിനപ്പുറം ആരാധനാലയങ്ങൾ അന്നു രൂപമെടുത്തിരിക്കാൻ ഒട്ടും സാദ്ധ്യതയില്ല. അത്തരം ലളിതനിർമ്മിതികളാണ് പിൽക്കാലത്ത് പള്ളികളായി രൂപപ്പെട്ടത്. കുരിശുസ്ഥാപനത്തിന്റെ കഥയും മറ്റൊന്നല്ല.

രാജകീയദാനങ്ങൾ വഴി സ്ഥാപിതമായ ദേവാലയം എന്ന നിലയിൽ അരചപ്പള്ളി എന്നു വിശേഷിപ്പിക്കപ്പെട്ടുവെന്ന് ഒരു വാദഗതിയും ഉയർന്നു വന്നിട്ടുണ്ട്. പക്ഷേ ഫാ. ഡോ. ജേക്കബ് കുര്യൻ (മലങ്കരസഭാ മാസിക, ഒക്ടോബർ 2002) ചൂണ്ടിക്കാട്ടുന്നതുപോലെ രാജകീയദാനങ്ങളും പരിരക്ഷയും ഏറ്റുവാങ്ങിയ വേറെയും ദേവാലയങ്ങളുണ്ട്. അവയും ഇതേ മാനദണ്ഡമനുസരിച്ച് അരച-അര-പ്പള്ളി എന്നറിപ്പെടണം. അതു സംഭവിക്കുന്നില്ല. അതിനാൽ ഈ വാദവും ദുർബലമാണ്.

വലിപ്പത്തിലും ജനസംഖ്യയിലും ചെറുതാണങ്കിലും ഒരു സ്ഥലത്ത് ആദ്യം സ്ഥാപിക്കപ്പെട്ട തലപ്പള്ളി വലിയപള്ളി എന്നാണ് അറിയപ്പെടുന്നത്. ഈ കാഴ്ചപ്പാടിൽ മലങ്കരയിലെ എല്ലാ പള്ളികളുടെയും മാതാവായ പ. മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച പള്ളികളെ അര(ച)പ്പള്ളി എന്ന് വിശേഷിപ്പിക്കുന്നതിൽ തെറ്റില്ല. പക്ഷേ അവിടെയും ഈ വിശേഷണം

നിരണമടക്കമുള്ള പള്ളികൾക്കും യോജിക്കും. പക്ഷേ അവയക്കുറിച്ച് ഇപ്രകാരമൊരു വിശേഷണം ഇന്നുവരെ ഉണ്ടായിട്ടില്ല.

ഒരു പുതിയ വാദഗതിക്കുള്ള സാദ്ധ്യതയും ഇപ്പോൾ തെളിഞ്ഞിട്ടുണ്ട്. യെറുശലേം ദേവാലയത്തിന്റെ നേർപകുതി അളവാണ് തിരുവിതാംകോട് പള്ളിയുടേതെന്ന സമീപകാല കണ്ടെത്താലാണത്. ഈയർത്ഥത്തിൽ തിരുവിതാംകോടിനെ അര-പകുതി-പള്ളി എന്നു വിളിക്കുന്നതിന് സാഗത്യമുണ്ട്. പക്ഷേ 2013-ൽ ഉണ്ടായ ഈ കണ്ടെത്തൽ മുൻകാലപ്രാബല്യത്തോടെ അരപ്പള്ളിക്ക് ഉപയോഗിക്കാനാവില്ല.

ഇവിടെയാണ് അരപ്പള്ളി പ്രയോഗം ചരിത്രത്തിൽ കടന്നുകൂടിയ കാലം പ്രസക്തമാകുന്നത്. മാർത്തോമ്മാശ്ലീഹാ സ്ഥാപിച്ച ഏഴ് അഥവ ഏഴര പള്ളികളുമായി ഇതു ബന്ധപ്പെട്ടുകിടക്കുന്നു. മാർത്തോമ്മാശ്ലീഹാ കേരളത്തിലെത്തിയെന്നും പള്ളികൾ അഥവാ സഭകൾ സ്ഥാപിച്ചുവെന്നുമുള്ള പാരമ്പര്യം കൊളോണിയൽപൂർവകാലം മുതൽ ശക്തമായി നിലനിൽക്കുന്നതാണ്. എന്നാൽ ഏഴും ഏഴരയും അതിന്റെ പട്ടികകളുമെല്ലാം പ്രാചാരത്തിൽ വരുന്നത് പതിനെട്ടാം നൂറ്റാണ്ടിൽ മാത്രമാണ്. ... ക്രിസ്താബ്ദം 1720-നു ശേഷമെ ആ ഏഴരയിൽ ചിലതിന്റെ എങ്കിലും പേരുകളുടെ ലിസ്റ്റ് രേഖപ്പെടുത്തിക്കണ്ടിട്ടുള്ളു ... എന്ന് പ്രശസ്ത ചരിത്രകാരനായ റ്റി. കെ. ജോസഫ് രേഖപ്പെടുത്തുന്നു. പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിൽ വിരചിതമായ നിരണം ഗ്രന്ഥവരിയിൽ ... 52-ൽ മാർത്തോമ്മാശ്ലീഹാ മലയാളത്തിൽ വന്ന മാർഗ്ഗം അറുപിച്ച ഏഴു പള്ളിയും വെപ്പിച്ച ... എന്നും, പത്തൊമ്പതാം നൂറ്റാണ്ടിലെ കരവട്ടു വീട്ടിൽ ശെമവോൻ ദീവന്നാസ്യോസിന്റെ നാളാഗമത്തിൽ ... (മർത്തോമ്മാശ്ലീഹാ) വീണ്ടും പിറപ്പെട്ട, നടന്ന മാർഗ്ഗം അറുവിച്ച ഏറിയ ജെനങ്ങളെ മാമ്മൊദീസാ മക്കളാക്കി, മാലിയാംകരയും കൊട്ടകായലിലും ഗൊക്കമങ്ങലത്തും നെരണത്തും ചായയിലും കുരക്കെണിക്കൊല്ലത്തും പാലൂരും ഇങ്ങനെ ഏഴു പള്ളിക്കു, അളവില്ലാത്തവന്റെ തിരുനാമത്താലെ, കുരിശും നിറുത്തി, പള്ളികളും ചമച്ച ശെഷം, ... നുപ്പതാണ്ടുകൾ മലങ്കരെ സഞ്ചരിച്ച, വീണ്ടും പാണ്ടിനാട്ടിന്ന മാർഗ്ഗം അറിവിപ്പാൻ പൊകുംവഴി ... എന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ... പണ്ടത്തെ രണ്ടു മലങ്കര ഇടവകകളുടെ ഇടയ്ക്കെ അതിരായ ചങ്ങനാശ്ശേരിയിലെ ളാപ്പാലത്തിനു തെക്ക് മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ചെന്ന് ഐതിഹ്യം പറയുന്ന പള്ളികൾ നിരണം, ചായൽ (നിലയ്ക്കൽ), കൊല്ലം, തിരുവാങ്കോട് എന്നീ സ്ഥലങ്ങളിലാണല്ലോ. ഒടുവിൽ പറഞ്ഞ തെക്കെ അറ്റത്തേത് അരപ്പള്ളിയാണ് (ചെറുതെന്നർത്ഥം). ... എന്ന് 1956-ൽ റ്റി. കെ. ജോസഫും സാക്ഷിക്കുന്നു.

ഈ ലേഖകന്റെ അന്വേഷണത്തിലും പതിനെട്ടാം നൂറ്റാണ്ടിനു മുമ്പ് ഇത്തരം പരാമർശനങ്ങളൊന്നും ചരിത്രരേഖകളിൽ കണ്ടെത്താനായിട്ടില്ല. ലഭ്യമായ പട്ടികകളിലാകട്ടെ, അപൂർവം ചില പള്ളികൾ മാത്രമാണ് പൊതുവായുള്ളത്. കിഴക്കേതീരത്തെ ഏതാനും സ്ഥലങ്ങൾ കൂടി ഉൾപ്പെടുന്ന പട്ടികകളും ഇവയിലുണ്ട്. ഒരു സാഹചര്യത്തിലും സംഭാവ്യമല്ലാത്ത ചില പള്ളികളും ചില പട്ടികകളിൽ കടന്നുകൂടിയിട്ടുണ്ട്. ഓരോ പട്ടികയും രൂപപ്പെടുത്തിയ എഴുത്തുകാരുടെ ഭാവനയ്ക്കും താല്പര്യത്തിനും അനുസൃതമായി മാർത്തോമ്മാശ്ലീഹാ പാരമ്പര്യമുള്ള പള്ളികളുടെ പട്ടികകൾ ചമയ്ക്കപ്പെട്ടു എന്ന് ഇതു വ്യക്തമാക്കുന്നു.

ഇത്തരം പട്ടികകളിൽ അപൂർവം ചിലതിൽ മാത്രമാണ് അരപ്പള്ളി പ്രത്യക്ഷപ്പെടുന്നത്. തിരുവിതാംകോട് അത്യപൂർവവും. 1956 ആകുമ്പോഴേക്കും ... ഇന്നു രണ്ടു അരപ്പള്ളികൾ കൂടെ ഉണ്ടായിരിക്കുന്നു ... എന്ന് റ്റി. കെ. ജോസഫ് രേഖപ്പെടുത്തത്തക്കവിധം പട്ടികയിൽ വീണ്ടും മാറ്റം വന്നു. ഇന്ന് അരപ്പള്ളിയുടെ അവകാശവാദികളുടെ എണ്ണം വീണ്ടും കൂടിയിട്ടുണ്ട്. പതിനെട്ടാം നൂറ്റാണ്ടു വരെ ചരിത്രത്താളുകളിലെങ്ങും ഇടംപിടിക്കാത്ത മലയാറ്റൂരാണ് ഇന്ന് ഏറ്റവുമധികം പ്രചരിപ്പിക്കപ്പെടുന്ന അരപ്പള്ളി.

ഈ പട്ടികകളുടെ പൊതുസ്വഭാവം ഇത്തരമൊരു സങ്കല്പം രൂപപ്പെടുത്തിയതിന്റ നിഗൂഢലക്ഷ്യം വെളിവാക്കുന്നുണ്ട്. 1663-ലെ പറമ്പിൽ ചാണ്ടിയുടെ ചതിക്കു ശേഷം നസ്രാണികളുടെ കൈയിൽ അവശേഷിച്ച നിരണമൊഴികെ മറ്റെല്ലാം ഇത്തരം പട്ടികകളിൽ റോമൻ കത്തോലിക്കാ പള്ളികളാണ്. കൊല്ലത്തെയും കായൽപട്ടണത്തിന്റെ മാർത്തോമ്മാ പൈതൃകം പേറുന്ന ചായലിലെയും പള്ളികൾ നശിച്ചുപോയി. നിരണത്തിന് അനേക കിലോമീറ്റർ ചുറ്റളവിൽ റോമൻ കത്തോലിക്കാ ദേവാലയങ്ങൾ ഇല്ലാത്തതിനാലും നിരണത്തിന്റെ പാരമ്പര്യം നിഷേധിക്കാനാവാത്തതിനാലും ഈ പട്ടികകളിൽ കഷ്ടിച്ച് കടന്നുകൂടി എന്നു പറയാം. രസകരമായ വസ്തുത, എല്ലാ പൂർവ്വാപരവിരുദ്ധമായ പട്ടികകളിലും നിരണം ഉൾപ്പെട്ടു എന്നതാണ്.

തങ്ങൾ തീർത്ഥാടനകേന്ദ്രമായി വളർത്തിക്കൊണ്ടുവരുന്ന മലയാറ്റൂരിനെ ഉൾപ്പെടുത്താനാവണം, റോമൻ കത്തോലിക്കർ ഏഴ് എഴരയായി വികസിപ്പിച്ചത്. നിരണം ഗ്രന്ഥവരിയും നാളാഗമവും ഏഴല്ലാതെ ഏഴര പള്ളികളെപ്പറ്റി പരാമർശിക്കുന്നില്ലായെന്നതും ഇവിടെ ശ്രദ്ധേയമാണ്. നിരണം ഗ്രന്ഥവരിയിലെയും നാളാഗമത്തിലെയും ഈദൃശ പരാമർശനങ്ങൾ സമാകാലിക റോമൻ കത്തോലിക്കാ പാരമ്പര്യങ്ങളിൽനിന്ന് കടമെടുത്തതാണെന്ന് ഈ

ഭാഗത്തിന്റെ ക്രിസ്തുവർഷത്തിലുള്ള കാലവിവരണം വ്യക്തമാക്കുന്നു. തിരുവിതാംകോടിനെപ്പറ്റിയുള്ള അജ്ഞതയും അവഗണനയും മൂലമാവണം നാളാഗമവിവരണത്തിൽനിന്ന് അത് ഒഴിവാക്കപ്പെട്ടത്. എങ്കിലും തിരുവിതാംകോടിന്റെ ശക്തവും ഒഴിവാക്കാനാവാത്തതുമായ മാർത്തോമ്മാപാരമ്പര്യം മൂലമാകണം അപൂർവം പട്ടികകളിലെങ്കിലും തിരുവിതാംകോട് അരപ്പള്ളിയായി ഇടംപിടിച്ചത്.

മാർത്തോമ്മാശ്ലീഹാ പണി പൂർത്തിയാക്കാത്ത പള്ളിയായി തിരുവിതാംകോട് കൊളോണിയൽ രേഖകളിൽ ഇടംപിടിക്കാൻ ഒരു കാരണമുണ്ട്. നസ്രാണിയുടെ പവിത്രതാ സങ്കല്പത്തിന് അനുരൂപമാംവിധം കിഴക്കെയറ്റത്ത് ചെത്തിയെടുത്ത കരിങ്കല്ലുകൊണ്ട് കെട്ടിയടച്ച ഒരു മുറിയും അതിനു മുമ്പിൽ കരിങ്കൽ തൂണുകൾ താങ്ങുന്ന ഒരു തുറന്ന മണ്ഡപവുമായിരുന്നു ഉദയംപേരൂർ സുന്നഹദോസ് കാലത്തെ തിരുവിതാംകോടു പള്ളി. കെട്ടിയടച്ച മുറി മദ്ബഹായും തുറന്ന മണ്ഡപം ആരാധനാസമൂഹത്തിനുള്ള പ്രാകാരവുമായി വർത്തിച്ചു. പക്ഷേ ഇതിനെ ഒരു പൂർണ്ണ പള്ളിയായി കാണാൻ പോർട്ടുഗീസുകാരുടെ യുറോപ്യൻ പവിത്രതാ സങ്കല്പമനുസരിച്ച് അസാദ്ധ്യമായിരുന്നു. പണി പൂർത്തിയാകാത്ത ഒരു പള്ളിയായാണ് ഈ നിർമ്മിതിയെ അവർ കണക്കാക്കിയത്. അതിനാലാണ് ഉദയംപേരൂർ സുന്നഹദോസിന്റെ കാനോനാകളുടെ പോർട്ടുഗീസ് പതിപ്പിൽ ... the Synod doth command that a vicar be forethwith collatted to that place, who shall set immediately about rebuilding the church. ... (Session VIII, Decree VI )- എന്ന് രേഖപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം നിയമിക്കപ്പെട്ട ജസ്യൂട്ട് വൈദികൻ തുറന്ന മണ്ഡപത്തിന്റെ വീതികൂടിയ ഭാഗം കരിങ്കല്ലുകൊണ്ടുതന്നെ കെട്ടിയടച്ച് വലിപ്പം കുറവാണെങ്കിലും യൂറോപ്യൻ മാനദണ്ഡമനുസരിച്ചുള്ള ഒരു പൂർണ്ണ പള്ളിയാക്കി. ഈ കൂട്ടിച്ചേർപ്പിന്റെ ലക്ഷ്യങ്ങൾ ഇന്നും ദൃശ്യമാണ്. 1618-ൽ തിരുവിതാംകോട് സന്ദർശിച്ച ജോൺ മേരി കാമ്പോരി എന്ന ജസ്യൂട്ട് വൈദീകൻ ... But the Prelates having sent them a few Priests,... a decent church built, ... എന്ന് രേഖപ്പെടുത്തിയതിന്റെ അർത്ഥം ഈ ഏച്ചുകെട്ടാണ്.

ഏറ്റവും ശ്രദ്ധേയമായ വസ്തുത, തിരുവിതാംകോട്ടെ പ്രാദേശികപാരമ്പര്യത്തിൽ അതൊരിക്കലും അരപ്പള്ളി ആയിരുന്നില്ല എന്നതാണ്. കന്യാകുമാരി ജില്ലയിലെ റോമൻ കത്തോലിക്കാ - പ്രൊട്ടസ്റ്റന്റ് ക്രൈസ്തവ ദേവാലയങ്ങൾ ചർച്ച് എന്നും അവിടത്തെ പുരോഹിതർ ഫാദർ അഥവാ പാദ്രി എന്നും വിശേഷിക്കപ്പെടുമ്പോഴും തിരുവിതാംകോട് പള്ളി അവിടെ തോമയാർ കോവിൽ എന്നാണ് അറിപ്പെടുന്നത്. അവിടത്തെ പുരോഹിതൻ ഫാദറല്ല, സ്വാമിയാരാണ്. ആദ്യകാല തരിസാ കത്തനാരുമാർ യാക്കോബ് സ്വാമിയാരും അന്ത്രയോസ് സ്വാമിയാരും ആയിരുന്നു. തിരുവിതാംകോട്ട് റമ്പാച്ചൻ എന്നറിയപ്പെടുന്ന കൂട്ടുങ്കൽ കെ. വി. ഗീവർഗീസ് റമ്പാൻ പെരിയസ്വാമി എന്നാണ് സംബോധന ചെയ്യപ്പെട്ടിരുന്നത്.

പ. ദൈവമാതാവിന്റെ നാമത്തിലുള്ള തിരുവിതാംകോട്ടു പള്ളി തോമയാർ കോവിൽ എന്ന് സംബോധന ചെയ്യപ്പെടുന്നത് അതിന്റെ പിന്നിലെ ശക്തമായ മാർത്തോമ്മാപൈതൃകം മൂലമാണെന്നത് നിസംശയമാണ്. യാർ എന്നത് ദ്രാവിഡ ഭാഷകളിലെ പൂജക ബഹുവചനമാണ്. (ഉദാ. ചാത്തനാർ, പാണനാർ, ഔവ്വയാർ, ചാത്തനാർ, കണ്ണനാർ മുതലായവ.) കോവിൽ എന്നത് ആരാധനാലയവും.

ഈ ലേഖകന്റെ അഭിപ്രായത്തിൽ അരപ്പള്ളി പകുതിപ്പള്ളിയാണോ രാജകീയദേവാലയമാണോ എന്ന ചർച്ചതന്നെ അപ്രസക്തമാണ്. കാരണം പതിനെട്ടാം നൂറ്റാണ്ടിലെന്നോ കെട്ടിച്ചമച്ച ഒരു പ്രയോഗമാണത്. അത് ഇനി ഉപയോഗിക്കുന്നതേ തെറ്റാണ് എന്നാണ് ഈ ലേഖകന്റെ അഭിപ്രായം. പകരം പൂർവ്വികവും അർത്ഥപുഷ്ടിയുള്ളതും മാർത്തോമ്മാ പൈതൃകം ധ്വനിപ്പിക്കുന്നതുമായ തോമയാർ കോവിൽ എന്നത് തിരുവിതാംകോട് പള്ളിയുടെ ഔദ്യോഗികനാമമായി അംഗീകരിക്കാം, പ്രചരിപ്പിക്കാം.

## ദിവ്യബോധനം - സെമിനാർ / പരീക്ഷ

ദിവ്യബോധനം POCE, DOCE പഠിതാക്കളുടെ അഞ്ചാമത്തെ പുസ്തകമായ 'ജനതകളുടെ പ്രകാശം', 'നേർവഴിയിൽ' എന്നീ വിഷയങ്ങളുടെ സെമിനാർ 2014 ഫെബ്രുവരി 8-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ ബഥേൽ അരമനയിൽ വച്ച് നടത്തുന്നതാണ്. ബഹു. മാത്യു വർഗ്ഗീസ് അച്ചനും, ബ. ഷിബു വർഗ്ഗീസ് അച്ചനും സെമിനാറിന് നേതൃത്വം നൽകും. ദിവ്യബോധനം GOCE പഠിതാക്കളുടെ 'ക്രൈസ്തവ ആദ്ധ്യാത്മികത' എന്ന പുസ്തകത്തിന്റെ പരീക്ഷ 10 മുതൽ 12.30 വരെ ബഥേൽ അരമനയിൽ വച്ച് നടത്തപ്പെടുന്നതാണ്. ഈ സെമിനാറിലും പരീക്ഷയിലും വന്നു സംബന്ധിക്കേണ്ടതാണ് എന്ന് വൈസ് പ്രസിഡന്റ് റവ. ഫാ. സഖറിയാ പനയ്ക്കാമറ്റം അറിയിച്ചു.

## അഖില മലങ്കര കലാമത്സരം

ഇടവങ്കാട് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിലെ എം.പി.എം. യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഇടവകയിലെ മൺമറഞ്ഞുപോയ നാക്കോലയ്ക്കൽ ഉരുളിപ്പുറത്ത് കൊച്ചുകോശി കത്തനർ, മണ്ണ്ടാത്ത് ഏബ്രഹാം കത്തനാർ, മണ്ണ്ടാത്ത് ഫിലിപ്പോസ് കത്തനാർ എന്നിവരുടെ സ്മരണാർത്ഥം 9-ാമത് അഖില മലങ്കര കലാമത്സരം 2014 ഫെബ്രുവരി 8-ാം തീയതി ശനിയാഴ്ച രാവിലെ മുതൽ ഇടവങ്കാട് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ വെച്ച് നടത്തപ്പെടുന്നു.

# 1876 – ലെ ഭദ്രാസന വിഭജനവും മേൽപ്പട്ടവാഴ്ചയും

**വർഗീസ് ജോൺ തോട്ടപ്പുഴ**

ഒന്നായിരുന്ന മലങ്കര സഭയെ ഏഴു ഭദ്രാസനങ്ങളായി വിഭജിച്ചിട്ട് 135 വർഷമായി. ക്രിസ്ത്വബ്ദം 1876-77 (കൊല്ലവർഷം 1052)ലാണ് മലങ്കര സുറിയാനി സഭയെ കൊല്ലം, തുമ്പമൺ, നിരണം, കോട്ടയം, കൊച്ചി, കണ്ടനാട്, അങ്കമാലി എന്നീ ഭദ്രാസനങ്ങളായി വിഭജിച്ചത്. അതുവരെ മലങ്കര മെത്രാപ്പോലീത്തായുടെ കീഴിൽ ഒന്നായിരുന്ന സഭയെ അന്ന് ഏഴു ഭദ്രാസനങ്ങളായി വിഭജിക്കുകയാണുണ്ടായത്.

മുളന്തുരുത്തി സുന്നഹദോസിന്റെ (1876 ജൂൺ 27-30) നിശ്ചയപ്രകാരമാണ്' ഭദ്രാസന വിഭജനം നടത്തിയതെന്ന് ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടാറുണ്ടെങ്കിലും അതു ശരിയല്ല. സുന്നഹദോസ് ഇങ്ങനെയൊരു വിഷയം പരിഗണിച്ചിട്ടുള്ളതായി രേഖയില്ല. സുന്നഹദോസിനെ തുടർന്ന് മുളന്തുരുത്തി പള്ളിയിൽ നടന്ന വിശുദ്ധ മൂറോൻ കൂദാശ (1876 ആഗസ്റ്റ് 27/ഓബ് 15 ഞായറാഴ്ച - വാങ്ങിപ്പു പെരുനാൾ) സമയത്താണ് മലങ്കരയിൽ പുതിയ മേൽപ്പട്ടക്കാരെ വാഴിക്കാനും ഭദ്രാസനങ്ങൾ രൂപീകരിക്കാനുമുള്ള ആദ്യ നടപടികൾ മാർ ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ സ്വീകരിച്ചത്. ഈ നടപടികളെ ആ കാലത്തുതന്നെ പലരും എതിർക്കുകയും ചെയ്തിട്ടുണ്ട്. തങ്ങളോട് ആലോചിക്കാതെ, മേൽപ്പട്ടസ്ഥാനത്തേക്ക് പരിഗണിക്കുന്ന നാല് റമ്പാന്മാരോട് ഉടമ്പടി വാങ്ങാൻ പാത്രിയർക്കീസ് ബാവാ ശ്രമിക്കുന്നതറിഞ്ഞ 15 മാനേജിംഗ് കമ്മറ്റിയംഗങ്ങൾ മുളന്തുരുത്തി പള്ളിയിൽ വച്ച് രാജിക്കത്തു നല്കുകവരെ ചെയ്തു. മെത്രാന്മാരെ ബാവാ വാഴിച്ചതു ജനത്തിന്റെയും കമ്മറ്റിക്കാരുടെയും സമ്മതത്തോടു കൂടെയല്ല' എന്നാണ് ഒരു പുരാതന നാൾവഴി പുസ്തകത്തിൽ കാണുന്നത്. ... പിന്നീടുണ്ടായ സ്ഥാനാഭിഷേകം 1051-ൽ പത്രോസ് പാത്രിയാർക്കീസ് ബാവായാൽ നടത്തപ്പെട്ടതായിരുന്നല്ലോ. യോഗാഭിപ്രായത്തെ വിസമ്മതിച്ചു ബാവാ തനിയ്ക്കു ബോധിച്ചവരെ വാഴിച്ചു എന്നല്ലാതെ സമുദായ സമ്മതമൊ അവകാശമൊ ഇവിടെയും നോക്കിയിട്ടില്ല .... എന്ന് ഇ.എം. ഫിലിപ്പ് പറയുന്നു (മലങ്കരസഭയുടെ രഹസ്യപേടകം അഥവാ ഇ.എം. ഫീലിപ്പോസ് ഒരു സ്വഹസ്തചരിതം, 1956, പേജ് 131).

മൂന്നു പ്രാവശ്യമായി ആറ് മേൽപ്പട്ടക്കാരെയാണ് പുതിയതായി വാഴിച്ചത്. ഈ ആറുപേരും സ്ഥാനമേൽക്കുന്നതിനു മുമ്പായി പാത്രിയർക്കീസ് ബാവായ്ക്ക് രജിസ്റ്റർ ഉടമ്പടിയും ശൽമൂസായും നല്കിയിരുന്നു. ഭദ്രാസന രൂപീകരണത്തോട് യോജിപ്പില്ലാതിരുന്നതിനാലും, രജിസ്റ്റർ ഉടമ്പടി കൊടുക്കാൻ സമ്മതമില്ലാത്തതിനാലും, മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് അഞ്ചാമനും, പാത്രിയർക്കീസ് ബാവായുമായി പിണങ്ങി അകന്നു കഴിയുകയായിരുന്നതിനാൽ അദ്ദേഹത്തോടൊപ്പം മലങ്കര വന്ന അബ്ദള്ളാ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായും ഈ മേൽപ്പട്ട വാഴ്ചയിലൊന്നും സംബന്ധിച്ചിരുന്നില്ല.

വടക്കൻ പറവൂർ മാർത്തൊമ്മൻ പള്ളിയിൽവച്ച് 1876 ഡിസംബർ മൂന്നാം തീയതി (സുറിയാനി കണക്കിന് 1876 വൃശ്ചികം 21/ മലയാള കണക്കിന് 1052 വൃശ്ചികം 20) ഞായറാഴ്ച പ. പത്രോസ് മൂന്നാമൻ പാത്രിയർക്കീസ് ബാവാ' തുമ്പമൺ ദൈവമാതാവിന്റെ പള്ളിയും അതിനു ചുറ്റുമുള്ള പള്ളികളും' അടങ്ങുന്ന ഭദ്രാസനത്തിനുവേണ്ടി കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായെയും,' കൊല്ലത്ത് മാർതോമ്മാശ്ലീഹായുടെ പള്ളിയും അതിനു ചുറ്റുമുള്ള പള്ളികളും അടങ്ങുന്ന ഭദ്രാസനത്തിനുവേണ്ടി കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായെയും വാഴിച്ചു. പാത്രിയർക്കീസ് ബാവാ തനിച്ചാണ് ഈ മേൽപ്പട്ടവാഴ്ച നിർവഹിച്ചത്.

അവിടെ വച്ചുതന്നെ പിറ്റേ ഞായറാഴച (1876 ഡിസംബർ 10)' അങ്കമാലി ദൈവമാതാവിന്റെ പള്ളിയും അതിനുചുറ്റുമുള്ള പള്ളികളും അടങ്ങുന്ന ഭദ്രാസനത്തിനുവേണ്ടി അമ്പാട്ട് ഗീവർഗീസ് മാർ കുറിലോസ് മെത്രാപ്പോലീത്തായെയും നിരണത്ത്' ദൈവമാതാവിന്റെ പള്ളിയും അതിനു ചുറ്റുമുള്ള പള്ളികളും അടങ്ങുന്ന' ഭദ്രാസനത്തിനുവേണ്ടി

ചാത്തുരുത്തിൽ ഗീവർഗീസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയെയും (പ. പരുമല കൊച്ചുതിരുമേനി) വാഴിച്ചു. തലേ ഞായറാഴ്ച വാഴിക്കപ്പെട്ട രണ്ട് മേൽപ്പട്ടക്കാർ ഈ മേൽപ്പട്ടവാഴ്ചയിൽ സഹകാർമ്മികരായിരുന്നു.

കോട്ടയം, കൊച്ചി, കണ്ടനാട് ഭദ്രാസനങ്ങൾക്കുള്ള മേൽപ്പട്ടക്കാരെ അന്ന് നിശ്ചയിച്ചിരുന്നില്ല. ഇതിനുശേഷം വെളിയനാട്ടു പള്ളിയിൽ നടന്ന സൂന്നഹദോസിൽ (1877 ജനുവരി 27-30) വച്ച് മലങ്കരയിൽ ഇനിയും കൂടുതൽ മേൽപ്പട്ടക്കാരെ വാഴിക്കരുതെന്ന് പ്രതിനിധികൾ അപേക്ഷിച്ചുവെങ്കിലും പാത്രിയർക്കീസ് ബാവാ അതു കൂട്ടാക്കിയില്ല.

തന്നോടൊപ്പം മലങ്കര വന്ന അബ്ദള്ളാ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായെ (പിന്നീട് പ. അബ്ദള്ളാ പാത്രിയാർക്കീസ്) കോട്ടയം' ഭദ്രാസനത്തിനുവേണ്ടി നിയമിക്കുന്ന കാര്യം പാത്രിയർക്കീസ് ബാവാ പരിഗണിച്ചിരുന്നു. അതനുസരിച്ച് സ്താത്തിക്കോൻ എഴുതി തയ്യാറാക്കുക വരെ ചെയ്തിരുന്നു. എന്നാൽ പാത്രിയർക്കീസും അദ്ദേഹവും തമ്മിൽ ചില അഭിപ്രായവ്യത്യാസങ്ങളുണ്ടായിരുന്നതിനാൽ ഈ നിയമനം നടന്നില്ല. ഇങ്ങനെയിരിക്കുമ്പോൾ 1877 ഫെബ്രുവരി അവസാനം പിറവം പള്ളി സന്ദർശനവേളയിൽ കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായ്ക്ക് കോട്ടയത്ത് ദൈവമാതാവിന്റെ പള്ളിയും അതിനു ചുറ്റുമുള്ള പള്ളികളും അടങ്ങുന്ന' ഭദ്രാസനം പാത്രിയർക്കീസ് ബാവാ ഏല്പ്പിച്ചുകൊടുത്തു.

പുതിയതായി വാഴിക്കപ്പെട്ട നാലു മേൽപ്പട്ടക്കാർക്ക് ഭദ്രാസനങ്ങൾ ഏൽപ്പിച്ചുകൊണ്ട് 1877 മെയ് 5-ന് (നീസാൻ 23) സ്താത്തിക്കോൻ എഴുതി കൊച്ചിയിൽ വച്ചു നല്കി. കടവിൽ തിരുമേനിക്ക് കൊല്ലത്തിനുപകരം കോട്ടയം കൊടുത്തെങ്കിലും മറ്റു മേൽപ്പട്ടക്കാർക്ക് ആദ്യം നിശ്ചയിച്ചിരുന്ന ഭദ്രാസനങ്ങൾ തന്നെയാണ് കൊടുത്തത്.

കുന്നംകുളം ചിറളയം മാർ ലാസറസ് പള്ളിയിൽ വച്ച് 1877 മെയ് 17 ന് (സുറിയാനി കണക്കിന് 1052 ഇടവം 5-ാം തീയതി വ്യാഴാഴ്ച - സ്വർഗാരോഹണ പെരുനാൾ ദിവസം)' കൊച്ചി കോട്ടയിൽ മാർ പത്രോസ് ശ്ലീഹായുടെ പള്ളിയും അതിനു ചുറ്റുമുള്ള പള്ളികളും' അടങ്ങുന്ന ഭദ്രാസനത്തിനുവേണ്ടി കരവട്ടുവീട്ടിൽ ശെമവോൻ മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായും,' കണ്ടനാട് ദൈവമാതാവിന്റെ പള്ളിയും അതിനു ചുറ്റുമുള്ള പള്ളികളും' അടങ്ങുന്ന ഭദ്രാസനത്തിനുവേണ്ടി മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തായും (പിന്നീട് മലങ്കരയിലെ ഒന്നാം കതോലിക്കാ) വാഴിക്കപ്പെട്ടു. നേരത്തെ വാഴിക്കപ്പെട്ട നാലു മേൽപ്പട്ടക്കാർ ഈ മേൽപ്പട്ട വാഴ്ചയിൽ സഹകാർമ്മികരായിരുന്നു. അന്ന് വിശുദ്ധ കുർബ്ബാന ചൊല്ലി തികച്ചത് പൗലോസ് മാർ ഈവാനിയോസ് ആയിരുന്നു. രണ്ടുദിവസം കഴിഞ്ഞ് (മെയ് 19) ഇരുവർക്കും ചാലിശ്ശേരി പടിഞ്ഞാറെ പള്ളിയിൽ വച്ച് ഭദ്രാസനങ്ങൾ ഏൽപ്പിച്ചുകൊണ്ടുള്ള സ്താത്തിക്കോൻ കൊടുത്തു. സ്താത്തിക്കോൻ എഴുതി തയ്യാറാക്കിയത് പൗലോസ് മാർ ഈവാനിയോസായിരുന്നു.

ഭദ്രാസന രൂപീകരണത്തിന്റെ പശ്ചാത്തലം സ്താത്തിക്കോനിൽ പാത്രിയർക്കീസ് ബാവ വിവരിക്കുന്നുണ്ട്.' ....മലയാളക്കരയിലെ നാലു ലക്ഷം ജനങ്ങൾക്ക് ഒന്നോ രണ്ടോ മെത്രാന്മാർ മാത്രമായിരുന്നാൽ അവർ ആത്മീയ അന്ധന്മാരും അഹങ്കാരികളും ദുരഭിമാനികളും ഗർവ്വുള്ളവരും ആയിത്തീരുന്നതിന് ഇടയാകും....ആകയാൽ നമ്മുടെ ജനങ്ങളുടെ പള്ളികളെ ഏഴ് ഇടവകകളായി നാം തിരിച്ചു. നമ്മുടെ കർത്താവ് പന്ത്രണ്ട് ശ്ലീഹാമാരെ നാലു' ഭാഗങ്ങളിലേക്കും അയച്ചതുപോലെ ഇവയെ പന്ത്രണ്ടായി വിഭജിക്കേണ്ടതായിരുന്നു....എന്നാൽ നാം ഈ വിഭാഗത്തെ ദൈവം മുഖേന വിഭാഗിച്ചു. പുനരുത്ഥാന നാളുവരെയും നിലനില്ക്കത്തക്കതായി റൂളുകളും ചട്ടങ്ങളും നാം നിയമിക്കുകയും ചെയ്തിരിക്കുന്നു. മിശിഹായുടെ സഭയിൽ ഈ വിഭാഗത്തെ വ്യത്യാസപ്പെടുത്തുവാൻ ഒരുത്തനും ദൈവത്തിൽനിന്ന് അധികാരമില്ല. ഒരു മെത്രാൻ തന്റെ ഇടവക വിട്ട് മറ്റൊരു ഇടവകയിൽ കടന്ന് മിശിഹായുടെ സഭയിൽ ഭിന്നത ഉണ്ടാക്കുന്നതിനും പിതാക്കന്മാരുടെ കാനോനകളെ ലംഘിക്കുന്നതിനും അധികാരമില്ല...'


പാത്രിയർക്കീസ് ബാവ കുന്നംകുളം പള്ളിയിൽനിന്ന് 1877 മെയ് 15-ന്' ' ...തിരുവിതാംകൂർ ദിവാൻ ആ സംസ്ഥാനത്തു മൂന്നു ലക്ഷം സുറിയാനി ക്രിസ്ത്യാനികൾ ഉണ്ടെന്നു നമ്മെ അറിയിയ്ക്കയും ചെയ്തിരിക്കുന്നു. ഈ സ്ഥിതിക്ക് ഒന്നോ രണ്ടോ മെത്രാന്മാർ ഈ ജനങ്ങളെ ഭരിക്കുന്നത് പ്രയാസമെന്നു കണ്ടിട്ട് നാം നമ്മുടെ സഭയിലുള്ള പട്ടക്കാരെ പരിശോധിച്ചു. അവരിൽ ഏഴു പേരെ തെരഞ്ഞെടുത്ത് മലയാളത്തിലുള്ള സുറിയാനി പള്ളികളുടെ മെത്രാന്മാരായി വാഴിക്കുകയും അവരിൽ ഓരോരുത്തനു ഓരോ അതിർത്തി നിശ്ചയിച്ച് ഏഴുപേർക്കും ഏഴ് ഇടവകയും ഏൽപ്പിച്ചു കൊടുക്കുകയും ചെയ്തിരിക്കുന്നു...ഈ മെത്രാന്മാരിൽ ഒരുത്തനും തന്റെ സമാധികാരിയായ മറ്റൊരു മെത്രാന്റെ ഇടവകയിൽ പ്രവേശിച്ച് അധികാരം നടത്തുന്നതിന് അവകാശമില്ല... എന്ന് കൊച്ചി ദിവാനെ രേഖാമൂലം അറിയിച്ചു.

*തുടരും*

# മാറിപ്പോകുന്ന ധർമ്മശാസ്ത്രം

**ഫാ. സഖറിയാ പനയ്ക്കാംമറ്റം**

ലോകം, താത സഹോദരർ ജാതിയതും-തറവാടും
ആകെ ഉപേക്ഷിച്ചേശുവിനായ്മരണം-സ്നേഹിച്ച
സഹദേന്മാരെ സദാ - കാലം
സ്മരണം ചെയ്വതു-നന്നേറ്റം



കേവലം ഒരു ശുശ്രൂഷക്കാരൻ അഥവാ ശെമ്മാശൻ മാത്രമായിരുന്ന സ്തേഫാനോസ് തന്റെ സാക്ഷ്യമരണത്തിലൂടെ ആദിമ സഭയുടെ വിളക്കുമരമായിത്തീർന്ന് എന്നന്നേക്കും ഒരു പ്രകാശമായി പരിണമിച്ചു. തന്നെ കല്ലെറിഞ്ഞവരോട് പ്രതികാരമനോഭാവം കാണിയ്ക്കാതെ എല്ലാം ക്ഷമയോടെ സഹിച്ച് ക്രിസ്തുവിന്റെ ഒരു പ്രതീകം ആയിത്തീർന്നു. തന്റെ പരീക്ഷയുടെ സമയത്തെ ദൈവമഹത്വത്തിന്റെ നിമിഷങ്ങളാക്കിത്തീർന്നു. പ്രതിസന്ധിയിൽ ദൈവമഹത്വം അനുഭവത്തിൽ അറിഞ്ഞ സ്തേഫാനോസ് സഹദായുടെ പ്രാർത്ഥന ആദിമസഭയുടെ അംഗീകരിക്കപ്പെട്ട പ്രാർത്ഥനയായിത്തീർന്നു.

ഒരു പുതിയ യുഗത്തിന്റെ പിറവി കുറിക്കുന്ന രീതിയിൽ ചരിത്ര പ്രാധാന്യമുള്ള ഒരു പ്രസംഗമാണ് സഭയുടെ ആദ്യത്തെ രക്തസാക്ഷിയായിത്തീർന്ന സ്തേഫാനോസ് നടത്തുന്നത് (അപ്പോ.7:1-56). അവയിൽ നാലു ഭാഗങ്ങളാണ് വിഷയമായി അവതരിപ്പിക്കുന്നത്. ആദ്യത്തേത് മൂന്നും തനിയ്ക്ക് എതിരായ ആരോപണങ്ങൾക്കുള്ള ഉത്തരവും നാലാമത്തേത് യഹൂദന്മാരുടെ നിലപാടുകളെ ഖണ്ഡിച്ചു കൊണ്ടുള്ളതും ആണ്. ദൈവത്തിനും മോശക്കും വിരോധമായി ദൂഷണം പറഞ്ഞു എന്നുള്ളതായിരുന്നു തന്നെക്കുറിച്ചുള്ള പരാതി. ദേവാലയം ശാശ്വതം അല്ലെന്നും യഹൂദാ ധർമ്മശാസ്ത്രത്തിലെ അനുശാസനങ്ങൾ ആനുകാലികം മാത്രമാകയാൽ അവ മാറിപ്പോകുമെന്നും സ്തേഫാനോസ് പറഞ്ഞപ്പോൾ ദേവാലയംകൊണ്ട് ഉപജീവനം കഴിഞ്ഞവർക്കും മതാനുഷ്ഠാനങ്ങൾ മാത്രം ജീവിതത്തിന് ആധാരമാക്കി കരുതിവന്നവർക്കും എല്ലാം ദുർവഹമായി തോന്നി. കുറേനക്കാർ, അലക്സാന്ത്രിയക്കാർ, കിലിക്യാക്കാർ, ആസിയാക്കാർ, വിമോചിതർ എന്ന അഞ്ചുകൂട്ടം ജനങ്ങളായിരുന്നു സ്തേഫാനോസ് സഹദായുമായി ഏറ്റുമുട്ടിയത് മുഖപക്ഷമില്ലാതെ തെറ്റുകുറ്റങ്ങൾ ചൂണ്ടിക്കാട്ടിയപ്പോൾ ഉള്ളിലുള്ള സഭാംഗങ്ങൾ തന്നെയാണ് വിദ്വേഷ മനോഭാവം ഉള്ളവരായി വിവിധ സ്ഥലത്തുനിന്നും മുന്നോട്ടു കടന്നുവന്നത്. സഭയുടെ അംഗങ്ങളാൽ തന്നെ കുറ്റം ചുമത്തപ്പെട്ട് വധശിക്ഷ ഏല്ക്കേണ്ടി

വന്നതിനാൽ സഭയുടെ ആദ്യത്തെ രക്തസാക്ഷിയായി സ്തേഫാനോസ് നാമകരണം ചെയ്യപ്പെടുകയാണുണ്ടായത്.

ദൈവീക മാർഗ്ഗത്തിൽ നിന്നും വ്യതിയാനം വരുത്തിയുള്ള സാധാരണ ജീവിതവും, അല്പം ബുദ്ധിമുട്ടും പ്രയാസവും നേരിടുമ്പോൾ പിറുപിറുപ്പിനോടൊപ്പം ദൈവനാമം തിരസ്കരിക്കുന്ന മനോഭാവവും, സത്യം മനസ്സിലാക്കിയാൽ പോലും'ദുശാഠ്യക്കാർ'ആയി സത്യം നിരാകരിച്ച് കോലാഹലങ്ങൾ സൃഷ്ടിക്കുന്ന നിലപാടുകളും ഈ കാലഘട്ടത്തിലും ആവർത്തിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങൾ തന്നെയാണ്.

സംഭാവനകൾ നൽകിയതിന് വേണ്ടതായ പ്രചരണവും അറിയിപ്പും ഉന്നത തലങ്ങളിൽ ലഭ്യമായില്ലെങ്കിൽ അതായിരിക്കും ചില ഇടവകകളിലെ പ്രശ്നങ്ങളുടെ ആരംഭം. ഒരു ചെറിയ കുരിശ്ശടി ഉണ്ടാക്കിയാൽ പോലും മൂന്നു വർഷത്തേക്ക് സ്ഥലം മാറി വരുന്ന ബഹുമാനപ്പെട്ട വികാരിയുടെ പേരും, കൺവീനർ, ട്രസ്റ്റി, സെക്രട്ടറി തുടങ്ങി പേരുകളുടെ നിരകൾ ഗ്രാനൈറ്റിൽ തന്നെ കൊത്തിവയ്ക്കണമെന്ന് ശഠിക്കുവാൻ ഓരോരുത്തർക്കും അനുയായികൾ കണ്ടെന്നുവരും. പൗരാണികമായ ഒരിടവകയിൽ ലക്ഷങ്ങൾ മുടക്കി പാരിഷ് ഹാൾ പണിതപ്പോൾ പ്രധാന കവാടത്തിൽ തന്നാണ്ടത്തെ വികാരി ഉൾപ്പെടെ ഭരണസമിതി അംഗങ്ങളുടെ ഭപതിനെട്ടു പേരുകൾ കൊത്തിവച്ചപ്പോൾ ഓഡിറ്റേഴ്സ് ആയ രണ്ട് ആളുകളുടെ പേരുകൾ വിട്ടുപോയത് വലിയ സംഘർഷത്തിന് ഇടയാക്കുകയും ആദ്യത്തെ സ്ലാബ് മാറ്റി പള്ളിച്ചെലവിൽ തന്നെ പുതിയ സ്ലാബ് സ്ഥാപിക്കേണ്ടതായി വരികയും ചെയ്തു. ഈ കാലഘട്ടത്തിന്റെ ഇപ്രകാരമുള്ള സാക്ഷ്യങ്ങൾ വളരെയേറെ വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

പേരിനും പെരുമയ്ക്കും പുതിയ വീട്ടുപേരിന്റെ പ്രചാരണത്തിനും വേണ്ടിയായിരിക്കും പലരും സഭയുടെ പ്രവർത്തന മണ്ഡലങ്ങളിൽ ബുദ്ധിമുട്ടുന്നത്. ജീവിതകാലഘട്ടത്തിൽ ആരും അറിയപ്പെടാതെ പോയവരും മൺമറഞ്ഞു പോയവരുടേതുമായ പേരുകൾക്ക് പ്രസിദ്ധി കൊടുക്കുന്നതിലാണ് മറ്റു ചിലരുടെ താല്പര്യം. നിരണം, കടമ്പനാട്, കല്ലൂപ്പാറ, പഴയ സെമ്മിനാരി, പാലിയേക്കര എന്നീ സ്ഥലങ്ങളിലെ പൗരാണിക ദേവാലയങ്ങൾക്ക് കല്ലിട്ടത് ആരാണെന്നോ ആരു കൺവീനറായി പണി നടത്തിയെന്നോ ഒന്നും ഒരിടത്തും ഒരു ഗ്രാനൈറ്റും പിടിപ്പിച്ചിട്ടില്ല. പരുമല, പുതിയകാവ്, കായംകുളം ആദിയായ സ്ഥലങ്ങളിൽ ദശാബ്ദങ്ങളായി നിന്നിരുന്നതും പൊളിച്ചു കളഞ്ഞതുമായ പള്ളികളിൽ ഒന്നും ആരുടെയും പേരുകൾ ഉണ്ടായിരുന്നതായി തോന്നുന്നില്ല. പുരാതന ദേവാലയങ്ങളോടു ചേർന്നുള്ള സെമിത്തേരികൾ പരിശോധിച്ചാൽ കല്ലറകളിൽ പേരുകൾ പോലും എഴുതാത്തതാണ് എൺപതു ശതമാനവും.

പാശ്ചാത്യ രാജ്യങ്ങളിൽ നിന്നും, അറേബ്യൻ നാടുകളിൽ നിന്നും വർഷങ്ങൾക്കുശേഷം മക്കളും കൊച്ചുമക്കളുമായി ദേവാലയത്തിലെ സെമിത്തേരികളിൽ പ്രാർത്ഥിക്കുവാൻ വരുമ്പോൾ, സ്വന്തം പിതാവിനെ അടക്കം ചെയ്തത് ഏതു കല്ലറയിലാണെന്ന് പള്ളിയിലെ പ്രായംചെന്ന പള്ളി മൂപ്പനോടും, വാർദ്ധക്യത്തിലായിരിക്കുന്ന ശുശ്രൂഷക്കാരനോടും ചോദിക്കുന്നത് പലപ്പോഴും കേട്ടിട്ടുണ്ട്.

ഭാരതസംസ്കാരം, കൂപ്പുകൈകളോടെ മറ്റുള്ളവരെ അംഗീകരിക്കുകയും ചെയ്തിട്ടുള്ള ചരിത്രത്തിനു മാത്രമേ സാക്ഷ്യം നൽകുന്നുള്ളു. വിവിധ സംസ്കാരങ്ങളും വിവിധ മതവിശ്വാസങ്ങളും നിലനിന്ന സ്ഥലത്തേക്ക് ക്രിസ്തീയ സഭ വന്നു ചേരുകയും, മറ്റുള്ളവരുടെ സഹകരണത്തോടെ വളരുകയും ചെയ്ത ചരിത്രമാണ് രണ്ടായിരത്തോളം വർഷങ്ങളായി സഭയ്ക്കും പറയുവാനുള്ളത്.

ഏതെങ്കിലും ഒരു വ്യക്തി ഒരു ചെറിയ തെറ്റു ചെയ്താൽ അതിനെതിരെ ശക്തിയോടെ ജ്വലിച്ചു വരുന്ന പ്രവണത വളരെയേറിക്കൊണ്ടിരിക്കുന്നു. സഭയുടെ ആന്തരിക ജീവനും വിശുദ്ധിയുമാണ് അതുകൊണ്ടു നഷ്ടമാകുന്നത്. തെറ്റു ചെയ്തവരേക്കാൾ ജ്വലിക്കുന്നവരുടെ ജ്വലനശക്തിയാണ് കൂടുതൽ അപകടകരമായിട്ടുള്ളത്. ഏതെങ്കിലും ഒരു വ്യക്തിയോട് വിദ്വേഷം ഉണ്ടെങ്കിൽ ആ വ്യക്തിക്കെതിരായി എന്തെങ്കിലും കച്ചിത്തുരുമ്പു കണ്ട് അനുയായികളെ സ്വാധീനിക്കുന്ന നിലപാടുകളിൽ നിന്നും ആത്മീയ പ്രസ്ഥാനങ്ങൾ എങ്കിലും ഉണർന്ന് ചിന്തിക്കേണ്ടതായ കാലം അതിക്രമിച്ചിരിക്കുകയാണ്.

സഭയുടെ ആന്തരിക ജീവൻ നിലനിർത്തിയാതൊരു പ്രതിഫലവും പറ്റാതെ സഭയേ ശുശ്രൂഷിക്കുകയും വളർത്തുകയും ചെയ്ത മഹാരഥന്മാരും, ശ്രേഷ്ഠന്മാരായ വൈദികരും, ആടുകൾക്കുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച ഇടയന്മാരും കാലയവനികയിൽ മറഞ്ഞു എങ്കിലും അവർ ഇന്നും സജീവരായി സഭയ്ക്കുവേണ്ടി ദൈവസന്നിധിയിൽ അനവരതം പ്രാർത്ഥിക്കുന്നു എന്ന് നമുക്ക് ആശ്വസിക്കാം.

# വി. മാർത്തോമ്മാ ശ്ലീഹായുടെ ഓർമ്മ

യോഹ. 11:5 – 16, 14:1 – 6, 20:19 – 31

തുടർച്ച...

ഫാ. പി.വി. ജോൺ

ഇത് കർത്താവ് സ്വയം വെളിപ്പെടുത്തുന്ന പദ്ധതിയുടെ ഒരു ഭാഗമാണെങ്കിലും തോമ്മാ ശ്ലീഹായുടെ വ്യക്തി ജീവിതത്തിൽ ഇതിന് മറ്റൊരു സ്ഥാനമുണ്ട്. തോമ്മാ ശ്ലീഹായുടെ സംശയത്തെക്കുറിച്ച് പുതുഞായറാഴ്ചയിലെ പ്രഭാത നമസ്കാര സെദറായിൽ പരിശുദ്ധ പിതാക്കന്മാർ പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. 'മറ്റുള്ളവരുടെ അടിസ്ഥാനത്തിൽ പണിയാതിരിപ്പാൻ അവർ സാക്ഷിച്ചത് വിശ്വസിച്ചതുമില്ല. ഇത് വി. തോമ്മാശ്ലീഹായുടെ സ്വഭാവത്തിലെ മറ്റൊരു സവിശേഷതയിലേക്ക് വിരൽ ചൂണ്ടുന്നു. എന്തും വിശ്വസിക്കണമെങ്കിൽ അദ്ദേഹത്തിന് തെളിവു വേണം. തെളിവു ലഭിച്ചാൽ പൂർണ്ണമായി വിശ്വസിക്കും. താൻ വിശ്വസിക്കുന്ന കാര്യത്തിനുവേണ്ടി ജീവൻ വെടിയാനും മടിയില്ല.




സഹശിഷ്യന്മാർ കണ്ടറിഞ്ഞ സത്യം പ്രഘോഷിക്കുമ്പോൾ താൻ മാത്രം കേട്ടറിഞ്ഞ കാര്യം പറയുന്നത് തോമസിന് അസഹനീയമായിരുന്നു. സത്യം സംശയരഹിതമായി അറിയണമെന്നുള്ള തീവ്രമായ ആഗ്രഹം വി. തോമ്മാശ്ലീഹായുടെ മാത്രം സവിശേഷതയാണ്.

വി. തോമ്മാശ്ലീഹായുടെ ജിജ്ഞാസ (സംശയമെന്നോ, അവിശ്വാസമെന്നോ പറയുന്നതു ശരിയല്ല) സഹശിഷ്യന്മാരേക്കാൾ ശ്രേഷ്ഠമായ ഒരു സ്ഥാനത്തേക്ക് അദ്ദേഹത്തെ കൈപിടിച്ചുയർത്തി. മറ്റാർക്കും ലഭിക്കാത്ത ഭാഗ്യം വി. തോമ്മാശ്ലീഹായ്ക്കു ലഭിച്ചു. ഉയർത്തെഴുന്നേറ്റവനായ ക്രിസ്തുവിനെ കൊടുക്കുവാനുള്ള ഭാഗ്യം കർത്താവ് വി. തോമ്മാശ്ലീഹായ്ക്കുമാത്രം നൽകിയിരിക്കുന്നു. വി. യോഹ. 20:17 ൽ കർത്താവ് മറിയയോടു പറഞ്ഞകാര്യം ശ്രദ്ധിക്കുമ്പോഴാണ് വി. തോമ്മാശ്ലീഹായുടെ മഹത്വം വർദ്ധിക്കുന്നത്. 'യേശു അവളോട് എന്നെ തൊടരുത് ; ഞാൻ ഇതുവരെ പിതാവിന്റെ അടുക്കൽ കയറി പോയിട്ടില്ല.' പിതാവിന്റെ അടുക്കൽ കയറിപ്പോയിട്ടില്ലാത്ത കർത്താവിന്റെ ശരീരം ആരും തൊടാൻ പാടില്ലാത്തതാണ് എന്ന് ഈ വാക്യം വ്യക്തമാക്കുന്നു. എന്നാൽ ഇവിടെ കർത്താവ് വി. തോമ്മാശ്ലീഹായോടു വന്നു തൊടുവാൻ ആവശ്യപ്പെട്ടിരിക്കുന്നു. വി. തോമ്മാശ്ലീഹാ കർത്താവിന്റെ ആണിപ്പാടുകളിൽ സ്പർശിക്കുകയും വിലാപ്പുറത്ത് കൈ ഇടുകയും ചെയ്തു. അതുവരെ ഒട്ടിപ്പിടിച്ചു ചേർന്നിരുന്ന തോമസിന്റെ കൈവിരലുകൾ വേർപെട്ടു. അതുകണ്ട ശിഷ്യന്മാർ ഓടിച്ചെന്ന് വി. തോമ്മാശ്ലീഹായുടെ കൈമുത്തി. കർത്താവിന്റെ തിരുശരീരരക്തങ്ങൾ എടുത്ത് ആഘോഷിക്കുന്നു. മേൽപ്പട്ടക്കാരന്റെയും പട്ടക്കാരന്റെയും കൈമുത്തുന്ന പാരമ്പര്യം അങ്ങനെയാണ് ആരംഭിച്ചതെന്ന് വിശ്വസിക്കുന്നു.

Art of St. Thomas എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുള്ള വി. തോമ്മാശ്ലീഹായുടെ പ്രേഷിത

വൃത്തിയെക്കുറിച്ചുള്ള കഥകൾ ശ്രദ്ധിക്കുമ്പോൾ മറ്റൊരു കാര്യം നമുക്ക് ഗ്രഹിക്കാൻ കഴിയുന്നു. കർത്താവ് ഏറ്റം സ്നേഹിച്ച ശിഷ്യർ യോഹന്നാനും ശിഷ്യന്മാരിൽ മൂപ്പൻ പത്രോസും ആയിരുന്നെങ്കിലും; കർത്താവിന് ഏറ്റവും അധികം വിശ്വാസമുള്ള ശിഷ്യൻ ദിദിമോസ് തോമസായിരുന്നു എന്ന് ഗോണ്ടഫോറസിന്റെ കഥ വ്യക്തമാക്കുന്നു. ഭാരത്തിലെ പ്രേഷിത വേലയ്ക്ക് വി. തോമ്മാശ്ലീഹായെ തന്നെ കർത്താവ് പറഞ്ഞുവിട്ടതിനു കാരണം അതുമാത്രമാണ്. അവനോടുകൂടെ മരിക്കേണ്ടതിന് നമുക്കും പോകാം എന്ന ദിദമോസിന്റെ വാക്കുകളിൽ പ്രകടമായിരുന്ന ആത്മാർത്ഥതയും ആത്മബലവും ധൈര്യവും പ്രശ്നങ്ങളിൽ തളരാതെയും പ്രതിസന്ധികളിൽ പിന്മാറാതെയും മരണത്തോളം തനിക്കു വേണ്ടിയും സുവിശേഷത്തിനുവേണ്ടിയും പോരാടുമെന്ന് കർത്താവ് മനസ്സിലാക്കിയിരുന്നു. തന്റെ ഗുരുനാഥൻ തന്നെ ഏല്പിച്ച ദൗത്യം പൂർത്തീകരിച്ച്, ഒരു ശൂലാഗ്രത്തിൽ സ്വന്തം ജീവിതവും ജീവനും കാഴ്ചയായി സമർപ്പിച്ച്; തനിക്കായി വേർതിരിച്ച സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന വി. തോമ്മാശ്ലീഹായെക്കാൾ ശ്രേഷ്ഠനായി ഒരു ശ്ലീഹായില്ലെന്ന് തെളിയിച്ചിരിക്കുന്നു. ഓർത്തഡോക്സ് സഭയ്ക്ക്, അല്ല ഭാരതത്തിന് അതിനു മുകളിൽ ഒരു അപ്പോസ്തോലനുമില്ല.

വി. ദൈവമാതാവിന്റെ നിര്യാണത്തോടു ബന്ധപ്പെടുത്തി പാരമ്പര്യമായി വിശ്വസിക്കുന്ന ഒരു സംഭവം വിശുദ്ധ തോമ്മാശ്ലീഹായുടെ മഹത്വം വിളിച്ചോതുന്നതാണ്. വി. ദൈവമാതാവിന്റെ നിര്യാണ വാർത്ത ആത്മാവിൽ തിരിച്ചറിഞ്ഞ വി. തോമ്മാശ്ലീഹാ ഭാരതത്തിൽ നിന്ന് വായുമാർഗ്ഗം യെരുശലേമിലേക്ക് പുറപ്പെട്ടു. എന്നാൽ അദ്ദേഹം എത്തിയപ്പോഴേക്കും വി. ദൈവമാതാവിന്റെ ശരീരം കല്ലറയിൽ അടക്കം ചെയ്തു കഴിഞ്ഞിരുന്നു. പക്ഷെ, ദൈവദൂതന്മാർ വി. മാതാവിന്റെ ശരീരം ദ്രവത്വം പ്രാപിക്കാതിരിപ്പാൻ ഉടൻ തന്നെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോയി. യാത്രാമദ്ധ്യേ ആകാശ മാർഗ്ഗത്തിൽ വി. തോമ്മാശ്ലീഹാ ആ കാഴ്ച കണ്ടു. ആദ്യദർശനത്തിനായി വി. തോമ്മാശ്ലീഹാ വി. മാതാവിനോട് അപേക്ഷിച്ചു. വി. ദൈവമാതാവ് തന്റെ ഇടക്കെട്ട് വി. തോമസിന് ഇട്ടുകൊടുത്തു. സമാശ്വാസത്തോടെ വി. മാർത്തോമ്മാ ശ്ലീഹായെ യെറുശലേമിൽ എത്തി സഹശിഷ്യന്മാരെ ഈ സദ്വാർത്ത അറിയിച്ചു. മാതാവിന്റെ ഇടക്കെട്ടു കാണിച്ചിട്ടും അവർ വിശ്വസിച്ചില്ല. അവർ എല്ലാവരും ചേർന്ന് കല്ലറ തുറന്നപ്പോൾ വി. മാതാവിന്റെ ശരീരം അവിടെ ഇല്ലായിരുന്നു. ശിഷ്യന്മാർ ഒന്നടങ്കം വി. തോമ്മാശ്ലീഹായുടെ വാക്കുകൾ വിശ്വസിച്ചു. കർത്താവ് ക്രൂശിൽ കിടന്നപ്പോൾ മാതാവിനെ ഭരമേല്പിച്ച വി. യോഹന്നാനുപോലും ലഭിക്കാത്ത ഭാഗ്യമാണ് വി. മാർത്തോമ്മാ ശ്ലീഹായ്ക്കു ലഭിച്ചത്. വി. ദൈവമാതാവിന്റെ സ്വർഗ്ഗാരോഹണത്തിന് ദൃക്സാക്ഷിയാവാൻ ഭാഗ്യം ലഭിച്ച വി. തോമ്മാശ്ലീഹായെക്കാൾ ശ്രേഷ്ഠനായ ഒരു ശ്ലീഹായില്ലെന്ന് ഈ സംഭവം സാക്ഷിക്കുന്നു.

ഈ വിധത്തിൽ ധന്യനും ശ്രേഷ്ഠനും പരിശുദ്ധനും മലങ്കരയുടെ കാവൽ പിതാവുമായ വി. മാർത്തോമ്മാ ശ്ലീഹായ്ക്ക് നാം എന്തു സ്ഥാനമാണ് നൽകിയിരിക്കുന്നത്. കോടിക്കണക്കിന് രൂപാ വാരിക്കോരി ചെലവഴിച്ച് നാം കാതോലിക്കേറ്റ് ശതാബ്ദി ആഘോഷിച്ചു. സ്വയശീർഷകത്വമുള്ള ഒരു ഭാരതീയ സഭയായി നാം പരിണമിച്ചതിന്റെ ഓർമ്മ ഓരോ ഓർത്തോഡോക്സുകാരനും പുളകോദ്ഗമകാരിയും ആത്മാഭിമാനം വളർത്തുന്നതുമാണ്. അതിൽ നമുക്ക് അഭിമാനിക്കാം, അഭിമാനിക്കണം. എന്നാൽ ഈ ആഘോഷപരിപാടികൾ ആകമാനം ശ്രദ്ധിക്കുമ്പോൾ രണ്ടു കാര്യങ്ങൾ വേദനാജനകമായി അവശേഷിക്കുന്നു. ഇവിടെയെങ്ങളം വി. തോമ്മാശ്ലീഹായ്ക്ക് ഒരു സ്ഥാനവും കല്പിച്ചുകൊടുക്കുന്നില്ലായെന്നതാണ് പ്രഥമമായ കാര്യം. തോമ്മാശ്ലീഹായുടെ സിംഹാസനം നീണാൾ വാഴട്ടെ എന്ന് മുദ്രാവാക്യമായി നാം ആവേശത്തോടെ വിളിച്ചു പറയുമ്പോൾ വി. തോമ്മാശ്ലീഹായെക്കാൾ പ്രാധാന്യം സിംഹാസനത്തിന് നാം കല്പിച്ചു കൊടുക്കുന്നില്ലേ എന്നു സംശയിക്കണം. വി. തോമ്മാശ്ലീഹായുടെ മുകളിൽ സ്ഥാപിച്ചിരിക്കുന്ന സിംഹാസനം അദ്ദേഹത്തെ ഞെരുക്കിക്കളയുന്നില്ലേ! ഈ ആഘോഷപരിപാടികൾ കൊണ്ട്; നമുക്ക് നൂറുവർഷത്തെ പാരമ്പര്യമേ അവകാശിക്കാനുള്ളു എന്ന ഒരു തെറ്റിദ്ധാരണ അന്യരിൽ ഉളവാക്കിയെന്നതാണ് മറ്റൊരു ദുഃഖസത്യം.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ വി. മാർത്തോമ്മാ ശ്ലീഹായുടെ മദ്ധ്യസ്ഥതയ്ക്ക് എന്തു പ്രാധാന്യം കല്പിച്ചിട്ടുണ്ട്? പരിശുദ്ധനായ പരുമല തിരുമേനിയുടെയും പരിശുദ്ധനായ വട്ടശ്ശേരിൽ തിരുമേനിയുടെയും ഓർമ്മയ്ക്കും മദ്ധ്യസ്ഥതയ്ക്കും നൽകിയിരിക്കുന്ന പ്രാധാന്യത്തിന്റെ ഒരംശം വി.തോമ്മാശ്ലീഹായുടെ മദ്ധ്യസ്ഥതയ്ക്ക് നാം നൽകിയിട്ടുണ്ടോ? ഈ പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥതയെ പൂർണ്ണമായി അംഗീകരിച്ചുകൊണ്ടും അവരുടെ മദ്ധ്യസ്ഥതയിൽ അഭയംപ്രാപിച്ചുകൊണ്ടും

തന്നെ പറയട്ടെ; അവിവേകമെങ്കിൽ അവർ ക്ഷമിക്കട്ടെ; ഇവരെല്ലാം പരിശുദ്ധന്മാരായി തീരുവാൻ കാരണഭൂതനായ വി. തോമ്മാശ്ലീഹായ്ക്ക് ഇവരേക്കാൾ മുകളിലാണ് സ്ഥാനം. എന്തിന്? ഗീവർഗ്ഗീസ് സഹദായ്ക്ക് നൽകുന്ന സ്ഥാനംപോലും ഭാരതത്തിന്റെ അപ്പോസ്തോലനു നാം നൽകുന്നില്ലായെന്നതാണ് സത്യം. വി. മാർത്തോമ്മാ ശ്ലീഹായ്ക്കും അദ്ദേഹത്തിന്റെ മദ്ധ്യസ്ഥതയ്ക്കും അർഹിക്കുന്ന സ്ഥാനം നമ്മുടെ സഭ നൽകുന്നില്ലായെന്നതു തന്നെയാണ് ഈ സഭയുടെ പ്രതിസന്ധികൾക്ക് ശാശ്വതമായ ഒരു പരിഹാരം കണ്ടെത്താൻ കഴിയാതെ പോകുന്നതിന് കാരണം എന്നതിന് സംശയമില്ല.

നമ്മുടെ ആരാധനാക്രമത്തിൽ പോലും നമ്മുടെ അപ്പോസ്തോലന് എന്തു സ്ഥാനമാണ് നാം നൽകിയിരിക്കുന്നത്. വി. കുർബ്ബാനയിലെ നാലാം തുബ്ദേനിലും പുതു ഞായറാഴ്ചയിലെയും വി. തോമ്മാശ്ലീഹായുടെയും ഓർമ്മ പെരുന്നാളിലെയും പ്രൊമിയോൻ സെദറാകളിലും മാത്രമായി അത് ഒതുങ്ങിപ്പോകുന്നില്ലേ എന്നു സംശയിക്കണം. സ്ലീബാ നമസ്കാരത്തിലെ സന്ധ്യാനമസ്കാരത്തിൽ (മാർത്തോമ്മാ) പണ്ഡിതവൈര്യാ എന്നു തുടങ്ങുന്ന ഗീതത്തിലും പരിശുദ്ധന്മാരുടെ കുക്കിലിയോനിൽ ഒരുപോലിങ്ങും (മാർത്തോമ്മാ) എന്ന കോലോയിലും, പ്രാർത്ഥനയിൽ സമയമിതല്ലോ (മാർത്തോമ്മാ) എന്നും നിന്നെ വരിച്ചൊരു താതന്നും (മാർത്തോമ്മാ) എന്നുമുള്ള കോലാകളിലും (മാർത്തോമ്മാ) സൽഗുണനിധിയേ' എന്ന് ബോവൂസായിലും നാം വി. മാർത്തോമ്മാ ശ്ലീഹായെ ബ്രാക്കറ്റിൽ ആക്കിക്കളഞ്ഞിരിക്കുന്നു. 1960 വർഷങ്ങൾ പിന്നിട്ടിട്ടും കാതോലിക്കേറ്റിന്റെ പുനഃശതാബ്ദി ആഘോഷിച്ചിട്ടും ഇന്നും വി. മാർത്തോമ്മാ ശ്ലീഹാ ബ്രാക്കറ്റിൽ തന്നെ. എന്നാണാവോ അദ്ദേഹത്തിന് ഈ ബ്രാക്കറ്റിൽ നിന്നും മോചനം ലഭിക്കുക! ഡിസംബർ 21 സഭയുടെ ഒരു വലിയ പെരുന്നാളായി എല്ലാ പള്ളികളിലും ആചരിക്കുവാൻ, പരിശുദ്ധ സുന്നഹദോസോടുകൂടി തീരുമാനിച്ച് ഒരു കല്പന പുറപ്പെടുവിക്കുവാൻ തക്കവണ്ണം സഭാനേതൃത്വത്തിന്റെ കണ്ണു തുറക്കുവാൻ വേണ്ടി നമുക്കും പ്രാർത്ഥിക്കാം. കാത്തിരിക്കാം, വി. മാർത്തോമ്മാ ശ്ലീഹായുടെ മദ്ധ്യസ്ഥത നമുക്ക് കാവലും കോട്ടയുമായിരിക്കട്ടെ.

## പെരുന്നാളും കൺവൻഷനും, കൊടിമരം, കൽകുരിശ് കൂദാശയും

ഇടവങ്കാട് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി 151-ാമത് പെരുന്നാളും കൺവൻഷനും, കൊടിമരം, കൽകുരിശ് കൂദാശയും 2014 ഫെബ്രുവരി 02 മുതൽ 14 വരെ വിവിധ കാര്യപരിപാടികളോടുകൂടെ നടത്തുവാൻ ആഗ്രഹിക്കുന്നു. ചെങ്ങന്നൂർ ഭദ്രാസനാധിപൻ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ, തൃശൂർ ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ, കൽക്കട്ട ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ, അഹമ്മദാബാദ് ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ എന്നിവർ പെരുന്നാൾ ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികരായിരിക്കും.

വായനക്കാരുടെ പ്രതികരണങ്ങൾ ക്ഷണിക്കുന്നു.
ചീഫ് എഡിറ്റർ, ബഥേൽ പത്രിക, പി.ബി. 38, ബഥേൽ അരമന ചെങ്ങന്നൂർ 689 121

പ്രതികരണപത്രിക

## രാത്രി ശുശ്രൂഷകളുടെ സമയക്രമീകരണം

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ ജനനപ്പെരുന്നാൾ, പെസഹാ വ്യാഴാഴ്ച, ഉയർപ്പു പെരുന്നാൾ ഇവ ആചരിക്കുന്നത് രാത്രി രണ്ടുമണി മുതൽ രാവിലെ ആറരമണി വരെയാണ്. ഈ സമയം മുഴുവനും നീണ്ട ശുശ്രൂഷയിൽ മുഴുവൻ ആളുകളും പങ്കെടുക്കുന്നില്ല. വളരെ ബുദ്ധിമുട്ട് സഹിച്ചുവേണം ജനങ്ങൾക്ക് ടി ആരാധനയിൽ പങ്കെടുക്കുവാൻ വരേണ്ടത്. ഉറക്കത്തിൽ നിന്നും ഉണർന്ന് വരുന്നവരായതുകൊണ്ട് ഉറക്കക്ഷീണവും അതുമൂലം ആരാധനയിലുള്ള ശ്രദ്ധക്കുറവും ഉണ്ടാകാൻ സാധ്യതയുണ്ട്. കൂടാതെ ദേവാലയത്തിൽ നിന്നും ദൂരെ താമസിക്കുന്നവർക്ക്, വാഹനങ്ങളില്ലാത്തവർക്ക് രാത്രിയിൽ ദേവാലയത്തിൽ നടന്നു വരേണ്ടിയിരിക്കുന്നു. ജനങ്ങൾ ഉണർവ്വോടെ നിന്ന് ആരാധനയിൽ പങ്കെടുക്കുവാൻ സൗകര്യപ്രദമായ സമയം കാലദേശം അനുസരിച്ച് ആരാധനാ സമയം ക്രമീകരിക്കുന്നത് നന്നായിരിക്കും. സന്ധ്യയ്ക്ക് ആറുമണി മുതൽ രാത്രി പന്ത്രണ്ടുമണിക്ക് തീരത്തക്കവണ്ണം ക്രമീകരിച്ചാൽ ഇപ്പോൾ പങ്കെടുക്കുന്ന വിശ്വാസികളിൽ വളരെ കൂടുതൽ പേർ ആരാധനയിൽ പങ്കെടുക്കും. ഉണർവ്വോടെ ഇരിക്കും. റോമൻ കത്തോലിക്കാ സഭയിൽ ഈ സമയ ക്രമീകരണങ്ങളാണ്. വിശ്വാസികൾക്ക് ആരാധനാ സമയം മാറ്റുന്നത് വളരെ സൗകര്യപ്രദമായിരിക്കും. എല്ലാം സ്മരണയെ ആചരിക്കുന്നതുകൊണ്ട് സമയമാറ്റം പ്രശ്നമാവുകയില്ലല്ലോ. പ. സുന്നഹദോസ് ഇത് പരിഗണിക്കണമെന്ന് അപേക്ഷിക്കുന്നു.

പി. ജോസഫ്, കുമരംകോട്

# യാക്കോബിന്റെ ലേഖനം

ഫാ. മാത്യു വർഗ്ഗീസ്, പുളിമൂട്ടിൽ

യാക്കോബ്, താൻ യേശുക്രിസ്തുവിന്റെ സഹോദരനാണെന്നോ, ആദിമസഭയായ യറുശലേമിന്റെ പ്രഥമ ബിഷപ്പാണെന്നോ സ്ഥാപിക്കുന്നതിലുപരിയായി കർത്താവായ യേശുക്രിസ്തുവിന്റെ ദാസനാണെന്നാണ് അറിയുവാൻ ആഗ്രഹിക്കുന്നത്. കർത്താവ് എന്നതിന്റെ ഗ്രീക്കുപദം കുറിയോസ് എന്നാണ്. മശിഹാ, തിരഞ്ഞെടുക്കപ്പെട്ടവൻ എന്നെല്ലാം അർത്ഥമുണ്ട്. ബി.സി. 6-ാം നൂറ്റാണ്ടിൽ, ബാബിലോണ്യ പ്രവാസത്തോടുകൂടി അബ്രഹാമിന്റെ പൗത്രനായ യാക്കോബിന്റെ പന്ത്രണ്ട് മക്കളുടെയും പിൻതുടർച്ചക്കാരായ യിസ്രായേൽ ഗോത്രങ്ങൾ പല രാജ്യങ്ങളിലേക്കും ചിതറിപ്പോയി. അപ്രകാരം യരുശലേമിൽ ചിതറിപ്പാർത്ത ക്രിസ്ത്യാനികൾക്കും യഹൂദന്മാർക്കും (Gentile christians and Jewish) വേണ്ടിയാണ് ഈ ലേഖനം അഥവാ പ്രസംഗം വിരചിതമായത്.

വിശ്വാസം എന്നത് ദൈവത്തിലും, ദൈവിക വാഗ്ദാനങ്ങളിലുമുള്ള ആശ്രയം എന്ന അർത്ഥത്തിനു പുറമേ (1:3, 6, 2:1). ദൈവിക സത്യങ്ങളെക്കുറിച്ചുള്ള ഉറപ്പായ നിശ്ചയം (2:17,18,22,26) എന്ന അർത്ഥംകൂടി യാക്കോബ് നൽകുന്നു. പ്രായോഗികമായ ജ്ഞാനോപദേശങ്ങളും വിശ്വാസമുള്ള ജനം എങ്ങനെ ജീവിക്കണമെന്നുള്ള നിർദ്ദേശങ്ങൾ ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നു. സദൃശ്യവാക്യങ്ങൾ 2:6,7 വാക്യങ്ങളിൽ പ്രതിപാദിക്കുന്ന ജ്ഞാനമാണ് ഈ ലേഖനത്തിലും കാണുന്നത്. യഥാർത്ഥമായ ജ്ഞാനം ദൈവത്തിൽ നിന്നും വരുന്നുവെന്നും, ആ ജ്ഞാനം സീനായ് മലയിൽ ദൈവം മോശമുഖാന്തിരം നൽകിയ ന്യായപ്രമാണത്തിൽ അധിഷ്ഠിതമാണെന്നും പ്രസ്താവിക്കുന്നു. യഹൂദാകുടുംബങ്ങളിൽ ദൈവത്തിന്റെ ന്യായപ്രമാണം അടിസ്ഥാനമാക്കി മാതാപിതാക്കൾ മക്കൾക്കു ജ്ഞാനം ഉപദേശിച്ചു കൊടുക്കുന്നതിൽ താൽപര്യം കാണിച്ചിരുന്നു (ആവർത്തനം 6:1-9).

പരീക്ഷണങ്ങൾ നമ്മുടെ വിശ്വാസത്തെ വർദ്ധിപ്പിക്കുന്നതിന് ഇടയാകും. പരീക്ഷണങ്ങളെ ദൈവീകമായി അഭിമുഖീകരിച്ചാൽ സന്തോഷവും സ്ഥിരതയും (Joy and preservance) ഉണ്ടാകും (1 പത്രോസ് 2:19) ദൈവത്താൽ ആരും പരീക്ഷിക്കപ്പെടുന്നില്ല. പരീക്ഷ സഹിക്കുന്ന മനുഷ്യന് ജീവന്റെ കിരീടം (1:12) ലഭിക്കും. പ്രാചീന കാലത്ത് കായിക മത്സരങ്ങളിൽ വിജയികളാകുന്നവരെ ഇലകൾകൊണ്ടോ, പുഷ്പങ്ങൾകൊണ്ടോ ഉണ്ടാക്കിയ (വാടുന്ന) കിരീടം ധരിപ്പിക്ക പതിവായിരുന്നു. എന്നാൽ വിശ്വാസിക്കു വാടാത്തതും നിത്യവുമായ പ്രതിഫലമാണ് ലഭിക്കുന്നത് (1 പത്രോ. 5:4). ദൈവത്തിന്റെ സൃഷ്ടികളായ സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നീ പ്രകാശഗോളങ്ങളെയാണ് വെളിച്ചങ്ങൾ എന്നു വിളിച്ചിരിക്കുന്നത്. വെളിച്ചങ്ങളുടെ പിതാവ് ദൈവം ആണ്. എളിയവർക്ക് ദൈവത്തിലല്ലാതെ മറ്റൊന്നിലും ആശ്രയിക്കാൻ ഇല്ലാത്തതിനാൽ ധനവാന്മാരെക്കാൾ അനുഗ്രഹീതരാണവർ. ധനവാന്മാർക്ക് ധനം, പ്രതാപം, സ്വാധീനം എന്നിവയിൽ ആശ്രയം വയ്ക്കേണ്ടി വരുന്നതിനാൽ പരീക്ഷിക്കപ്പെടുവാൻ സാധ്യത കൂടുതലാണ്.

തെറ്റും ശരിയും തമ്മിൽ വിവേചിച്ചു ജീവിക്കുവാൻ ദൈവം മനുഷ്യന്റെ ഉള്ളിൽ നൽകിയിരിക്കുന്ന മനഃസാക്ഷിയും കർത്താവിന്റെ ഉപദേശങ്ങൾ വചനകേൾവിയാലും മറ്റും പരിശുദ്ധാത്മാവ് നമ്മുടെ ഉള്ളിൽ സ്വീകരിക്കുവാൻ തക്കവിധം നൽകിയിരിക്കുന്ന ദൂതും എല്ലാം ദൈവഹിതപ്രകാരം ജീവിക്കുന്നതിനു സഹായിക്കുന്ന വചനമാണ്. വചനം എന്നതിന്റെ ഗ്രീക്ക് ലോഗോസ് എന്നാണ്. വാക്ക്, വിവേചനശക്തി എന്നെല്ലാം അർത്ഥം ഉണ്ട്.

പ്രാർത്ഥന സംശയം കൂടാതെ വിശ്വാസപൂർവ്വം ഇരുമനസ്സു കൂടാതെ നടത്തുന്ന യാചനയാണ് (Prayer as petition is effective when it is done in faith, with doubting and double minded).

സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ന്യായപ്രമാണം കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം (2:8) എന്ന സ്നേഹത്തിന്റെ കല്പനയാണ്. അത് ദൈവിക കല്പനയാണ്. ദൈവം സ്നേഹം തന്നെ ആയതിനാൽ അതിൽ വലുതായി വേറൊരു കല്പനയില്ല. ഒരുവൻ ക്രിസ്തുവിന്റെ ഈ കല്പന അനുസരിക്കുമെങ്കിൽ അവന്റെ മനുഷ്യത്വത്തിന്റെ

ഉദ്ദേശ്യം പൂർണ്ണമായി നിവർത്തിക്കപ്പെടും. അതു സ്വാതന്ത്ര്യത്തിന്റെ ന്യായപ്രമാണമാണ്. ദൈവത്തെ അനുസരിക്കുന്നതിലാണ് നാം പൂർണ്ണസ്വാതന്ത്ര്യം അനുഭവിക്കുന്നത്. ഒരുവൻ സ്വന്തമോഹങ്ങൾക്കും താല്പര്യങ്ങൾക്കും വേണ്ടി ജീവിക്കുന്നുവെങ്കിൽ അവൻ അവയുടെ അടിമയായിരിക്കും. ദൈവത്തെ സേവിക്കുന്നത് പൂർണ്ണസ്വാതന്ത്ര്യവും അവന്റെ ഇഷ്ടം ചെയ്യുന്നത് സമാധാനവുമാണ്.

സമ്പൂർണ്ണരാകേണ്ടതിന് തികഞ്ഞ പ്രവൃത്തി ഉണ്ടാകണം. വചനം കേൾക്കുകയും പ്രവർത്തിക്കുകയും ചെയ്യണം. പ്രവർത്തിയും വിശ്വാസവും ഒരുമിച്ചു ചേർന്നു പോകണം. ആയതിന് മൂന്ന് കാര്യങ്ങൾ 1:26,27 വാക്യങ്ങളിൽ കാണാം.

a) Mastery over Speach: ഹൃദയം നിറഞ്ഞ് ഒഴുകുന്നത് വായ് സംസാരിക്കുന്നു. ദൈവത്തിലുള്ള വിശ്വാസത്തിന്റെ വൈശിഷ്ട്യം നാവ് വ്യക്തമാക്കും.

b) Ministry to the needy: വിശ്വാസികളായ ക്രിസ്ത്യാനികൾ ദരിദ്രരുടെ പ്രത്യേകിച്ച് അനാഥരുടെയും വിധവകളുടെയും രക്ഷകർത്താക്കളായിരിക്കണം. കാരണം അവരുടെ ശരിയായ രക്ഷകർത്താക്കൾ ഇല്ലാത്തതിനാൽ;

c) Moral purity in thought and deed: ദൈവവിശ്വാസം ഒരുവനെ വിശുദ്ധിയിലേക്ക് നയിക്കും. ചിന്തയിലും പ്രവർത്തിയിലും വിശുദ്ധനായിരിക്കും.

ആയതിനാൽ യഥാർത്ഥ ഭക്തി 1:26,27 ൽ വി. യാക്കോബ് പ്രതിപാദിക്കുന്നതുപോലെ നാവിനെ കടിഞ്ഞാണിട്ട്, അനാഥരെയും വിധവകളെയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാതെ സൂക്ഷിക്കുന്നതും ആണ്.

(തുടരും)

---

# മർത്തമറിയം സമാജം കേന്ദ്ര പരീക്ഷ വിജയികൾ

ഒന്നും, രണ്ടും, മൂന്നും സ്ഥാനം കരസ്ഥമാക്കിയവർ

## ഭദ്രാസന തലത്തിൽ

**ജൂനിയർ:** ഷൈനു ജിജി, മാർ ഗ്രീഗോറിയോസ് നെല്ലിമല (94), ബ്ലസ്സി വർഗ്ഗീസ്, ബഥേൽ മാർ ഗ്രീഗോറിയോസ് (86), ബെൻസി ലൈജ, പടനിലം സെന്റ് മേരീസ് (83), ഷൈനി രാജു, പൂഴിക്കാട് സെന്റ് ജോർജ് (83) **സീനിയർ:** സാലി തോമസ്, കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് (99), മേരിക്കുട്ടി ജോസഫ്, കല്ലുങ്കൽ സെന്റ് ജോർജ് (95), ഡോ. എലിസബേത്ത്, കുട്ടംമ്പേരൂർ സെന്റ് മേരീസ് (94) **സൂപ്പർ സീനിയർ:** റെയ്ച്ചൽ തോമസ്, നെല്ലിക്കൽ സെന്റ് മേരീസ്(87), ഏലിയാമ്മ മാത്യു, സെന്റ് ഇഗ്നേഷ്യസ് ചെങ്ങന്നൂർ (85), ആഷാ ജേക്കബ്, പേരിശ്ശേരി മാർ ഗ്രീഗോറിയോസ് (84)

## ഡിസ്ട്രിക്റ്റ് തലത്തിൽ

**പന്തളം ഡിസ്ട്രിക്റ്റ് ജൂനിയർ:** ബെൻസി ലൈജ, പടനിലം സെന്റ് മേരീസ്(83), ഷൈനി രാജു, പൂഴിക്കാട് സെന്റ് ജോർജ് (83), സിജി മോൾ, സെന്റ് ബർസൗമ്മ ആറ്റുവ (68), ബിൻസി ബിജു, സെന്റ് ബർസൗമ്മ ആറ്റുവ (67), **സീനിയർ:** സാലി തോമസ്, കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് (99), ഡെയ്സി വർഗ്ഗീസ്, കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് (93), സൂസൻ സാം, കുരമ്പാല സെന്റ് തോമസ് (90), **സൂപ്പർ സീനിയർ:** ഏലിയാമ്മ കെ.സി., കുരമ്പാല സെന്റ് തോമസ് (70), മോളി ജോസഫ്, മാന്തളിർ സെന്റ് ജോർജ് (68), അന്നമ്മ ജോർജ്, പടനിലം സെന്റ് മേരീസ് (68), റെയ്ച്ചൽ ജോൺ, കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് (67),

**ഉമയാറ്റുകര ഡിസ്ട്രിക്റ്റ് ജൂനിയർ:** ഷൈനു ജിജി, മാർ ഗ്രീഗോറിയോസ് നെല്ലിമല (94), സ്വപ്ന വിനോദ്, ഉമയാറ്റുകര സെന്റ് തോമസ് (72), ബീബാ ബിജു, വള്ളംകുളം സെന്റ് മേരീസ് (72), റീനാ ജോജി, ഉമയാറ്റുകര സെന്റ് തോമസ് (70) **സീനിയർ:** മേരിക്കുട്ടി ജോസഫ്, കല്ലുങ്കൽ സെന്റ് ജോർജ് (95), റയിച്ചൽ തോമസ്, വള്ളംകുളം സെന്റ് മേരീസ് (87), ജിനു ഏബ്രഹാം, കല്ലുങ്കൽ സെന്റ് തോമസ് (82) **സൂപ്പർ സീനിയർ:** സൂസമ്മ മനു, വള്ളംകുളം സെന്റ് മേരീസ് (76), അച്ചാമ്മ തോമസ്, ഉമയാറ്റുകര സെന്റ് തോമസ് (74), ഏലിയാമ്മ തോമസ്, കല്ലുങ്കൽ സെന്റ് ഇഗ്നേഷ്യസ് (71)

**ചെങ്ങന്നൂർ ഡിസ്ട്രിക്റ്റ് ജൂനിയർ**, ബ്ലസ്സി വർഗീസ്, ബഥേൽ മാർ ഗ്രീഗോറിയോസ് (86), മെറീന ജോൺ, സെന്റ് മേരീസ് മുളക്കുഴ (75), ലീനാ സൂസൻ ജോൺ, സെന്റ് മേരീസ് മുളക്കുഴ (74), **സീനിയർ**: അന്നമ്മ വർഗ്ഗീസ്, സെന്റ് മേരീസ് മുളക്കുഴ (93 ) , ബീനാ ചാക്കോ, സെന്റ് ജോർജ് മംഗലം (87), ആനി വിൽസൺ, പാണ്ടനാട് സെന്റ് മേരീസ് (85), **സൂപ്പർ സീനിയർ**: ഏലിയാമ്മ മാത്യു സെന്റ് ഇഗ്നേഷ്യസ് ചെങ്ങന്നൂർ (85), ആഷാ ജേക്കബ്, പേരിശ്ശേരി മാർ ഗ്രീഗോറിയോസ് (84), ശോശാമ്മ അലക്സാണ്ടർ, സെന്റ് ഇഗ്നേഷ്യസ് ചെങ്ങന്നൂർ (75)

**ഇടവങ്കാട് ഡിസ്ട്രിക്റ്റ് ജൂനിയർ:** ബിനി സാബു, കുട്ടംപേരൂർ സെന്റ് മേരീസ് (80), മേരി ഏബ്രഹാം, ചെറിയനാട് സെന്റ് മേരീസ് (55), ബീന സുനിൽ, സെന്റ് ഏലിയാസ് ബുധനൂർ (54) **സീനിയർ**: ഡോ. എലിസബേത്ത്, കുട്ടംപേരൂർ സെന്റ് മേരീസ് (94), സാലി സാമുവേൽ, കുട്ടംപേരൂർ സെന്റ് മേരീസ് (88), ലിസി തോമസ്, പ്രകാശഗിരി സെന്റ് മേരീസ് (80) **സൂപ്പർ സീനിയർ:** ലീലാമ്മ തമ്പി, സെന്റ് ഏലിയാസ് ബുധനൂർ (83) , തങ്കമ്മ ഏബ്രഹാം, പ്രകാശഗിരി സെന്റ് മേരീസ് (77), വൽസമ്മ വിൽസൺ, സെന്റ് മേരീസ് വെൺമണി (74).

**പുത്തൻകാവ് ഡിസ്ട്രിക്റ്റ് ജൂനിയർ:** അന്നമ്മ ബിനു, ഹോളി ഇന്നസെന്റ്സ് മെഴുവേലി (82) , റീബാ വർഗ്ഗീസ്, ഇടനാട് സെന്റ് മേരീസ് (73), ക്രിസ്റ്റീനാ മേരി അലക്സ്, മാരാമൺ സെന്റ് മേരീസ് (73), ദീപ്തി മേരി മാത്യു, സെന്റ്തോമസ് നെല്ലിക്കൽ **സീനിയർ:** മിനി ജോൺസൺ, ഹോളി ഇന്നസെന്റ്സ് മെഴുവേലി (84), ജോയിസ് വർഗ്ഗീസ്, കൂർത്തമല സെന്റ് മേരീസ് (84), പുഷ്പ ഇടിക്കുള, ഇടനാട് സെന്റ് മേരീസ് (84), ഹണി തരകൻ, പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രൽ (80), ഷേർലി മാത്യു, ഹോളി ഇന്നസെന്റ്സ് മെഴുവേലി (79), ഡെൻസി ജേക്കബ്, ഹോളി ഇന്നസെന്റ്സ് മെഴുവേലി (79), **സൂപ്പർ സീനിയർ**: റെയ്ച്ചൽ തോമസ് , നെല്ലിക്കൽ സെന്റ് മേരീസ് (87 ) , ലില്ലി ചാക്കോ , നെല്ലിക്കൽ സെന്റ് മേരീസ് (79), മോളി സക്കറിയ, ഹോളി ഇന്നസെന്റ്സ് മെഴുവേലി (76)




# ὁ λόγος

# ഞായർ ദിന ധ്യാനം

ഫാ. പി. കെ. കോശി

**ദനഹാ പെരുന്നാളിനുശേഷം ഒന്നാം ഞായർ (2014 ജനുവരി 12) : വി. മത്താ. 4:12–22**

സ്നാപക യോഹന്നാനാകുന്ന ഉദയ നക്ഷത്രം കിഴക്കുദിച്ച് അപ്രത്യക്ഷമാക്കപ്പെടുമ്പോൾ യേശുവാകുന്ന ഉദയസൂര്യൻ ഉദിച്ചുയർന്ന് പ്രവർത്തിപഥത്തിലേയ്ക്കിറങ്ങുകയും ശിഷ്യന്മാരെ ഇറക്കുകയും ചെയ്യുന്ന ഭാഗം.

**1. വീടുവിട്ടിറങ്ങുന്ന യേശു**

യേശു നസ്രേത്ത് വിട്ട് സെബൂലൂന്റെയും നഫ്താലിയുടെയും അതിരുകളിൽകൂടി കടൽക്കരെയുള്ള കഫർന്നഹൂമിൽ ചെന്നു പാർക്കുന്നു. മുന്നോടി കാരാഗ്രഹത്തിലാക്കപ്പെട്ടപ്പോൾ ദൗത്യം ഏറ്റെടുക്കുന്നു. പിതാവിന്റെ ഇഷ്ടത്താൽ വാസസ്ഥാനം (സ്വർഗ്ഗം) വിട്ടിറങ്ങിയ യേശു സർവ്വ

സംഗപരിത്യാഗിയായി വീടുവിട്ടിറങ്ങുന്നു. ഇതെല്ലാവർക്കും സാധിക്കുകയില്ല. വിട്ടൊഴിഞ്ഞവർ എന്നു പറയുന്നവർ അനേകരുണ്ട്. എന്നാൽ വിട്ടൊഴിഞ്ഞവർപോലും വാരിക്കൂട്ടുന്ന അനുഭവം അധികവും. വിട്ടൊഴിഞ്ഞിറങ്ങി എന്ന ലേബലിൽ പകുതി അവിടെയും പകുതി ഇവിടെയും അതിലധികം പലയിടത്തുമായി വാരികൂട്ടുന്നവരുടെ എണ്ണം വർദ്ധിച്ചിരിക്കുന്നു. യേശു സകലവും വിട്ടിറങ്ങുന്നു. അനുഗാമികൾ വാരിക്കൂട്ടുവാനായി ഇറങ്ങുന്നു. വീടുവിട്ടിറങ്ങി വീടു കെട്ടുന്നവരാകുന്നു ഇന്നത്തെ ശിഷ്യന്മാർ. അബ്രഹാം സ്വദേശവും ചാർച്ചക്കാരെയും വിട്ടിറങ്ങി കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോയി. പക്ഷേ ലോത്തിന്റെ ഭാര്യ വിട്ടുപോയതിലേക്ക് നോക്കിയപ്പോൾ ഉപ്പുതൂണായി. വിട്ടുപോകുന്നവർ തിരിഞ്ഞു നോക്കിയാൽ ഉപ്പുതൂണാകും. ഇന്ന് പലതും പലരും ഉപ്പുതൂണുകൾ. ഉപേക്ഷിച്ചതിലേക്ക് തിരിയുന്നത് നായുടെ അനുഭവം എന്ന് വേദപുസ്തകം പഠിപ്പിക്കുന്നു. സ്വന്തം ഛർദ്ദിയിലേക്ക് തിരിയുന്ന നായ്. ഉപേക്ഷിച്ചതിലേക്ക് തിരിയുക മനുഷ്യസഹജമല്ല. ദൗത്യം നിർവ്വഹിക്കാൻ പലതും ഉപേക്ഷിയ്ക്കണം.

**2. പ്രകാശം ഉദിക്കുന്നു**

ഇരുളിലും മരണനിഴലിലും ഇരുന്നവർക്കു പ്രകാശം ഉദിക്കുന്നു. യേശു ഉദയവും വെളിച്ചവുമാണ്. മനുഷ്യാവതാരം വെളിച്ചം ഉദിക്കലാണ്. ബി.സി. 733–732 കാലത്ത് അസിറിയിൻ ഭരണാധിപനായ തിഗ്ലത്ത് പലേസറുടെ കാലത്ത് ആക്രമണത്തിനധീനമായ സ്ഥലമാണ് സെബൂലൂൻ നഫ്താലി. കഷ്ടതയും വേദനയും നിരാശയും നിറഞ്ഞ അനുഭവമാണ് ഇരുളും അന്ധകാരവും മരണനിഴലും. പാപാന്ധകാരത്തിൽപ്പെട്ടവർക്ക് ദിവ്യവെളിച്ചം പകരുന്നു. വെളിച്ചം കണ്ട ആട്ടിടയരും വിദ്വാന്മാരും പുൽക്കൂട്ടിലേക്കോടുന്നു. യേശു വരുന്നിടത്ത് അന്ധകാരം മാറും. ഞാൻ ലോകത്തിന്റെ വെളിച്ചം എന്ന് യേശു കല്പിച്ചപ്പോൾ ഭാരതീയ ഋഷിവര്യർ പാടി 'അസതോമാ സദ്ഗമയ തമസോമാ ജ്യോതിർഗമയ, മൃത്യോമാ അമൃതം ഗമയ' – തമസിനെ മാറ്റി വെളിച്ചം പ്രദാനം ചെയ്യുക. ഇന്നു വെളിച്ചം വന്നിട്ടും അന്ധകാരത്തെ സേവിക്കുന്നവർ അനേകർ. 1989 ആഗസ്റ്റ് 9 ലെ ദീപിക പത്രത്തിൽ വന്നത് പട്ടിയോടൊപ്പം വളർന്നകുട്ടിയെകുറിച്ച്. Host Rynard എന്ന 5 വയസ്സുള്ള മനുഷ്യക്കുട്ടി ധനികരായ വെർണാർ റൈനാർഡിന്റെയും ജ്ജൂട്ടയുടെയും മകൻ. സമ്പത്തും, സമയവും സുഖത്തിനും മദ്യത്തിനുമായി ചിലവഴിച്ച് ഭൗതിക സുഖത്തിലടിമപ്പെട്ടവർ കുട്ടിയെ കൂട്ടിലടച്ച് കൂട്ടിനായി അൾസേഷനെയും നല്കി. വർഷങ്ങൾക്കുശേഷം വാതിൽ ചവിട്ടിപ്പൊളിച്ച പോലീസ് കാണുന്നത് പട്ടിയോടൊപ്പം പച്ചയിറച്ചിത്തുണ്ട് പട്ടിയെപ്പോലെ പറിച്ചു കീറി തിന്നുന്ന കുട്ടി. പട്ടിയുടെ ശരീരമാകെ നക്കിതുടയ്ക്കുന്ന കുട്ടി. പട്ടിയെപ്പോലെ കുരയ്ക്കുകയും മുരളുകയും ചെയ്യുന്ന ഒീടെ നാലു കാലിൽ നടക്കുന്നു. വഴിയും വെളിച്ചവും നഷ്ടപ്പെടുത്തുന്ന അവസ്ഥ. വഴി വെളിച്ചങ്ങൾ നഷ്ടമാക്കിയവർ അനേകർ. ഒശഴവാമഃ

ലൈറ്റുകൾ അധികം സ്ഥാപിച്ചിട്ടും ഇരുട്ടറയുടെ അനുഭവം.

ജാപ്പനീസ് കഥയിൽ അന്ധനായ ഒരുവന് സുഹൃത്ത് റാന്തൽ കത്തിച്ചു നൽകി. ഇതെനിക്കാവശ്യമില്ല എന്നു പറഞ്ഞപ്പോൾ സുഹൃത്തു പറഞ്ഞു മറ്റുള്ളവർ തട്ടിവീഴാതിരിക്കാൻ ഈ വിളക്കാവശ്യം. ഏതു യാത്രയിലും വഴിവെളിച്ചം ആവശ്യം. അതു നഷ്ടപ്പെടുത്തിയാൽ ദിശാബോധം നഷ്ടമാകും.

**3. ഉപാധികൂടാതെ പിൻപറ്റുന്ന ശിഷ്യർ**

സകലവും ഉപേക്ഷിച്ച് നിരുപാധികം പിൻപറ്റുന്ന ശിഷ്യർ. വലവിടുന്നു, ഉപജീവനമാർഗ്ഗം വിടുന്നു, അപ്പനെയും എല്ലാ ബന്ധങ്ങളെയും ഉപേക്ഷിക്കുന്നു. ദൈവരാജ്യ കെട്ടുപണിക്ക് പണ്ഡിതരെയല്ല മറിച്ച് അദ്ധ്വാനശീലരും പ്രവർത്തന നിരതരുമായ സാധാരണക്കാരെ തെരഞ്ഞെടുക്കുന്നു. തൊഴിലിലും മറ്റു ബന്ധങ്ങളിലും ഭദ്രത ഉണ്ടായിരുന്ന നാല് ശിഷ്യന്മാരും ജീവിതായോധന മാർഗ്ഗവും സമ്പാദ്യവും വ്യക്തിബന്ധമായ അപ്പനെയും ഉപേക്ഷിച്ച് യേശുവിൽ ഭദ്രത കണ്ടെത്തുന്നു. ഇന്ന് തൊഴിലിൽ ഭദ്രത കണ്ടെത്തി അനുഗമിക്കുന്നവർ അധികവും. ശിഷ്യത്വപാത Sidebusiness ആയിരിക്കുന്നവരും ആക്കിയിരിക്കുന്നവരും അധികവും. മനുഷ്യരെ പിടിയ്ക്കുകയല്ല മനുഷ്യരെ പണിയുക ആവശ്യം. സുന്ദരമായ പല കെട്ടിടങ്ങളും പൊളിച്ചു കളഞ്ഞ് കോടികൾ മുടക്കി മാർബിൾ പൊതിഞ്ഞ കെട്ടിടങ്ങൾ പണിയുന്ന പ്രവണത വർദ്ധിച്ചിരിക്കുന്നു. പള്ളിയും പള്ളിക്കെട്ടിടങ്ങളും കോടികളുടെ ആഘോഷമാക്കുമ്പോൾ മനുഷ്യരെ പണിയുക പ്രയാസമാകുന്നു.

ഇന്ത്യൻ പ്രസിഡന്റ് ആയിരുന്ന ഡോ. എസ്. രാധാകൃഷ്ണൻ "പൗരസ്ത്യ മതങ്ങളും പാശ്ചാത്യ ചിന്തയും" എന്ന ഗ്രന്ഥത്തിൽ പാശ്ചാത്യ ക്രൈസ്തവ ധർമ്മത്തെക്കുറിച്ച് വിലയിരുത്തിയിട്ട് അതിന്റെ അവസാനം ഭാരതത്തിലെ മലങ്കരസഭയെ കുറിച്ച് മതിപ്പുളവാക്കുന്ന ഒരു പ്രസ്താവന നൽകുന്നു. "മലങ്കര സഭ മതപരിവർത്തന വ്യഗ്രത കാട്ടുന്നില്ല. എന്നും ദേശീയവും സാംസ്കാരികവുമായ അടിത്തറയെ ആദരിക്കുന്നു." മതപരിവർത്തനമില്ല എങ്കിലും കോടികളുടെ കെട്ടിടങ്ങൾ - പള്ളിയും പള്ളിക്കെട്ടിടവും ഓഡിറ്റോറിയവും പണിയുമ്പോൾ സഭയും മനുഷ്യനും ആരാധനാസമൂഹവുമില്ലാതെ കെട്ടിടങ്ങൾ മാത്രമാകുന്ന അവസ്ഥ.

**ദനഹാ പെരുന്നാളിനുശേഷം രണ്ടാം ഞായർ (2014 ജനുവരി 19) : വി. യോഹ. 1:43-51**

പത്രോസിന്റെയും അന്ത്രയോസിന്റെയും സ്ഥലമായ ബത്സൈദായിൽ നിന്നുള്ള ഫീലിപ്പോസിനെയും അവന്റെ സ്നേഹിതനായ നഥാനിയേലിനെയും തിരഞ്ഞെടുക്കുന്നതുമായ ഭാഗം.

**1. ദൈവീകബന്ധം കണ്ടെത്തലായി തിരിച്ചറിയുന്ന ഫീലിപ്പോസ്**

ഫീലിപ്പോസ് എന്ന വാക്കിന്റെ അർത്ഥം തന്നെ 'കുതിരയെ സ്നേഹിക്കുന്നവൻ.' അത്ര വേഗത്തിൽ യേശുവിനെ കണ്ടെത്തുകയും സുഹൃത്തിന് കാണിച്ചു കൊടുക്കുകയും ചെയ്യുന്നു. ദൈവത്തെ അറിയുന്നതും ദൈവം അറിയുന്നതും ധന്യമായ അനുഭവമാണ്. യോഹന്നാൻ സ്നാപകന്റെ ശിഷ്യനായി കൂടെയുണ്ടായിരുന്ന അന്ത്രേയോസ് (യോഹ. 1:40) ഇതാ ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവകുഞ്ഞാട് എന്ന് യേശുവിനെകുറിച്ച് പറഞ്ഞതു മുതൽ യേശുവിന്റെ പിന്നാലെ കൂടുന്നു. ദീർഘകാലമായി അന്വേഷിച്ച് നടന്നത് കണ്ടെത്തുകയായിരുന്നു ഫീലിപ്പോസ്. കണ്ടെത്തിയത് വിളിച്ചു പറയുന്നത് ദൈവീകാഭിമുഖ്യമുള്ളവരാണ്. ആർക്കമെഡീസ് 'യുറേക്കാ' എന്ന ശാസ്ത്രസത്യം വിളിച്ചു പറഞ്ഞപ്രകാരം ഫീലിപ്പോസ് കണ്ടെത്തിയ ദൈവത്തെ ഉച്ചത്തിൽ ഘോഷിക്കുകയും സ്നേഹിതനായ നഥാനിയേലിനെ കൂട്ടിക്കൊണ്ടു വരികയും ചെയ്യുന്നു. മുടിയൻ പുത്രന്റെ ഉപമയിലും, ദ്രഹ്മ നഷ്ടപ്പെട്ട സ്ത്രീയിലും, കാണാതെ പോയ ആടിനെ കണ്ടെത്തുന്ന ഉപമയിലും നഷ്ടമായത് തിരികെ ലഭിക്കുമ്പോഴുള്ള ആനന്ദം. "ഈശ്വരനെ തേടി ഞാൻ നടന്നു കടലു........" എന്ന പാട്ടിൽ ഹൃദയത്തിൽ തന്നെയുള്ള ദൈവത്തെ തേടി നടക്കുന്ന മനുഷ്യൻ. മനുഷ്യനോടു കൂടെയുള്ള യഥാർത്ഥ സാന്നിദ്ധ്യമാണ് യേശു. യോഹന്നാന്റെ സുവിശേഷത്തിൽ 1:39, 1:46, 4:29, 11:34 എന്നിങ്ങനെ 4 പ്രാവശ്യം വന്നു കാണുക എന്ന് പറയുന്നു. കാഴ്ച എന്നത് ദർശനവും വീണ്ടുവിചാരവുമാണ്. കാണേണ്ടതിനെ കാണുവാനും കണ്ടെത്തിയതിനെ കാണിച്ചു കൊടുക്കാനും ദൈവജനത്തിനു കടമയുണ്ട്.

**2. ചൂണ്ടുപലകയാകുന്ന ഫീലിപ്പോസ്**

ഫീലിപ്പോസ് നല്ല വ്യക്തിബന്ധം പുലർത്തിയിരുന്നു. വിൻസ്റ്റൺ ചർച്ചിൽ "മഹത്വത്തിന്റെ വില എന്നു പറയുന്നത് ഉത്തരവാദിത്വമാണ്." ഫീലിപ്പോസ് ഉത്തരവാദിത്വം നിറവേറ്റിക്കൊണ്ട് നാഥാനിയേലിനെ കൂട്ടിക്കൊണ്ടുവരുന്നു. നഥാനിയേലിനെ ദൈവസന്നിധിയിലേക്ക് കൊണ്ടുവരുന്ന ചൂണ്ടുപലക, ദിശാബോർഡ് ആണ് ഫീലിപ്പോസ്.

ആവശ്യകതയുടെ നാൽക്കവലയിൽ നീറുന്ന മനുഷ്യർക്ക് ദിശാബോധം നൽകാൻ നമുക്കുത്തരവാദിത്വമുണ്ട്. അത്തിയുടെ കീഴിലിരുന്ന് ന്യായപ്രമാണം പഠിക്കുന്ന നഥാനിയേലിന് അതിൽ പറഞ്ഞിരിക്കുന്നവനെ കണ്ടെത്താൻ ഫീലിപ്പോസ് സഹായിക്കുന്നു. Christian life is a life that one who pursuading or inspiring others to Christ. അതുകൊണ്ടാണ് പൗലോസിനോട് ഫെസ്തോസ് ചോദിക്കുന്നത് അപ്പോ. 26:28 Are you pursuading me a Christian. പൗലോസ് പറയുന്നത് അതിശ്രദ്ധേയം 'നീ മാത്രമല്ല എന്റെ വചനം കേൾക്കുന്ന എല്ലാവരും.' ദൈവത്തിങ്കലേക്കും ദൈവനന്മയിലേക്കും മറ്റുള്ളവരെ ആകർഷിക്കാൻ നമുക്കു കഴിയുമോ? സഭാ പാരമ്പര്യത്തിൽ ദൈവീകതയിലേക്കും ദൈവത്തിലേക്കും അനേകരെ ആകർഷിച്ച പിതാക്കന്മാർ നമുക്കുണ്ടായിരുന്നു. നല്ല സൗഹൃദം നന്മയിലേക്ക് നയിക്കും.

**3. മതഭക്തനായ നഥാനിയേൽ**

എത്യോപ്യ, അർമേനിയ തുടങ്ങിയ സ്ഥലത്ത് സുവിശേഷീകരിച്ച് ക്രൂശുമരണം പ്രാപിച്ച ബർത്തിലോമിയ ആണ് നഥാനിയേൽ എന്ന് 9-ാം നൂറ്റാണ്ടിലെ മെർവിലെ ഈശോദാദിന്റെ അഭിപ്രായം. 'ദൈവത്തിന്റെ ദാനം', 'ദൈവം തന്നവൻ' എന്നാണ് നഥാനിയേലിന്റെ അർത്ഥം. കാനാവിൽ

നിന്നുള്ള മതഭക്തനായിരുന്നു നഥാനിയേൽ. അത്തിയുടെ കീഴിൽ ഇരുന്ന് ന്യായപ്രമാണം പരതുകയും, വായിക്കുകയും, പഠിക്കുകയും ചെയ്യുന്നവൻ. യോഹ. 1:43, 21:2 ലും മാത്രമാണ് നഥാനിയേലിനെ കുറിച്ച് പരാമർശം. അത്തിക്ക് അമിതപ്രാധാന്യം വേദപുസ്തകത്തിൽ. റാബിമാർ ന്യായപ്രമാണം പഠിയ്ക്കുന്നതും പഠിപ്പിയ്ക്കുന്നതും അത്തിച്ചുവട്ടിൽ. അത്തിയെനോക്കി ഉപമയും ഉദാഹരണവും യേശു പഠിപ്പിക്കുന്നു. സക്കായി യേശുവിനെ കാണുന്നതും അത്തിയുമായുള്ള ബന്ധത്തിൽ. യേശു ഹൃദയവിചാരം അറിയുന്നവൻ. മതഭക്തനായതുകൊണ്ട് നസ്രേത്തിൽ നിന്ന് നന്മയുണ്ടാകുമോ എന്ന ചോദ്യം. മതഭക്തി മാത്രം സത്യം കണ്ടെത്താൻ ഇടയാക്കില്ല. സത്യം അന്വേഷിച്ചു ചെല്ലണം. Satisfaction എന്ന വാക്കിലെ അവസാന അക്ഷരം 'action' – ലാറ്റിൻ ഭാഷയിൽ 'satin' എന്നാൽ വേണ്ടുവോളം എന്നർത്ഥം. വേണ്ടത്ര പ്രവർത്തി ഉണ്ടെങ്കിൽ (action) അത് സംതൃപ്തി (satisfaction) സൃഷ്ടിക്കുമെന്ന് പുരാതന റോമാക്കാർ വ്യക്തമായി മനസ്സിലാക്കിയിരുന്നു. മതഭക്തിയിൽ നിന്ന് നഥാനിയേലിന്റെ യാത്ര യാഥാർത്ഥം കണ്ടെത്തുന്നതിലെത്തിക്കുന്നു.

**4. പൊയ്മുഖമില്ലാത്ത അംഗീകാരം**

യേശുവും നഥാനിയേലും അന്യോന്യം അംഗീകരിക്കുന്നു. വിശ്വാസത്തിന്റെ പ്രതിഫലനമാണ് അംഗീകാരം. ഇതാ സാക്ഷാൽ യിസ്രായേല്യൻ എന്ന നഥാനിയേലിനെക്കുറിച്ചുള്ള അംഗീകാരവും നീ ദൈവപുത്രൻ യിസ്രായേലിന്റെ രാജാവ് എന്ന നഥാനിയേലിന്റെ അംഗീകാരവും (യോഹ. 1:47,49) നസ്രേത്തിൽ നിന്ന് നന്മ വരുമോ എന്ന മുൻവിധിയോടെ യേശുവിനെ സമീപിച്ച നഥാനിയേൽ പൂർണ്ണമായും യേശുവിനെ അംഗീകരിക്കുന്നു. നീ സാക്ഷാൽ യിസ്രായേല്യൻ എന്നു പറഞ്ഞപ്പോൾ തന്നെ മുഴുവനായി മനസ്സിലാക്കുകയും അറിയുകയും അംഗീകരിക്കുകയും ചെയ്യുന്ന ദൈവമാണ്, ദൈവപുത്രൻ എന്ന മനസ്സിലാക്കൽ. യേശുവിന്റെ ദിവ്യസ്ഥാനങ്ങളും ദിവ്യദൗത്യങ്ങളും സൂചിപ്പിക്കുകയും അംഗീകരിക്കുകയുമാണ്. പിതാവായ യാക്കോബ് കണ്ട ദിവ്യദർശന (ഉല്പത്തി. 28:12–15) ത്തെക്കാൾ വലിയ ദർശനങ്ങൾ പലതും കാണാം എന്ന അവകാശം നൽകുന്നു. യേശുവിന്റെ അടുക്കൽ ചെല്ലുന്നവരെ പൂർണ്ണമായി അറിയുകയും അംഗീകരിക്കുകയും ചെയ്യുന്ന ദൈവം. ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല, എന്റെ അടുക്കൽ വരുന്നവനെ ഒരുനാളും തള്ളിക്കളയില്ല ഉപേക്ഷിക്കുകയുമില്ല എന്ന യേശുവിന്റെ കല്പനകൾ ദൈവം മനുഷ്യരെ പൂർണ്ണമായി അംഗീകരിക്കുന്നതിന്റെ ഉദാഹരണങ്ങൾ.

പൊയ്മുഖങ്ങളും ദ്വയ്മുഖങ്ങളും പേറുന്ന കാലിക സമൂഹത്തിലെ മനുഷ്യന് കളങ്കമില്ലാത്ത സാക്ഷാൽ യിസ്രായേല്യനായ നഥാനിയേലിനെ കുറിച്ചുള്ള അംഗീകരണവും യേശു സാക്ഷാൽ ദൈവപുത്രൻ എന്ന നഥാനിയേലിന്റെ അംഗീകരണവും വെല്ലുവിളിയായി നിലനിൽക്കുന്നു. ഒന്നു പറയുകയും മറ്റൊന്ന് പ്രവർത്തിക്കുകയും ചെയ്യുന്ന വഞ്ചന അധികമായിരിക്കുമ്പോൾ കപടമില്ലാത്ത യിസ്രായേല്യനായി നിലനിൽക്കാം.

**ദനഹാ പെരുന്നാളിനുശേഷം മൂന്നാം ഞായർ (2014 ജനുവരി 26) : വി. യോഹ. 3:1–12**

പരീശ പ്രമാണിയായ നിക്കോദിമോസിനെ വീണ്ടും ജനനത്തെക്കുറിച്ച് പഠിപ്പിക്കുന്നതാണ് ചിന്താവിഷയം.

**1. സത്യാന്വേഷകനായ നിക്കോദിമോസ്**

യോഹന്നാൻ 3, 7:50–51, 19:39 ഭാഗങ്ങളിൽ പറയപ്പെടുന്ന നിക്കോദീമോസ് ധനാഢ്യനും, പരീശനും, മതോപദേഷ്ടാവും, കുലീന കുടുംബാംഗവും, സത്യാന്വേഷകനും, സന്നിദ്രീംസംഘാംഗവും, യേശുവിൽ രഹസ്യ ശിഷ്യനും ആയിത്തീർന്നവനാണ്. ആധുനിക കാലഘട്ടത്തിലെ ഒരു ശരാശരി വിശ്വാസിയുടെ എല്ലാ ഗുണവിശേഷവും നിക്കോദിമോസിനുണ്ട്. യേശുവിനെ അറിയാനും അംഗീകരിക്കാനുമുള്ള സന്നദ്ധതയും അവനുണ്ട്. രാത്രിയിൽ വന്നത് പല കാരണത്താലാകാം. തന്റെ സ്ഥാനമാനങ്ങൾക്ക് കോട്ടം ഉണ്ടാകാതിരിയ്ക്കാനും യഹൂദരെ ഭയന്നുമാകാം. അല്ലെങ്കിൽ യേശുക്രിസ്തുവിൽ നിന്നും കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കാനും പഠിക്കുവാനും അവനോടുകൂടെ ചിലവഴിക്കാനും കൂടുതൽ സമയം കിട്ടുന്നത് യേശുവും സ്വസ്ഥമായിരിക്കുന്ന രാത്രിയിലാണ് എന്ന ഉദ്ദേശത്തോടുമായിരിക്കാം. റബ്ബീനീ ഉപദേഷ്ടാവ്, ദൈവം കൂടെയുള്ളവൻ എന്ന സംബോധനകളിൽ (യോഹ. 3:2) യേശുവിനെ അംഗീകരിയ്ക്കാനുള്ള താല്പര്യവും സന്നദ്ധതയും പ്രകടമാക്കുന്നു. യഥാർത്ഥ സത്യം ഗ്രഹിക്കാൻ ആഗ്രഹിക്കുകയും ശ്രമിക്കുകയും ചെയ്യുന്നു. സത്യം നിങ്ങളെ സ്വതന്ത്രമാക്കും എന്ന് യേശു പറയുമ്പോൾ സ്വാതന്ത്ര്യത്തിലേക്കും അന്വേഷണത്തിലേക്കും എത്തുന്നു. ജ്ഞാനദാഹിയ്ക്ക് നിർലോഭം അത് ദാനം ചെയ്യുന്നവനിൽ നിന്ന് പ്രാപിയ്ക്കാനായി (യാക്കോ. 1:5) നിക്കോദിമോസ് അടുത്തുവരുന്നു.

**2. ഭൗതീക ജ്ഞാനി**

ഭൗതീക അറിവാണ് നിക്കോദിമോസിലുള്ളത്. ആ അറിവുകൊണ്ട് യേശുവിന്റെ പാത മനസ്സിലാകില്ല. 3:10 ൽ നീ യിസ്രായേലിന്റെ ഉപദേഷ്ടാവായിരുന്നിട്ടും അറിയുന്നില്ലയോ എന്ന ചോദ്യം. ഭൗതീക അറിവ് അധികമായുണ്ട്. ഭൗതിക അറിവാണ് മനുഷ്യൻ ഭൂമിയിൽ പിറന്നശേഷം വീണ്ടും ജനിയ്ക്കാൻ കഴിയില്ല എന്നത് (3:4). അറിയേണ്ട പ്രകാരം അറിയാൻ ഇരുട്ടിൽ നിന്നും വന്നവൻ. പ്രകാശമാകുന്ന യേശുവിനെ വെളിവു നിറഞ്ഞ ഈശോയെ കാണാൻ ഇരുട്ടിൽ നിന്നും പണ്ഡിതൻ വരുന്നു. ന്യായപ്രമാണം പഠിച്ചതുകൊണ്ടോ, പഠിപ്പിച്ചതുകൊണ്ടോ, അനുഷ്ഠിച്ചതുകൊണ്ടോ ദൈവരാജ്യപ്രവേശനമില്ല. വീണ്ടും ജനനം ആവശ്യം. യഹോവ വിലപിക്കുന്നു കാള ഉടയവനെയും കഴുത യജമാനനെയും അറിയുന്നു. എന്റെ ജനം അറിയുന്നില്ല. നമ്മുടെ മസ്തിഷ്കത്തിലെ അറിവല്ല. പണ്ഡിതനായ നിക്കോദിമോസല്ല അജ്ഞരായ ശിഷ്യരാണ് സഭയ്ക്ക് പ്രയോജനമായത്. ഭക്തിയുള്ള പിതാക്കന്മാരായിരുന്നു നമുക്കുണ്ടായിരുന്നത്. കൃപയില്ലാത്ത അറിവ് നാശത്തിലെത്തിക്കുന്നു. ഉണക്കമരത്തിൽ നിന്ന് കുഞ്ഞാടു ലഭിക്കുമെന്നും,

എസ്തീറാ മത്സ്യം നൽകും എന്നുമുള്ള അറിവ് അനുഭവ തലത്തിൽ ലഭിക്കുന്നതാണ്. ആരാധനയി ലൂടെയും ദൈവസംസർഗ്ഗത്തിലൂടെയും ലഭിക്കുന്ന അറിവ് യഥാർത്ഥ അറിവ്.

**3. അടയാളവും അത്ഭുതവും ആഗ്രഹിക്കാത്ത യേശു**

പലരും ദൈവത്തിൽ നിന്ന് അത്ഭുതവും അടയാളവും പ്രതീക്ഷിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നു. നിക്കോദിമോസ് പറയുന്നു. ദൈവം കൂടെ യുള്ളതിനാൽ യേശു അടയാളം ചെയ്യുന്നു (3:2). യേശു പറയുന്നു ദോഷവും വ്യഭിചാരവുമുള്ള തല മുറ അടയാളം അന്വേഷിക്കുന്നു

(മത്താ.16:14). യേശുവിന്റെ മനുഷ്യാവതാര ത്തേക്കാൾ വലിയ അടയാളമില്ല. യേശു ദൈവപു ത്രൻ എന്ന് വിശ്വസിക്കാത്തവർക്കാണ് അടയാളം ആവശ്യമാകുന്നത്. ക്രിസ്ത്യാനി അത്ഭുതത്തി ന്റെയും അടയാളത്തിന്റെയും പിന്നാലെ പോകേണ്ട. പുതിയ പ്രസ്ഥാനങ്ങളും ഉണർവ്വു ഗ്രൂപ്പുകളും പ രസ്യത്തിലൂടെ ഇത് വാഗ്ദാനം ചെയ്യുന്നു. അടയാ ളങ്ങളുടെ പിൻബലത്താലുള്ള അംഗീകാരം യേശു ആഗ്രഹിക്കുന്നില്ല. കല്ല് അപ്പമാക്കാൻ പിശാച് ആവശ്യപ്പെടുന്നു. കുരിശിൽ നിന്നിറങ്ങാൻ യഹൂ ദർ ആവശ്യപ്പെടുന്നു. ഒരിക്കലും അടയാളത്തിലും അത്ഭുതത്തിലുംകൂടി വെളിപ്പെടുത്തുവാൻ ക്രിസ്തു ആഗ്രഹിക്കുന്നില്ല. അടയാളങ്ങൾ അതിൽ തന്നെ അന്തമല്ല. അവ ദൈവത്തിങ്കലേക്കുള്ള ചൂണ്ടുപലക യാകണം. തനിക്കായി ഒരടയാളവും യേശു ചെയ്തി ല്ല. മനുഷ്യർക്ക് അവരുടെ ആവശ്യങ്ങൾ യേശു നിറ വേറ്റുന്നു. അത്ഭുതമല്ല സ്വഭാവ പരിവർത്തനമാണ് മനുഷ്യനാവശ്യം. അത്ഭുതം പ്രവർത്തിക്കുകയും ചോദിച്ചതു നൽകുകയും ചെയ്യുന്ന മജീഷ്യനായ യേശുവോ ആത്മശുദ്ധീകരണത്തിന്റെ ആന്തരീക സാന്നിദ്ധ്യമായ യേശുവോ നമുക്കാവശ്യം.

**4. മാമോദീസായാകുന്ന വീണ്ടും ജനനം**

കൂദാശകൾ സജീവമായ കാലത്താണ് യേശു നിക്കോദിമോസിനോടു പറയുന്നത് വീണ്ടും ജനനത്തെക്കുറിച്ച് (3:5-8). വെള്ളത്താലും ആത്മാവാ ലുമുള്ള ജനനം പ്രധാനം. മാമോദീസായിലും മൂറോ നഭിഷേകത്തിലും പരിശുദ്ധാത്മാവു ലഭിക്കുമോ? ശിശുക്കൾക്ക് പരിശുദ്ധാത്മാവ് ലഭിക്കുമോ? ഗോത മ്പപ്പം കർതൃശരീരമായി മാറുമോ? ശവപ്പെട്ടിയിൽ തൈലം ഒഴിച്ചാൽ നിത്യജീവൻ ലഭിക്കുമോ? തുട ങ്ങിയ ചോദ്യങ്ങൾക്ക് ലഭിക്കും എന്ന മറുപടിയാണ് 3:8 ൽ. കാറ്റിന്റെ ആരംഭവും അവസാനവും മനു ഷ്യനറിയില്ല. ഇതാണ് നിക്കോദിമോസിനറിയാത്ത കൂദാശാ രഹസ്യം. ബൗദ്ധിക തലത്തിൽ നിന്ന് അനു ഭവതലത്തിലേക്കുള്ളതാണ് കൂദാശയിൽ ലഭിക്കു ന്നത്. വിശ്വാസ ജീവിതത്തിലൂടെ വിശ്വാസത്തിന്റെ പൂർണ്ണത ലഭിക്കുന്നു. ശൗൽ പൗലോസായപ്പോൾ ക്രിസ്തുവിലാകുന്ന അറിവ്-അനുഭവത്തിലുള്ള ത്. ശൗലിന് ഭൗതികതയാൽ ലഭിച്ചത് ദൈവജന നാശത്തിനുള്ള അധികാരപത്രം. അറിവും കൃപയും സമന്വയിപ്പിക്കുന്നതാണ് കൂദാശകളിൽ. ഭൂമിയിലു ള്ളതിലും വലിയതു കാണാൻ കഴിയുന്ന അറിവ് വീണ്ടും ജനനത്തിലൂടെ ലഭിക്കുന്നു. വിദ്വാന്മാർക്ക് അറിവും കൃപയും ലഭിച്ചപ്പോൾ ഹേറോദിന്റെ കൊട്ടാരത്തിനപ്പുറം ദൈവസന്നിധിയിലെത്തിക്കു ന്നു. പുത്തൻകാവിൽ തിരുമേനി, പരുമല തിരുമേനി, പാമ്പാടി തിരുമേനി തുടങ്ങിയ പിതാക്കന്മാർ ഈ അറിവും കൃപയും സമന്വയിപ്പിച്ച് ദൈവരാജ്യം മനുഷ്യർക്ക് ദാനം ചെയ്തു. മാമോദീസാ രഹസ്യം (കൂദാശാ രഹസ്യം) ലോകജ്ഞാനികൾക്കു മറഞ്ഞി രിക്കുന്നു എങ്കിലും നിർമ്മല വിശ്വാസികൾക്ക് വെളി പ്പെടുന്നു. വിശുദ്ധ ഐറേനിയോസ് പറഞ്ഞിരിക്കു ന്നത് 'ഒരു വ്യക്തി മാമോദീസാ ഏറ്റു കഴിഞ്ഞാൽ മറ്റൊരു ക്രിസ്തുവായി മാറുന്നു.' മാമോദീസായി ലൂടെ വീണ്ടും ജനനം പ്രാപിച്ച നാം ക്രിസ്തുവോ ക്രിസ്ത്യാനിയോ, ക്രിസ്തുഹാനിയോ ?

**ദനഹായ്ക്കുശേഷം നാലാം ഞായർ കർത്താവിന്റെ ദേവാലയ പ്രവേശനം വയോധിക ദിനം, തൊഴിലാളി ദിനം (2014ഫെബ്രുവരി 2) : ലൂക്കോസ്. 2:22-40; മർക്കോസ് 6:1-6**

സ്വന്തം പ്രദേശത്ത് തിരസ്കൃതനാകുന്ന യേശുക്രിസ്തു ദൈവസന്നിധിയിൽ സ്വീകൃതനാ കുന്ന സ്മരണയും വയോധികരായ ശെമവൂന്റെയും ഹന്നാ പ്രവാചകിയുടെയും നന്ദി സൂചകത്തിന്റെയും ദിവസം.

**1. പുച്ഛവും മുൻവിധിയും**

പുശ്ചത്തോടെ അപരനെ വിലയിരുത്തുന്ന മനോഭാവം വളരെ വ്യക്തമായി സൂചിപ്പിക്കുന്നു.

അടുത്തു നില്പോരനുജനെ നോക്കാന ക്ഷികളില്ലാത്തോൻ അരൂപനദൃശ്യനാം ദൈവത്തെ എങ്ങനെ കാണും എന്ന് പാട്ടുകാരൻ ചോദിക്കു മ്പോൾ അപരനെ തടസ്സമില്ലാതെ പുച്ഛിക്കുന്നത് സ്വഭാവവൈശിഷ്ട്യമായി കരുതുന്ന കാലം. അന്യ രിലെ നന്മ കാണുകയും അംഗീകരിക്കുകയും പ്ര ധാനം. അസൂയ കുടച്ചക്രം പോലെയാണ് എന്ന് പ റയും. വി. ജറോം പറയുന്നത് കന്യകമറിയാമിന്റെ സഹോദരിയായ മറിയാമിന് ക്ലയോപ്പായിലെ മക്കൾ. എന്തായാലും ദൈവമാതാവായ മറിയാമിന്റെ മക്കളല്ല സഹോദരങ്ങളായി പറയപ്പെടുന്നത്. ഇടിച്ചുതാക്കുന്ന അവസ്ഥ അധികമാകുന്ന കാലം. സാധാരണക്കാ രന്റെ അസാധാരണ കഴിവുകളും ഗുണവിശേഷ ങ്ങളും അംഗീകരിക്കാത്ത "വലിയവരാ"ണ് യേ ശുവിനെ ചെറുതായി കാണുന്നത്. ജഡീക കണ്ണാൽ മാത്രം കണ്ടാൽ യേശുവിനെ മനസ്സിലാകുകയില്ല. ഭൗതീകതയുടെ അടിസ്ഥാനത്തിലുള്ള വിലയിരു ത്തലല്ല ആവശ്യം. വ്യക്തിയുടെ അന്തസത്ത (Being) അവഗണിച്ച് അവന് എന്തുണ്ട് (Having) എന്നതിന്റ ടിസ്ഥാനത്തിൽ മൂല്യം നിർണ്ണയിക്കുന്ന കാലം. സഭ യിലും സമൂഹത്തിലും വിശുദ്ധിയേക്കാൾ മറ്റുപല മാനദണ്ഡങ്ങൾ ഇന്നും ഉപയോഗിക്കുന്നു നേരിന്റെ വഴി അറിഞ്ഞാൽ മാത്രം പോരാ ആ വഴിയിലൂടെ നടക്കൂ എന്ന ഉറച്ച നിലപാടാണ് സ്വഭാവ ദൃഢ ത. ഇന്ത്യൻ പ്രസിഡന്റായിരുന്ന എ.പി.ജെ. അബ്ദുൾ കലാം ഒരിക്കൽ പറഞ്ഞു. അകളട എന്ന രോഗത്തേക്കാൾ ഭയക്കേണ്ട മറ്റൊരു അകളട ഉണ്ട് എന്ന്. Accute Integrity Deficiency Syndrome. സ്വഭാവദൃഢ തയുള്ളവർക്ക് മറ്റെന്ത് സംഭവിച്ചാലും പ്രശ്നമില്ല. സ്വഭാവ ദൃഢത ഇല്ലാത്തവർക്കും അങ്ങനെ തന്നെ

"If you have integrity nothing else matters. If you do not have integrity noting else matters" സമൂഹത്തിൽ അകളട എന്ന രോഗത്തെക്കാൾ ഭയാനകമായി ഇതിന്റെ അഭാവം ഉണ്ട്. രണ്ടാംതരക്കാർ വർദ്ധിച്ചുവരുന്നു.

**2. തൊഴിലിന്റെ മഹത്വം**

സഭ തൊഴിൽ ദിനമായി ആചരിക്കുന്നു. തൊഴിലിന് അതിന്റേതായ മഹത്വവും മാഹാത്മ്യവുമുണ്ട്. തച്ചനെ ഉപദേഷ്ടാവായി അംഗീകരിക്കുക പലർക്കും പ്രയാസം. ഇന്നു ജോലിയുടെ വലിപ്പം അനുസരിച്ച് അംഗീകരിക്കപ്പെടുന്ന അവസ്ഥ. വേലയെക്കുറിച്ചുള്ള വികലമായ വീക്ഷണം അധികം. സ്വന്തം സ്ഥലത്ത് ജോലിയിൽ മഹത്വം കാണുന്നില്ല. വിദേശത്തുനിന്ന് നിഖാവത്ത് പ്രാപിച്ച് അനേകർ മടങ്ങിവരുന്നു. കേരളത്തിൽ അന്യസംസ്ഥാന തൊഴിലാളികൾ വർദ്ധിക്കുന്നു. നമുക്ക് നമ്മുടെ നാടിനോടും ഇവിടെയുള്ള തൊഴിൽ സാദ്ധ്യതകളോടുമുള്ളതിൽ അധികം താല്പര്യം white color job നോട് വർദ്ധിച്ചിരിക്കുന്നു. ഏദൻ തോട്ടത്തിൽ വേല ചെയ്യുവാനും കാവൽ ചെയ്യുവാനും മനുഷ്യനെ ആക്കുന്നു (ഉല്പ. 2:15). തൊഴിൽ ഉത്തരവാദിത്വമാണ്. മനുഷ്യരെ പിടിക്കുക എന്ന ഉത്തരവാദിത്വം ശിഷ്യർക്ക് നൽകുന്നു. Time and Tide never wait സമയം തക്കത്തിൽ ഉപയോഗിക്കുക പ്രധാനം. തച്ചന്റെ തൊഴിൽ മോശമായി ചിത്രീകരിക്കുന്നു. തച്ചൻ കണക്കുകൂട്ടൽ ഉള്ളവൻ. നീളവും വീതിയും ഉയരവും (കണക്കുകൾ) കൃത്യമായി നിർവ്വഹിക്കുന്നവൻ തച്ചൻ. തച്ചന്റെ കണക്കുകൾ തെറ്റാറില്ല. മനുഷ്യനെ സൃഷ്ടിച്ചപ്പോഴും കണക്കുകൾ തെറ്റിയില്ല. പക്ഷേ മനുഷ്യൻ തന്നെ അതിനെ തെറ്റിച്ചു. അദ്ധ്വാനിച്ചു ജീവിക്കുന്നത് മാന്യതയായി യേശുവും ശിഷ്യരും പഠിപ്പിക്കുന്നു. (1 തെസ്സ. 4:9–12; അപ്പോ. 20:33)

**3. അവിശ്വാസത്താൽ അസഹിഷ്ണുത**

അവിശ്വാസം ഹേതുവായി ഒന്നും ചെയ്യുവാൻ കഴിഞ്ഞില്ല. ഭക്തി ജീവിതത്തിൽ വിശ്വാസം പ്രധാനം. വിശ്വാസം ദൈവകൃപയിലേക്ക് പ്രവേശിപ്പിക്കുന്നത്. ആ വിശ്വാസം ദൈവകൃപയിൽ നിന്ന കറ്റുന്നത്. ഗാന്ധിജി പറയുന്നു "അസഹിഷ്ണുത സൂചിപ്പിക്കുന്നത് വിശ്വാസ ദൗർബല്യത്തെയാണ്" വിശ്വാസം വർദ്ധിക്കുന്നിടത്ത് ദൈവസാന്നിദ്ധ്യം വർദ്ധിക്കും. ദൈവത്തിനുപോലും ആശ്ചര്യവും അതിശയവുമുണ്ടാകുന്നു മനുഷ്യന്റെ അവിശ്വാസത്തിലും അവിശ്വസ്തതയിലും. വിശ്വാസം വർദ്ധിപ്പിക്കണം എന്ന് നാം പാടുന്നു. യേശു പറയുന്നു. കടുകുമണിയോളം വിശ്വാസം മതിയെന്ന്. പത്രോസ് അല്പ വിശ്വസിയാകുന്നു (മത്താ. 14:31). അവന്റെ നോട്ടം ക്രിസ്തുവിൽ നിന്നു മാറിയപ്പോൾ അല്പ വിശ്വാസിയായി. നോട്ടം പലപ്പോഴും നേട്ടത്തിനു വേണ്ടി. നോട്ടം കാഴ്ചയായി മാറണം. കാഴ്ച ദർശനമായും മാറണം. ദർശനം ഗ്രഹണമായി മാറണം. മുൾപ്പടർപ്പിൽ നോക്കുന്ന മോശ. മോശയുടെ നോട്ടം കാഴ്ചയും ദർശനവും ആകുന്നു. ദർശനതലത്തിൽ പലതിനെയും ഉപേക്ഷിക്കണം. ചെരുപ്പു കളയണം. ഉപക്ഷിക്കുമ്പോൾ ദർശനം ഗ്രഹണതലത്തിലാകും. അവിടെയാണ് യഥാർത്ഥ വിശ്വാസം. ദൈവജനത്തിന് വിശ്വാസം നഷ്ടമായിരിക്കുന്നു.

**മായൽത്തോ ലൂക്കോസ് 2:22–40**

**1. ദൈവസന്നിധിയിൽ സ്വീകാര്യൻ**

യേശുവിന്റെ ദേവാലയ പ്രവേശനം വയോധിക ദിനമായും ആചരിക്കുന്നു. സ്വന്തം ജനത്തിന് വേണ്ടാത്ത യേശു ദേവാലയത്തിൽ സ്വീകരിക്കപ്പെടുന്നു. കടിഞ്ഞൂലായ ആണൊക്കെയും ദൈവത്തിന് വിശുദ്ധ. എന്ന് ലേവ്യ. 12:2–6. ശുദ്ധീകരണ കാലം 40 ദിവസം. യേശു ദേവാലയത്തെക്കാളും ന്യായപ്രമാണത്തെക്കാളും വലിയവൻ. എങ്കിലും നിയമം അനുഷ്ഠിക്കുന്നു. നീക്കുവാനല്ല നിവർത്തിപ്പാൻ വന്നവൻ. യേശു സ്വർഗ്ഗത്തിൽ പേരെഴുതപ്പെട്ട ആദ്യജാതൻ (എബ്രാ. 12:23). സ്ത്രീയെ ദേവാലയത്തിന്റെ കിഴക്കേനടയിൽ നിർത്തി രക്തം തളിച്ച് ശുദ്ധീകരിച്ച് സ്വീകരിക്കുന്നു. ഈ കർമ്മം പൂർത്തീകരിക്കും വരെ അമ്മയും കുഞ്ഞും ദേവാലയത്തിൽ പരിസേവിക്കുകയില്ല. ലേവ്യ. 12:8 ൽ ഇതോടനുബന്ധിച്ചു നടത്തേണ്ട ബലികർമ്മങ്ങളെക്കുറിച്ചും രേഖപ്പെടുത്തുന്നു. മറിയാമിനും യേശുവിനും ശുദ്ധീകരണം ആവശ്യമില്ല എങ്കിലും ജാതികൾക്കു പ്രകാശമായി വന്നവൻ തന്നെ തന്നെ ശുദ്ധീകരണത്തിനായി ഏല്പിക്കുന്നു.

**2.വീണ്ടെടുപ്പുകാരൻ**

യേശു യരുശലേമിന്റെ വീണ്ടെടുപ്പുകാരൻ. മനുഷ്യന്റെ വീഴ്ചയുടെ കാലം മുതൽ വീണ്ടെടുപ്പ് ആവശ്യമായിത്തീർന്നു. യേശു മറുവിലയായി നൽകപ്പെട്ടവൻ. യെശയ്യാ. 63:16 യുഗാരംഭം മുതൽ വീണ്ടെടുപ്പുകാരനായി നിയമിക്കപ്പെട്ട യേശുവിനെക്കുറിച്ചുള്ള വൃദ്ധനായ ശീമോന്റെ പ്രവചനം (ലൂ. 2:34,38). ഹന്നായും ശീമോനും യേശുവിലൂടെ വിമോചനം കാത്തിരുന്നു. കാത്തിരിപ്പിന്റെ സമയം അവസാനിച്ചു നിറവേറലിന്റെ സമയം ഉദിച്ചു. ഈ ഉദയം യിസ്രായേലിനു മാത്രമല്ല സകലജാതികൾക്കും എന്ന് മുന്നമെ മാലാഖ പറഞ്ഞത് ശീമോനും ഹന്നായും പ്രവചിക്കുന്നു. യഹൂദ രാജാവായ യഹോവ യാക്കിമിന്റെ ഭരണകാലത്ത് നെബുഖദ് നേസർ യെരുശലേം പിടിച്ചടക്കുന്നു (2 രാജാ. 24). വിവിധ സാമ്രാജ്യം യെരുശലേമിനെ പിടിച്ചടക്കുന്നുണ്ട്. ഇതിൽ നിന്നെല്ലാം വീണ്ടെടുക്കാനായി മശിഹാ വരും എന്ന് ജനം പ്രതീക്ഷിച്ചു. ഈ വീണ്ടെടുപ്പ് എന്നന്നേക്കുമുള്ളത് എന്നും മശിഹായിലൂടെ എന്നും ജനം വിശ്വസിച്ചു (ലൂക്കോ. 24:21; എബ്രാ. 9:11–12) പഴയതിലേക്ക് പുനസ്ഥാപിയ്ക്കലാണ് വീണ്ടെടുപ്പ്. നഷ്ടപ്പെടുത്തിയ ദൈവീക തേജസ്സും പുത്രത്വവും തിരികെ നൽകുവാൻ ദൈവപുത്രൻ വീണ്ടെടുപ്പുകാരനായി.

**3. സമർപ്പണത്തിനു സാക്ഷ്യം വഹിച്ചവർ**

ശീമോൻ ന്യായപ്രമാണം ഹൃദിസ്ഥമാക്കിയവൻ. ശീമോൻ എന്ന വാക്കിന്റെ അർത്ഥം 'കേൾക്കുന്നവൻ' അവൻ നീതിമാൻ, യിസ്രായേലിന്റെ ആശ്വാസത്തിനായി കാത്തിരുന്നവൻ, ആത്മാവുള്ളവൻ, ദേവാലയത്തിൽ വസിക്കുന്നവൻ, അരുളപ്പാടു ലഭിച്ചവൻ, യേശുവിനെ കൈകളിലെടുത്തവൻ തുടങ്ങിയ അനേക ശ്രേഷ്ഠതകളുള്ള വയോധികൻ (ലൂക്കോ. 2:25–34). ഹന്നായും ദേവാലയം വിട്ടുപോകാതെ പ്രാർത്ഥനയും ഉപവാസവും ആരാധനയും നിഷ്ഠയുമുണ്ടായിരുന്ന വയോധിക. യശയ്യാ പ്ര

വാചകന്റെ പ്രവചന ചുരുൾ പകർത്തിയ ശീമോൻ കന്യക ഗർഭം ധരിച്ചു മകനെ പ്രസവിക്കും എന്ന (യെശ. 7) ഭാഗം വായിച്ചപ്പോൾ അതു സാധ്യമാകാൻ കാത്തിരുന്നവൻ. സാധ്യമായപ്പോൾ ദൈവഹിതത്തിനു പൂർണ്ണമായി സമർപ്പിക്കുന്നു. (2:28). ദേവാലയം ശുദ്ധീകരണ സ്ഥലമാണ്. ദേവാലയത്തിൽ നിന്ന് ആരാധനയും പ്രാർത്ഥനയും ഉപവാസവുമുള്ള ശീമോനും ഹന്നാമാരും അപ്രത്യക്ഷമാകുമ്പോൾ ദേവാലയവും സഭയും കള്ളന്മാരുടെ ഗുഹകളായി മാറ്റപ്പെടും. കവി കുഞ്ഞുണ്ണി മാഷ് പറയുന്നു "എല്ലാവർക്കും ഉറക്കെ പറയാനും പതുക്കെ പറയാനും ഒരു കാര്യമേയുള്ളൂ "സ്വകാര്യം അഥവാ സ്വന്തം കാര്യം." സ്വന്തകാര്യത്തിനുപകരം ദൈവകാര്യം പറയാനും ദൈവസന്നിധിയിൽ സമർപ്പിക്കപ്പെടാനും മായൽത്തോ മുഖാന്തിരമാവട്ടെ."

**4. വൃദ്ധനായ ശീമോന്റെ ചില പ്രത്യേകതകൾ**

a) ഭക്തിജീവിതം നയിച്ചവൻ :- (2:25) മതസാംസ്കാരിക രാഷ്ട്രീയ കാലഘട്ടം ദുഷ്കരമായിരുന്ന ഒരവസ്ഥയിലും ഭക്തിജീവിതം നയിച്ചവനും യിസ്രായേലിന്റെ ആശ്വാസത്തിനായി കാത്തിരുന്നവനും. അസ്വസ്ഥതയുടെ നടുവിൽ പുകയുകയല്ല മറിച്ച് പ്രകാശമാകുന്ന ഭക്തിജീവിതം നയിച്ചു. ദൈവാത്മാവിന്റെ ദാഹവും വിശപ്പുമായിരുന്നു (ആമോ. 8:11) ശീമോനിൽ.

b) ദൈവകേന്ദ്രീകൃതമായ പ്രാർത്ഥനാശീലൻ :- (2:28,29) ജീവാംശം നിറഞ്ഞ പ്രാർത്ഥനാശൈലിയായിരുന്നു. തിരുവചനം പോലെ എന്ന പ്രാർത്ഥന നമുക്കാവശ്യം. യേശുക്കുഞ്ഞിനെ കൈയ്യിലെടുത്ത് ഉമ്മവയ്ക്കാനും തലയിൽ കൈവച്ചു പ്രാർത്ഥിക്കാനും കഴിഞ്ഞു. ഇന്നു നമ്മുടെ ഇഷ്ടത്തിനനുസരിച്ച് പ്രാർത്ഥിക്കുന്നു.

c) സമാധാനത്തോടെ വിട്ടയയ്ക്കാൻ പ്രാർത്ഥിക്കുന്നു :- മരണത്തെ മനസ്സോടെ സ്വീകരിപ്പാനുള്ള വാഞ്ച. മരണം ലാഭകരമായി പൗലോസ് പറഞ്ഞു. പ്രത്യാശ ജീവിതത്തിന്റെ സൗഭാഗ്യമാണ്. മോശ കനാൻ ദൂരവേ കാണിച്ചു. 40 സംവത്സരം ആശിപ്പിച്ചു എന്ന് പരാതി പറഞ്ഞില്ല പ്രത്യാശയോടെ വിടവാങ്ങുന്നു. വി. യാക്കോബിന്റെ തക്സായിൽ "എപ്പോഴോ എവിടെയോ തിരുമനസ്സാകുന്ന പ്രകാരം........"ശീമോന്റെ പ്രാർത്ഥനയും ത്യാഗവും അപ്രകാരം.

d) കാത്തിരുപ്പിന്റെ കരുത്തു തെളിയിച്ച ശീമോൻ :- (2:30-31) നൂറ്റാണ്ടുകളായി യേശുവിനെ കാണാൻ കാത്തിരിക്കുന്നു. പലരും കാത്തിരുന്നു കണ്ടില്ല. ഹേരോദാവിന് അടുത്തുണ്ടായിരുന്ന യേശുവിനെ കാണാൻ കഴിഞ്ഞില്ല. ഓർത്തഡോക്സുകാർ ഓടിനടക്കുകയാണ് ദൈവത്തെ കാണാൻ. കസ്തൂരിമാൻ തന്നിലുള്ള കസ്തൂരി മറ്റു പലയിടത്തും അന്വേഷിയ്ക്കുംപോലെ നാം ആയിരിക്കുന്നു. We lost the power of patience.

e) പ്രവാചകദൗത്യം നിർവ്വഹിക്കുന്ന ശീമോൻ :- (2:34-35) കന്യകമറിയാമിനു നേരിട്ടിരിക്കുന്നതും നേരിട്ടതുമായ വാളിനെക്കുറിച്ചോർമ്മിപ്പിയ്ക്കുന്നു. യേശുവിനെ രക്ഷിക്കുവാനുള്ള തത്രപ്പാടു തുടങ്ങി ആരോപണങ്ങളിലും ക്രൂശീകരണത്തിലും നേരിട്ട അനേക വാളുകൾ. ഇന്നും ക്രൂര ശരങ്ങൾ അനേകം.

**ദനഹാ പെരുന്നാളിനുശേഷം അഞ്ചാം ഞായർ (2014 ഫെബ്രുവരി 9) : മർക്കോസ് 1:12-20**

യേശുക്രിസ്തുവിന്റെ സ്നാപനത്തെ തുടർന്ന് ഉപവസിയ്ക്കാനും സാത്താനാൽ പരീക്ഷിക്കപ്പെടാനും മരുഭൂമിയിലേക്ക് പോകുന്നതും യോഹന്നാൻ സ്നാപകൻ കാരാഗ്രഹത്തിലാക്കപ്പെട്ടതിനാൽ പ്രവർത്തിപഥത്തിലേക്കിറങ്ങുന്നതും ആദ്യ നാല് ശിഷ്യരെ തിരഞ്ഞെടുക്കുന്നതുമാണ് ചിന്താഭാഗം. യേശുവിന്റെ പ്രലോഭനം മാത്രം ചിന്തയ്ക്കായെടുക്കുന്നു.

**1. മരുഭൂമിയുടെ അവസ്ഥ**

യേശു പരിശുദ്ധാത്മാവിനാൽ മരുഭൂമിയിലേക്ക് നയിക്കപ്പെടുന്നു. ദൈവസംസർഗ്ഗത്തിനും ആത്മപരിശോധനയ്ക്കും അനുയോജ്യമായിരിക്കാം അവിടുത്തെ അന്തരീക്ഷം. മരുഭൂമിയിൽ ഏകാന്തതയും മണൽക്കാറ്റും മരുപ്പച്ചയുമുണ്ട്. വിജനമായ മരുഭൂമിയുടെ നിശബ്ദതയിൽ നിന്ന് ഇടിനാദം പോലെ ഉയർന്ന യോഹന്നാന്റെ ശബ്ദം നിലച്ചു. 400 വർഷത്തെ മിസ്രയീം വാസം കഴിഞ്ഞ് 40 വർഷത്തെ മരുഭൂയാത്ര കഴിഞ്ഞാണ് പഴയ യിസ്രായേൽ കനാനിലെത്തിയത്. മരുഭൂമി ഒന്നും വളരാത്ത സ്ഥലമാണ്. സാത്താന്റെ വാസസ്ഥാനമാണ്. മരുഭൂമിയിൽ തപസ്സു ചെയ്യുന്നത് സാത്താനെ അവന്റെ വാസസ്ഥാനത്തുചെന്ന് അവനുമായി മല്ലിടുന്നതാണ്. ഇംഗ്ലീഷ് കവിയായ മാത്യു ആർനോൾഡ്, 'ഡോവർ ബീച്ച്' എന്ന കവിതയിൽ "ശത്രുവിനെയും മിത്രത്തെയും തിരിച്ചറിയാനാവാതെ പരസ്പര യുദ്ധം ചെയ്യുന്നവരുടെയിടയിൽ ഒന്നു മാത്രമേ കരണീയമായിട്ടുള്ളൂ. പരസ്പരം സ്നേഹിക്കുക" എന്ന് ഓർമ്മിപ്പിക്കുന്നു. സീൻ മരുഭൂമിയിൽ മോശയും അഹറോനുമെതിരായി ജനം പിറുപിറുക്കുന്നു. മരുഭൂമിയിൽ മേശയൊരുക്കുവാൻ ദൈവത്തിനു കഴിയുമോ എന്നു ചോദിക്കുമ്പോൾ ദൈവം മേശ ഒരുക്കുന്നതായി വേദപുസ്തകം പഠിപ്പിക്കുന്നു (സങ്കീ. 78:19). ഹാഗറിന് ദൈവം മരുഭൂമിയിൽ മേശ ഒരുക്കുന്നു. ഏലിയാവിന് ആഹാബിനു മുമ്പിൽ മേശ ഒരുക്കുന്ന ദൈവം. മരുഭൂമി നിർജ്ജനം എങ്കിലും അവിടെയും മരപ്പച്ചയായി ദൈവം ഉണ്ട്.

**2. യേശുവിന്റെ പ്രലോഭനങ്ങൾ**

യേശു സാത്താനാൽ പരീക്ഷിക്കപ്പെടുന്നു. മരുഭൂമിയിൽ ചിലവഴിച്ച സമയം പ്രാർത്ഥനയുടെയും പരിശോധനയുടെയും സമയമായിരുന്നു. ദൈവത്തോടടുക്കാൻ ശ്രമിക്കുന്നവരെ പിറകോട്ടു വലിയ്ക്കുന്നതാണ് സാത്താന്റെ ജോലി. ആദ്ധ്യാത്മികതയുടെ ഉച്ചകോടിയിലാകുമ്പോൾ സാത്താൻ പരീക്ഷിക്കും. വേദപുസ്തകം quote ചെയ്യും. അത്ഭുതം കാണിച്ചംബരപ്പിക്കും.

a) വിശപ്പു തുറന്നു കൊടുക്കുന്ന പ്രലോഭനം :- സാത്താൻ യേശുവിന്റെ മനസ്സിലേക്കു കയറുന്നത് വിശപ്പു തുറന്നു കൊടുത്ത വാതിലിലൂടെയാണ്. 'നിങ്ങൾ സ്വയം വിശ്വസിക്കുന്നതുപോലെ ദൈവപുത്രനെങ്കിൽ നിങ്ങൾ വിശപ്പിന്റെ വേദനയ്ക്കു വിരാമമിടാൻ നിങ്ങൾക്കുള്ള ശക്തി പ്രയോഗിച്ചു കൂടെ'

എന്ന ചോദ്യം. ഭൗതീകാവശ്യങ്ങൾ ഇഷ്ടപ്പെടുന്ന മശിഹായെയാണ് സാദൂക്യർ ആഗ്രഹിച്ചിരുന്നത്. യേശുവിന്റെ മരണം വരെയും പരീക്ഷണങ്ങളുമുണ്ട് (മർ. 8:11, 32, 14:34; ലൂക്കോ. 22:23). സാത്താൻ പ്രതിയോഗിയും എതിരാളിയുമാണ്. വികാരത്തിലൂടെ അടിമയാക്കുക ലക്ഷ്യം. യേശു പറയുന്നു എന്റെ വികാരം സഹിപ്പാൻ ഞാൻ ശക്തൻ. മനുഷ്യൻ അപ്പം കൊണ്ടല്ല ദൈവവചനത്താലും ഉപജീവിക്കുന്നു (ആവർത്തനം 8:3). മനുഷ്യനവനവനെ തന്നെ നിയന്ത്രിക്കാൻ വയ്യാത്ത അവസ്ഥ. അവൻ നിന്നെ എളിമപ്പെടുത്തുകയും നിനക്കു വിശക്കുന്നതിനിടയാക്കുകയും മന്നാകൊണ്ടും മാറായിലെ വെള്ളം കൊണ്ടും പോഷിപ്പിച്ചു. ഇതു മനസ്സിലാക്കാനും സഹിയ്ക്കാനുമുള്ള ആർജ്ജവത്വം ഉണ്ടാകണം. ഇന്ന് സംതൃപ്തിയുടെ ആദ്ധ്യാത്മികതയാണ്. ജഢീകത നിയന്ത്രിക്കാൻ കഴിയാത്ത അവസ്ഥ. അധാർമ്മികത അധികമായിരിക്കുന്ന അവസ്ഥ. മദ്യ ഉപഭോഗം 2011 ൽ 6700 മില്യൻ ലിറ്റർ ആയിരുന്നത് 2015 ൽ 19000 മില്യൻ ലിറ്റർ ആകുമെന്ന് മാധ്യമം ഓർമ്മിപ്പിക്കുമ്പോൾ മനോരമ പത്രത്തിൽ ജസ്റ്റീസ് കെ. സുകുമാരന്റേതായി വന്ന ഈരടി ശ്രദ്ധേയം

"നാഴി നാഴൂരി ചാരായത്തിന് കൂട്ടുവാൻ ഒരു കോഴിയും

ഈശ്വരാ അതിനു ചേർക്കുവാനൊരു തേങ്ങയും വീണുകിട്ടണേ" ശിക്ഷണവും നിയന്ത്രണവും ഇല്ലാതെ ജഡാഭിലാഷത്തിന്റെ മൂർദ്ധന്യതയിലായ മനുഷ്യർ.

b) അമാനുഷികതയ്ക്കുള്ള പ്രലോഭനം :- മറ്റുള്ളവരുടെ മുമ്പിൽ വലിയവനാകാനുള്ള അഭിവാഞ്ഛ മനുഷ്യനധികം. ഏതു വിധത്തിലും ഷൈൻ ചെയ്യാനുള്ള അവസരം നോക്കി പാർക്കുന്ന അവസ്ഥ. അത്ഭുത പ്രവർത്തനം യഹൂദർ പ്രതീക്ഷിച്ചു. അമാനുഷിക ശക്തി പ്രകടിപ്പിക്കുന്ന ദൈവത്തെയാണ് പരീശർ ആഗ്രഹിച്ചത് (മത്താ.4:6) ആരെയും വിശ്വസിപ്പിക്കുന്ന അത്ഭുത പ്രവർത്തനം മശിഹാ നടത്തും എന്നായിരുന്നു ആഗ്രഹം. എന്നാൽ യേശു സ്വന്തം ശക്തി പ്രയോഗിക്കാൻ ഉറച്ചത് നിസ്വരെ സഹായിക്കാൻ മാത്രം വെളിപ്പെടുത്തപ്പെട്ട ദൈവഹിതത്തിനെതിരെ തന്റെ ശക്തി ആവശ്യപ്പെടുന്നത് ദൈവത്തെ പരീക്ഷിക്കലാണ്. നിങ്ങൾ മസ്സായിൽ വെച്ച് പരീക്ഷിച്ചപ്രകാരം പരീക്ഷിക്കരുത് എന്ന് ഓർമ്മിപ്പിക്കുന്നു (ആവ. 6:16). ചെറുപ്പക്കാർക്കു മാത്രമല്ല പ്രായമായവർക്കും പക്വതയില്ലായ്മ. നാം ബലഹീനരാകുമ്പോൾ ദൈവശക്തി നമ്മിൽ ബലപ്പെടും. പത്രോസ് പറഞ്ഞു പൊന്നും വെള്ളിയുമില്ല. ദൈവനാമത്തിൽ എഴുന്നേൽക്ക. അമാനുഷികതയല്ല.

c) വിലപേശലിന്റെ പ്രലോഭനം :- കുമ്പിടുക സകലവും നല്കാം. ഒരു വിലപേശൽ നടത്തുന്നു. കരാർ ഒപ്പിടുവാൻ ശ്രമിക്കുന്നു. ലോകം അടിമുടി സമ്പത്തിന്റെയും അഴിമതിയുടെയും മാഫിയായുടെയും പിന്നാലെ. 'ഒരു മരണപ്പോരാട്ടമില്ലാതെ ഞാനാ ലോകത്തെ തിരിച്ചു നൽകാം. ഞാൻ ആരാധിക്കുക എന്ന കരാർ മാത്രം.' യഹൂദമതത്തിലെ തീവ്രവാദികളുടെ ആഗ്രഹംയേശു സാമ്രാജ്യം സ്ഥാപിക്കുമെന്നത്. യേശുവിന്റെ മറുപടി സാത്താനേ പിന്നിൽ പോവുക (ആവർ. 6:13) ആരാധിക്കപ്പെടേണ്ടവൻ ദൈവം മാത്രം. ഭാഗ്യസ്മരണാർഹനായ ഒസ്താത്തിയോസ് തിരുമേനിയുടെ ഭാഷയിൽ മാഫിയാ കോളും, സോഫിയാ കോളും അല്ല ഗ്ലോറിയാ കോളിലേക്ക് എത്തിച്ചേരുക. സമ്പത്തു വർദ്ധിപ്പിക്കുന്നതാണ് ആദ്ധ്യാത്മികതയുടെ അടിസ്ഥാനമെന്ന് ചിന്തിക്കുകയും 'പണമില്ലാത്തവൻ പിണം' എന്ന തലത്തിലും ആയിരിക്കുന്നു. യേശു 'go away' എന്നു പറഞ്ഞപ്പോൾ മനുഷ്യൻ ഇങ്ങു കൊണ്ടുവരാൻ പറയും. ഗേഹസിയെപ്പോലെയാണ് നമ്മൾ. "തനിക്കു കുറച്ചേ അറിയൂ എന്ന് ബുദ്ധിമാന്മാർ വിശ്വസിക്കുന്നു. എല്ലാം അറിയാം എന്ന് വിഡ്ഢികൾ കരുതുന്നു"- നെഹ്റു.

ദൈവം പിശാചിനെ ബാക്കി വെച്ചില്ല (കൊലോ. 2:15). കാട്ടുമൃഗങ്ങൾ യേശുവിനെ ഉപദ്രവിച്ചില്ല. പ്രലോഭനം യേശു വിജയകരമായി അതിജീവിച്ചു. മാലാഖമാർ യേശുവിനെ പരിചരിയ്ക്കുന്നു. 3 നോമ്പിന്റെ ആരംഭം. കപടഭക്തിയല്ല ആവശ്യം. ആത്മതപനവും രട്ടിലും വെണ്ണീറിലുമുള്ള അവസ്ഥയും കൂടുതൽ ശുദ്ധീകരണത്തിന് മുഖാന്തിരം. പ്രലോഭനങ്ങൾ അതിജീവിച്ച് ഭക്തിജീവിതത്തിൽ മുന്നേറാം.

## MGOCSM യൂണിറ്റ് ഉത്ഘാടനം



ഉമയാറ്റുകര സെന്റ് തോമസ് ഓർത്തഡോക്സ് വലിയ പള്ളിയിൽ എം.ജി.ഒ.സി.എസ്.എം യൂണിറ്റ് അഭിവന്ദ്യ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ ഉത്ഘാടനം ചെയ്തു. വികാരി ഫാ. ഫിലിപ്പ് ജേക്കബ് മൂലമണ്ണിൽ അദ്ധ്യക്ഷത വഹിച്ചു. യൂണിറ്റ് വൈസ് പ്രസിഡന്റ് പ്രൊഫ. സാബു വർഗീസ് (സെന്റ് ഗ്രീഗോറിയോസ് കോളജ്, കൊട്ടാരക്കര) ക്ലാസ്സിന് നേതൃത്വം നൽകി. ഡിസ്ട്രിക്ട് ഓർഗനൈസർ ശ്രീമതി ഷൈനി ജോസഫ് (HSA ബാലികാമഠം ഹൈസ്കൂൾ, തിരുമൂലപുരം) മുഖ്യ സന്ദേശം നൽകി.

## ഡോക്ടറേറ്റ് കരസ്ഥമാക്കി



ബാംഗ്ലൂർ ധർമ്മാരാം യൂണിവേഴ്സിറ്റിയിൽ നിന്നും Identity of the Malankara Orthodox Church, A Study in the light of the writings of Fr. Dr. V.C. Samuel വിഷയത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയ ഫാ. നൈനാൻ കെ. ജോർജ്ജ്. കോട്ടയം വൈദിക സെമിനാരി അദ്ധ്യാപകനും തോട്ടപ്പുഴ മാർ ഗ്രീഗോറിയോസ് ഇടവകാംഗവും മംഗലം സെന്റ് ജോർജ്ജ് പള്ളി വികാരിയുമാണ്.

വിശ്വാസത്തോടുള്ള പ്രാർത്ഥനയിൽ നിന്നും, ഹൃദയവേദനയിൽ നിന്നും നിർഗളിക്കുന്ന കണ്ണുനീരിനു ദൈവസന്നിധിയിൽ ഒരു വിലയുണ്ട്. അത് പാപികളെ മാനസാന്തരപ്പെടുത്തും; മരണത്തിൽ നിന്നും സംരക്ഷിയ്ക്കും; വന്ധ്യമായ ഉദരങ്ങൾക്ക് ജീവന്റെ തുടിപ്പുകളെ സമ്മാനിയ്ക്കും.

ജീവിതത്തിലെ ചില നിമിഷങ്ങൾ നമുക്ക് സമ്മാനിക്കുക കലങ്ങിയ കണ്ണുകളും പിടയ്ക്കുന്ന ഹൃദയങ്ങളുമാകാം. എന്നാൽ വേദനകളെയും തിരിച്ചടികളെയും സഹനമായി കാണാതെ; തന്നെ മെനഞ്ഞ; തനിക്കായി ക്രൂശിലേറിയ പൊന്നുതമ്പുരാന്റെ ക്രൂശായി കാണുവാനും ആ ക്രൂശിൽ പ്രാർത്ഥനയുടെയും വിശ്വാസത്തിന്റെയും കണ്ണീർ ചാലിയ്ക്കുവാൻ നമുക്കാകണം. ആ കണ്ണീർകണങ്ങൾ ദൈവസന്നിധിയിൽ ഒരു സമ്പാദ്യമായിത്തീരും.

സ്വർഗ്ഗം തുറക്കുന്ന കണ്ണീരിനു മുൻപിൽ ഹൃദയം തുറക്കുന്ന ദൈവത്തിന്റെ ഒരു കഥ ദാനിയേലിന്റെ പുസ്തകത്തിലുണ്ട് ''സൂസന്ന'' എന്നൊരു കഥാപാത്രം. പതിവ്രതയും സംസ്കാരചിത്തയുമായ സൂസന്നയെ കള്ളസാക്ഷ്യം പറഞ്ഞ് പാപിനിയായി ചിത്രീകരിക്കുമ്പോൾ രഹസ്യങ്ങൾ വിവേചിച്ചറിയുന്ന ദൈവത്തോട് അവൾ പ്രാർത്ഥിക്കുന്നു. (ദാനി. 13:35; 13:42, 43) ഇന്നു നമ്മുടെ സംസ്കാരങ്ങളിലും നന്മയ്ക്ക് മുമ്പിൽ കണ്ണുപൊത്തി നടത്തുന്ന ചേഷ്ടകൾക്ക് ഒട്ടും മയമില്ല എന്നു ചിന്തിക്കുന്നത് നന്നാണ്. ആർക്കൊക്കെയോ മുമ്പിൽ നാം പലപ്പോഴും സത്യത്തിന്റെ വാതിലുകൾ കൊട്ടി അടയ്ക്കുന്നു. ശേഷം കഥ ദാനിയേൽ അവസാനിപ്പിക്കുന്നത് ഇങ്ങനെയാണ് “കർത്താവ് അവളുടെ നിലവിളി കേട്ടു” (ദാനി. 13:44).

പഴയ നിയമത്തിൽ പ്രതിപാദിക്കുന്ന നീതിമാനായ ഒരു രാജാവാണ് ഹെസക്കിയാ....! അദ്ദേഹം ജീവിതകാലമൊക്കെയും ദൈവത്തോട് ഒട്ടിച്ചേർന്ന് ജീവിച്ചുവെന്ന് വേദപുസ്തകത്തിൽ തന്നെ പറയുന്നുണ്ട് (2 രാജാ. 18:6). എന്നാൽ തന്റെ അന്ത്യം പ്രവാചകൻ മുഖാന്തിരം അദ്ദേഹത്തിനു വെളിപ്പെടുമ്പോൾ തന്റെ ആയുസ്സിനായി അയാൾ കരഞ്ഞു പ്രാർത്ഥിക്കുന്നു. പിന്നീട് ആ ഭാഗം ഇങ്ങനെയാണ് വായിക്കുന്നത് ''ഹെസക്കിയാ ഞാൻ നിന്റെ കണ്ണുനീർ കാണുകയും പ്രാർത്ഥന കേൾക്കുകയും ചെയ്തിരിക്കുന്നു” (2 രാജാ. 20:5). തന്റെ ഭക്തന്മാരുടെ നിലവിളി കേൾക്കുന്ന ദൈവത്തെ ദാവീദു രാജാവും വ്യക്തമാക്കുന്നുണ്ട് (സങ്കീ. 145:19).

ഇങ്ങനെ പഴയ നിയമത്തിൽ മാത്രമല്ല പുതിയ നിയമത്തിലും ദൈവത്തിനു മുമ്പിൽ കണ്ണീരിനു സ്ഥാനമുണ്ടെന്ന് ദൈവപുത്രൻ പഠിപ്പിക്കുന്നുണ്ട്. തന്റെ മുമ്പിൽ കണ്ണീർ വാർത്ത കാനാൻകാരിയോട് “നീ ആഗ്രഹിക്കുന്നതുപോലെ ഭവിയ്ക്കട്ടെ” (മത്താ. 15:21) എന്നു ക്രിസ്തു പറയുന്നുണ്ട്. ആത്മീയ അന്ധതയാൽ ഒരുവന്റെ നിലവിളിക്കു മുമ്പിൽ ചെവികൊടുക്കാത്ത ലോകത്തെ, വിശ്വാസത്താൽ കാണുന്ന ജറീഹോവിലെ അന്ധൻ ഇതിനു മറ്റൊരു ഉദാഹരണമാണ്.

കരഞ്ഞു പ്രാർത്ഥിക്കുവാൻ കഴിയുക എന്നത് യഥാർത്ഥത്തിൽ ഒരു അനുഗ്രഹമാണ്. ദൈവത്തിനു മുമ്പിൽ ആത്മാർത്ഥമായി കണ്ണീർവാർക്കുന്ന എന്റെ അമ്മ കണ്ണീരിന്റെ വിലയെക്കുറിച്ച് എന്നെയേറെ ചിന്തിപ്പിച്ചിട്ടുണ്ട്. അലിവാർന്ന ദൈവത്തിനു മുമ്പിൽ നിറകണ്ണുകളുമായ് നിൽക്കുവാൻ കഴിയുക എന്നത് ഒരു സൗഭാഗ്യം തന്നെ.

ദൈവതിരുമുമ്പിൽ മശിഹായുടെ പീഢാനുഭവങ്ങളും അവയ്ക്ക് കാരണമായ പാപങ്ങളും ഓർത്ത് വിലപിച്ച് കണ്ണുനീർ വാർത്തിരുന്ന ശീലം അസ്സീസിയിലെ ഫ്രാൻസിസ്സിനുണ്ടായിരുന്നു. നിരന്തരമായി കണ്ണീർവാർത്ത് അദ്ദേഹത്തിന്റെ കാഴ്ചയ്ക്ക് മങ്ങലേൽക്കുന്നു. എന്നാൽ ഇന്നു നമ്മുടെ കാഴ്ചകൾക്ക് മങ്ങലേൽക്കുന്നത് കണ്ണീർ പരമ്പരകൾക്കു മുമ്പിലാണെന്ന് മറ്റൊരു യാഥാർത്ഥ്യം.

എന്തുകൊണ്ടാണ് മനുഷ്യന്റെ കണ്ണുനീരിനു ദൈവസന്നിധിയിൽ ഇത്രയേറെ വിലയുള്ളതെന്നു മനസ്സിലാക്കണമെങ്കിൽ ദൈവസ്വഭാവ സവിശേഷതകളിലേക്ക് നാം കണ്ണോടിക്കേണ്ടതായുണ്ട്. സുവിശേഷത്തിൽ തെളിയുന്ന യേശുവിന്റെ അനുകമ്പയും (മത്താ. 14:14), ഉള്ളലിവും (മത്താ. 20:34), മനസ്സലിവും (മത്താ. 15:20) നാം ആഴത്തിൽ അറിയുക ഈ കണ്ണീരിലൂടെയാണ്. ലോകരക്ഷയ്ക്കായി മനുഷ്യനായി അവതരിച്ച ദൈവത്തിനു മനുഷ്യമനസ്സുകളെ നന്നായി മനസ്സിലാക്കുവാനാകും.

ഇനിയും ഒന്നു കണ്ണടയ്ക്കാം;
കണ്ണു നിറയുന്നു....!



ലേഖനം

# നിറഞ്ഞ കണ്ണുകളുമായി...

ജിജി തോമസ്, പുത്തൻകാവ്

ഹരിതപത്രിക

# കുറ്റികുരുമുളക്

കുരുമുളകിൽ 3 തരത്തിലുള്ള ശാഖകൾ ഉണ്ട്.

1. കേറുതലകൾ :- നേരെ വളരുന്നതും പറ്റു വേരുകളാൽ താങ്ങ് കാലുകളിൽ പറ്റിപ്പിടിച്ചു വളരുകയും ചെയ്യുന്ന ശാഖകളാണ് കേറുതലകൾ.
2. ചെന്തലകൾ :- ചെടിയുടെ കടഭാഗത്തു നിന്നും മണ്ണിന് സമാന്തരമായി വളരുന്ന ചെന്തലകൾ ആണ് പ്രധാനമായും പ്രജനനത്തിന് ഉപയോഗിക്കുന്നത്.
3. കണ്ണിതലകൾ :- തായ്തണ്ടിൽ നിന്നും വളരുന്ന വിളവു തരുന്ന പാർശ്വശിഖരങ്ങളെ കണ്ണിതലകൾ എന്നു പറയുന്നു.

വീട്ടാവശ്യത്തിനുള്ള കുരുമുളക് കിട്ടാൻ നാലഞ്ചു ചെടിച്ചട്ടികളിൽ കുറ്റിക്കുരുമുളകു വളർത്തിയാൽ മതി. മുറ്റത്തോ ടെറസ്സിനു മീതെയോ ഇവ ക്രമീകരിക്കാം.

കുറ്റിക്കുരുമുളക് തൈകൾ വീട്ടിൽതന്നെ ഉണ്ടാക്കാം. തൈകള് നട്ട് നല്ല പരിചരണം നൽകിയാൽ ആറ് മാസത്തിനുള്ളിൽ തന്നെ തിരിപിടിക്കും. വർഷം മുഴുവൻ കുരുമുളക് കിട്ടും.

കുറ്റിക്കുരുമുളകിന്റെ തൈകൾ നമുക്ക് സ്വന്തമായിട്ടുണ്ടാക്കാം. ഒരു വർഷം മൂപ്പുള്ള പാർശ്വ ശിഖരങ്ങൾ നട്ടാണ് വേരു പിടിപ്പിക്കുന്നത്. മൂന്നു മുതൽ അഞ്ചു വരെ മുട്ടോടുകൂടി മുറിച്ചെടുത്ത പാർശ്വ ശിഖരങ്ങളിലെ ഇലകൾ ഞെട്ടിൽ അൽപ്പം നിർത്തി മുറിക്കണം. ഇവ 20–30 മിനിറ്റ് സമയം 0.2% വീര്യമുള്ള കോപ്പർ ഓക്സിക്ലോറൈഡ് ലായനിയിൽ മുക്കിവയ്ക്കണം. ഇതിലൂടെ കുമിൾ രോഗബാധ നിയന്ത്രിക്കാം. ഫെബ്രുവരി –മാർച്ച് മാസങ്ങളാണ് നല്ല സമയം.

കുറ്റുക്കുരുമുളക് നടുമ്പോൾ വേരു പിടിച്ചു കിട്ടാത്തതാണ് പ്രധാന പ്രശ്നം. ഇതിന് പാർശ്വ ശിഖരങ്ങൾ, വേരുപിടിത്തം കൂട്ടുന്ന സെറാഡിക്സ് എന്ന ഹോർമോണിൽ മുക്കിയിട്ട് നടണം.


പോളിബാഗുകളിൽ നടീൽ മിശ്രിതം നിറച്ച് 3–4 കമ്പുകൾ വീതം നടാം. നല്ല നനയും തണലും നൽകാൻ മറക്കരുത്. മൂന്നുമാസം കഴിയുമ്പോഴേക്കും വേരുപിടിച്ചു കിട്ടും. ഇവയ്ക്ക് നല്ല കരുത്തുകിട്ടാൻ ട്രൈക്കോഡെർമ കൾച്ചർ ചേർക്കാം. ഒരു കിലോ നടീൽ മിശ്രിതത്തിന് ഒരു ഗ്രാം എന്ന കണക്കിൽ ട്രൈക്കോഡെർമ ചേർക്കണം. ചെടിച്ചുവട്ടിൽ ആഴ്ചയിലൊരിക്കൽ സ്യൂഡോമോണാസ് പത്ത് ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ചേർത്തിളക്കിയ ലായനി ഒഴിച്ചു കൊടുക്കുന്നതും നല്ലതാണ്.

വിസ്താരമേറിയ ചെടിച്ചട്ടികളിലോ നേരിട്ട് തറയിലെടുക്കുന്ന കുഴികളിലോ കുറ്റിക്കുരുമുളക് തൈനടാം. ചെടിച്ചട്ടിക്ക് നല്ല നീർവാർച്ചയുറപ്പാക്കണം. ഇതിന് ചട്ടിയുടെ അടിഭാഗത്ത് ദ്വാരമുണ്ടായിരിക്കണം. ഇതിൽ 2:1:1 അനുപാതത്തിൽ നല്ല മണ്ണും മണലും കാലിവളപ്പൊടിയും ചേർത്തിളക്കിയ നടീൽ മിശ്രിതം നിറയ്ക്കണം. ചെടിച്ചട്ടിയുടെ ഏറ്റവും അടിവശത്ത് ഓടു കഷണം, ചരൽ എന്നിവ നന്നായി നിരത്തണം.

ഇവിടേക്ക് വേരുപിടിപ്പിച്ച തൈകൾ നടാം. നഴ്സറികളിൽ നിന്നു ലഭിക്കുന്ന തൈകളുടെ പോളിബാഗ്, ബ്ലെയിഡ് ഉപയോഗിച്ച് കീറി മണ്ണു സഹിതം വേരുപൊട്ടാതെ ചെടിച്ചട്ടിയിൽ നട്ടു നനച്ച് തണലിൽ വയ്ക്കണം. തൈകൾക്ക് ചുവട്ടിൽ ട്രൈക്കോഡെർമകൾച്ചർ, സ്യൂഡോമോണാസ് എന്നിവ നൽകണം. ചെടിച്ചട്ടിയിൽ നന്നായി വേരോടി വളർന്നു കഴിഞ്ഞാൽ 3 മാസത്തിലൊരിക്കൽ കാലിവളം 50 ഗ്രാം വീതം ചുവട്ടിൽ ചേർക്കണം. ഒന്നിടവിട്ട മാസം 20 ഗ്രാം കടലപ്പിണ്ണാക്ക് 30 ഗ്രാം വേപ്പിൻ പിണ്ണാക്ക് എന്നിവ ചേർക്കണം. ചെടി വളർന്നു വരുന്നതനുസരിച്ച് വശത്തേക്ക് വളരുന്ന ശാഖകൾ മുറിച്ചു നേരേ നിർത്തി. കുറ്റിയാക്കി നിർത്തണം.

# കിവാനൊ മെലൻ

ആഫ്രിക്കയിൽ വളരുന്ന ഒരു വെള്ളരിവർഗ്ഗ ചെടിയാണ് കിവാനൊ മെലൻ. മുരിക്കിന്റെ മുള്ളുപോലെ നല്ല കട്ടിയുള്ള പുറംതൊലി ഉള്ളതായ പഴവർഗ്ഗമാണ് കിവാനൊ മെലൻ. പാഷൻ ഫ്രൂട്ടിന്റെ രുചിയോട് സാമ്യപ്പെടുത്താവുന്ന ഈ വെള്ളരിവർഗ്ഗ ചെടി മൂന്നുമാസം കൊണ്ട് വിളവു തരും.



വിദേശ മാർക്കറ്റിൽ 5000–8000 രൂപയോളം കിലോയ്ക്ക് വിലയുണ്ടെന്ന് അറിയുന്നു. ഒരു ചെടിയിൽ 20 മുതൽ 40 വരെ കായ്കൾ ഉണ്ടാകും. മഴക്കാലം ഒഴിച്ചുള്ള കാലങ്ങളിൽ കൃഷിചെയ്യാം. ഗ്രോബാഗിലോ, ചാക്കിലോ, നിലത്തോ നല്ല സൂര്യപ്രകാശം ലഭിക്കുന്ന ഇടത്ത് കൃഷി ചെയ്യണം. പോഷകങ്ങൾ അടങ്ങിയതാണ് ഈ പഴവർഗം. അധികം ഉയരാതെ വളരുന്ന വള്ളിച്ചെടിയായതുകൊണ്ട് കൃഷി ചെയ്യുവാൻ എളുപ്പമാണ്. (ഇന്റർ നെറ്റിൽ കൂടുതൽ വിവരങ്ങൾ ലഭ്യമാണ്) ഈ പഴവർഗ്ഗം മൂത്തു കഴിഞ്ഞാൽ സ്വർണ്ണ നിറമാകും. ചെടി ഉണങ്ങിയാലും പഴങ്ങൾ വള്ളിയിൽ തൂങ്ങിക്കിടക്കും. ഒരു പഴത്തിന് ഏകദേശം 200–300 ഗ്രാം തൂക്കം വരും.

താല്പര്യമുള്ളവർ മേൽ വിലാസം എഴുതി സ്റ്റാമ്പ് ഒട്ടിച്ച കവറുകൾ അയച്ചു തന്നാൽ കുറച്ച് വിത്തുകൾ ഉള്ളത് അയച്ചുതരാം.

**P.A. ISSAC,** Pandicheril Mepurath
P.O. Kuttoor, Thiruvalla - Pin 689 106

ബാലപത്രിക

# ക്ഷമയിലൂടെ കരുത്താർജ്ജിക്കുക

സ്നേഹമുള്ള കൂട്ടുകാരെ,

ജീവിതത്തിൽ നമ്മുടെ ഇച്ഛയ്ക്കെതിരായ കാര്യങ്ങൾ സംഭവിക്കുമ്പോൾ നാം നിരാശരും കോപാകുലരും ഒക്കെ ആകാറുണ്ട്. എന്നാൽ ക്ഷമ കൊണ്ട് നമുക്ക് വലിയ കാര്യങ്ങൾ നേടിയെടുക്കുവാൻ പലപ്പോഴും കഴിയും.

ഒരിക്കൽ ഒരു സന്യാസി ബോട്ടിൽ യാത്ര ചെയ്യുകയായിരുന്നു. സഹയാത്രികരുടെ കൂട്ടത്തിൽ ഏതാനും ചെറുപ്പക്കാരുമുണ്ടായിരുന്നു. കാഷായ വസ്ത്രവും ഭസ്മക്കുറിയും ധരിച്ച ആ സന്യാസി ഒരു കോണിൽ ഒറ്റയ്ക്കിരിക്കുകയായിരുന്നു. ആ ചെറുപ്പക്കാർ അദ്ദേഹത്തെ പതുക്കെ കളിയാക്കുവാൻ തുടങ്ങി. സന്യാസി ഒന്നും മിണ്ടുന്നില്ല എന്നു കണ്ടപ്പോൾ അവരുടെ കുറുമ്പു വർദ്ധിച്ചു. അവരിൽ ഒരു വിരുതൻ സാധുവിന്റെ തലയിലും പുറത്തും അടിച്ചു താളംപിടിച്ചു രസിച്ചു. പാവം സന്യാസി എല്ലാ സഹിച്ചിരുന്നു.

പെട്ടെന്ന് ആകാശം ഇരുണ്ടു. കാറ്റും കോളും ഉണ്ടായി. തിരമാലകൾ ഉയർന്നു. ആകാശത്തെ കീറിമുറിക്കുന്ന മിന്നൽ പിണരും ഇടിയും ഉണ്ടായി. പരിഭ്രാന്തരായ യാത്രക്കാർ കണ്ണു മുറുക്കി അടച്ചു. അപ്പോൾ ഒരു അശരീരി കേട്ടു.

'ഈ വിനോദം അല്പം കൂടിപോകുന്നു. ക്ഷമയ്ക്കും ഒരതിരുണ്ട്. ഇത്ര വളരെ സഹിക്കുന്നത് ഭീരുത്വമല്ലേ? ഞാൻ ഈ ബോട്ടു മുക്കുവാൻ പോകുന്നു. സന്യാസി ഒഴികെ ഏവരും നശിക്കുവാൻ പോകുന്നു'.

സന്യാസി കണ്ണു തുറന്നു. അദ്ദേഹം പറഞ്ഞു. 'യുവ സഹോദരങ്ങളെ ഭയപ്പെടേണ്ട; നിങ്ങൾ കേട്ട ശബ്ദം ദൈവത്തിന്റേതല്ല; പിശാചിന്റേതാണ്. ഞാൻ ഇതിൽ ഉള്ളിടത്തോളം കാലം ഒരു ശക്തിക്കും ഇതു മുക്കുവാൻ സാധിക്കില്ല.'.

പെട്ടെന്നു മഴക്കാറുനീങ്ങി; മാനം തെളിഞ്ഞു; അന്തരീക്ഷം പ്രസന്നമായി. വീണ്ടും ഒരശരീരി കേട്ടു. 'മകനെ കൊള്ളാം. നിന്റെ ക്ഷമ അപാരം തന്നെ; നീ നന്നായി ചെയ്തു'.

അപ്പോൾ സന്യാസി പറഞ്ഞു: 'നോക്കൂ;



ഇതു ദൈവത്തിന്റെ ശബ്ദമാണ്'. അദ്ദേഹത്തിന്റെ വദന ബിംബത്തിൽ അഭൗമമായ ഒരു ദിവ്യതേജസ്സ് നൃത്തം ചെയ്യുന്നത് യുവാക്കൾ കണ്ടു. അവർ അദ്ദേഹത്തിന്റെ പാദത്തിൽ പ്രണമിച്ചുകൊണ്ട് മാപ്പു ചോദിച്ചു.

ഇവിടെ ക്ഷമയോടെ ഇരുന്ന സന്യാസിയുടെ മനസ്സിൽ ഒരു സംഘർഷം ഉണ്ടായിക്കാണും. എങ്കിലും അത് സാത്താന്റെ പ്രലോഭനമാണെന്ന് മനസ്സിലാക്കി അവയെ ജയിച്ചപ്പോൾ 'നീ നന്നായി ചെയ്തു' എന്ന ശബ്ദം ഉണ്ടായി. സാത്താന്റെ പരീക്ഷകളെ ജയിക്കുമ്പോൾ സ്വർഗ്ഗം തുറക്കും. അവിടെ ദൈവത്തിന്റെ ശബ്ദം കേൾക്കുവാൻ കഴിയും. അവിടെ ദൈവത്തിന്റെ പുത്രന്മാർ എന്ന അംഗീകാരം നമുക്കു ലഭിക്കുകയും ചെയ്യും.

കൂട്ടുകാരെ,

ക്ഷമയും സഹനവുമാണ് നമുക്ക് എപ്പോഴും ബലം നൽകുന്നത്. സന്യാസിയെപ്പോലെ ക്ഷമയിലൂടെയും സഹനത്തിലൂടെയും കരുത്താർജ്ജിച്ചാൽ അവരുടെ മുമ്പിൽ എതിരാളികൾ മുട്ടുകുത്തും. സഹനത്തിന്റെയും ക്ഷമയുടെയും പ്രതീകമായ യേശുക്രിസ്തുവിനെപ്പോലെ നിങ്ങൾക്കും തിന്മയെ കീഴ്പ്പെടുത്താം ക്ഷമയിലൂടെ കരുത്താർജ്ജിക്കുക.

ദൈവം അനുഗ്രഹിക്കട്ടെ!

സ്നേഹത്തോടെ **ആനിച്ചേച്ചി**




7-ാമത് ചെങ്ങന്നൂർ ഭദ്രാസന കൺവൻഷൻ 2014 മാർച്ച് 5,6,7,8 തീയതികളിൽ “ക്രൈസ്തവ സാക്ഷ്യം ജീവിതത്തിലൂടെ” (യാക്കോബ് 2:26) എന്ന ചിന്താ വിഷയത്തെ ആസ്പദമാക്കി ബഥേൽ അരമനയിൽ നടക്കും. കൺവൻഷന്റെ അനുഗ്രഹീതമായ നടത്തിപ്പിന് വിപുലമായ ക്രമീകരണങ്ങൾ ചെയ്തുവരുന്നു. വിവിധ കമ്മിറ്റികൾക്ക് പ്രവർത്തനം ആരംഭിച്ചു. വചന ശുശ്രൂഷക്കു പുറമേ കുടുംബ നവീകരണ ധ്യാനം, കർഷക സംഗമം, കുട്ടികൾക്കായുള്ള ക്ലാസ് എന്നിവ ക്രമീകരിക്കുന്നതാണ്.

ഭദ്രാസന ദിനം 2014 ജനുവരി 5-ാം തീയതി നമ്മുടെ ഭദ്രാസനത്തിലെ എല്ലാ പള്ളികളിലും ആചരിച്ചിട്ടുണ്ടല്ലോ. അഭി. തിരുമനസ്സിലെ കല്പനപ്രകാരം 2014 ഫെബ്രുവരി 28 ന് മുമ്പായി കളക്ഷൻ പൂർത്തീകരിച്ച് അഭി. തിരുമേനിയെ ഏല്പിക്കുവാൻ തയ്യാറാകണം.

സ്നേഹാദരപൂർവ്വം

**ഫാ. തോമസ് കൊക്കാപ്പറമ്പിൽ**

മെത്രാസന സെക്രട്ടറി

## ഒന്നാം സ്ഥാനം കരസ്ഥമാക്കി



ആലപ്പുഴ ജില്ലാ സ്കൂൾ കലോത്സവത്തിൽ വെസ്റ്റേൺ വയലിൻ മത്സരത്തിൽ ഒന്നാം സ്ഥാനവും എ ഗ്രേഡും കരസ്ഥമാക്കിയ ജോവൽ വർഗീസ് ജോസ്. കുടശ്ശനാട് സെന്റ് സ്റ്റീഫൻ കത്തീഡ്രൽ ഇടവകാംഗവും കുരമ്പാല സെന്റ് തോമസ് വലിയ പള്ളി വികാരിയുമായ ഫാ. ജോസ് തോമസിന്റെ മകനാണ്.

## മദ്യവർജന വാഹന സന്ദേശ യാത്ര

ഭദ്രാസന യുവജനപ്രസ്ഥാനത്തിന്റെയും മദ്യവർജ്ജന സമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ വാഹന പ്രചരണജാഥ 2014 ഫെബ്രുവരി 1,2 തീയതികളിൽ ഭദ്രാസനത്തിലെ മുഴുവൻ ദേവാലയങ്ങളും സന്ദർശിക്കുന്നു. 1-ാം തീയതി ശനിയാഴ്ച രാവിലെ 8.30 ന് പുത്തൻകാവ് സെന്റ് മേരീസ് കത്തീഡ്രലിൽ നിന്നും തുടക്കം കുറിക്കുന്ന വാഹന ജാഥ 2-ാം തീയതി 4 പി.എം. ന് ചെങ്ങന്നൂർ ബഥേൽ മാർ ഗ്രീഗോറിയോസ് അരമനപള്ളി അങ്കണത്തിൽ സമാപിക്കുന്നു. സമാപന സമ്മേളനത്തിൽ മത-രാഷ്ട്രീയ-സാമൂഹിക നേതാക്കൾ പങ്കെടുക്കുന്നു.

## കൊടിമര കൂദാശയും കുടുംബസംഗമവും



കല്ലുങ്കൽ സെന്റ് ജോർജ്ജ് ഓർത്തഡോക്സ് ഇടവകയിൽ പുതുതായി നിർമ്മിച്ച കൊടിമരത്തിന്റെ കൂദാശ 2013 ഡിസംബർ 29-ാം തീയതി ഞായറാഴ്ച വി. കുർബ്ബാനയ്ക്കുശേഷം ഇടവക മെത്രാപ്പോലീത്താ അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് തിരുമനസ്സുകൊണ്ട് നിർവ്വഹിച്ചു. തുടർന്ന് നടന്ന കുടുംബസംഗമത്തിൽ വികാരി ഫാ. എം.കെ. ഇമ്മാനുവേൽ അദ്ധ്യക്ഷത വഹിച്ചു. പ്രശസ്ത ഫാമിലി കൗൺസിലർ ശ്രീമതി ഗ്രേസ് ലാൽ ക്ലാസ്സിന് നേതൃത്വം നൽകി. സ്നേഹവിരുന്നോടുകൂടി കുടുംബസംഗമം സമാപിച്ചു.

## നേത്രചികിത്സാ ക്യാമ്പ്



പേരിശ്ശേരി സെന്റ് മേരീസ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ പരുമല സെന്റ് ഗ്രീഗോറിയോസ് ഹോസ്പിറ്റലുമായി സഹകരിച്ചുകൊണ്ട് സൗജന്യനേത്രചികിത്സാ ക്യാമ്പ് നടത്തുകയുണ്ടായി. ഫാ. ബിജു റ്റി. മാത്യു ഉദ്ഘാടനം നിർവ്വഹിച്ചു. റിബു ജോൺ വലിയപറമ്പിൽ, കെവിൻ ജി. മാത്യു, അലൻ അനീഷ്, ബിനോയ് കോശി, ലിബിൻ എഴിക്കൽ, ജിഷു ചിത്രാലയ, സെവിൻ ടോം വർഗ്ഗീസ്, ജോയി ഷാജി എന്നിവർ നേതൃത്വം നൽകി.

## പെരുന്നാൾ

കുറിച്ചിമുട്ടം സെന്റ് സ്റ്റീഫൻസ് പള്ളിയുടെ പെരുന്നാൾ 2013 ഡിസംബർ 29 മുതൽ 2014 ജനുവരി 8 വരെ നടത്തപ്പെട്ടു. റവ. ഫാ. ഷിബു റ്റോം വർഗ്ഗീസ്, റവ. ഫാ. മത്തായി സഖറിയാ എന്നിവർ വചനശുശ്രൂഷ നിർവ്വഹിച്ചു. 8-ാം തീയതി വിശുദ്ധ കുർബ്ബാനയ്ക്കു സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ അഭിവന്ദ്യ ഏബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്താ മുഖ്യകാർമ്മികത്വം വഹിച്ചു. പെരുന്നാൾ ചടങ്ങുകൾക്ക് റവ. ഫാ. കുര്യൻ ജോസഫ്, വികാരി ഫാ. ബിനു ജോയി, ട്രസ്റ്റി നൈനാൻ ഡാനിയേൽ, സെക്രട്ടറി ബൈജു കെ. മാത്യു തുടങ്ങിയവർ നേതൃത്വം നൽകി.




**1. പുതുവത്സര ക്ലാസ്**

2014 ജനുവരി അഞ്ച് ഭദ്രാസനത്തിലെ എല്ലാ സണ്ടേസ്കൂളുകളിലും 'പ്രവേശനപ്പെരുന്നാളായി' ആഘോഷിക്കുകയുണ്ടായി.

**2. അഖില മലങ്കര പ്രതിഭാസംഗമം**

OSSAE രൂപീകരണ ജൂബിലിയോടനുബന്ധിച്ച് 1964 മുതൽ അഖില മലങ്കരയിൽ പാഠ്യ വിഷയത്തിൽ 10, 12 ക്ലാസ്സുകളിൽ 1,2 സ്ഥാനം ലഭിച്ചിട്ടുള്ളവരും സഹപാഠ്യ മത്സരത്തിൽ വിജ്ഞാനി, ഗാനസുഗന്ധി, പ്രവീൺ, പ്രതിഭ തലങ്ങളിൽ വിജയികളായവരേയും ആദരിക്കൽ ചടങ്ങ് 2014 ഫെബ്രുവരി 8-ാം തീയതി ശനിയാഴ്ച 10 മുതൽ പുത്തൻകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിന്റെ ആതിഥേയത്തിൽ വിപുലമായ നിലയിൽ നടത്തപ്പെടുകയാണ്.

**3. പാഠപുസ്തകങ്ങൾ**

ഈ അദ്ധ്യയനവർഷം 5,6,7 ക്ലാസ്സുകളിലേക്ക് പുതിയ പുസ്തകളാണ്. ബഥേൽ അരമനയിൽ നിന്നും പാഠപുസ്തകങ്ങൾ ലഭ്യമാണ്. ഈ അദ്ധ്യയനവർഷം 10-ാം ക്ലാസ്സ് വാർഷിക പരീക്ഷക്ക് ഒരു പേപ്പറാണ് ഉള്ളത് പ്രത്യേകിച്ച് രണ്ടു പേപ്പറായി പരീക്ഷ ഉണ്ടായിരിക്കുന്നതല്ല.

**4. ജീവകാരുണ്യദിനം**

ജനുവരി 19-ാം തീയതിയാണ് ജീവകാരുണ്യദിനമായി ആചരിക്കുന്നത്. ഈ വർഷത്തെ ജീവകാരുണ്യ ഫണ്ടിൽ നിന്നും ബത്തേരിയിലെ ബാലികാഭവനം, അട്ടപ്പാടിയിൽ സഭ ഏറ്റെടുത്തിരിക്കുന്ന ഗ്രാമത്തിലെ ഒരു പ്രോജക്ടിന് നൽകുവാനും കേന്ദ്ര എക്സിക്യുട്ടീവ് തീരുമാനിച്ചിട്ടുണ്ട്.

**5. സുവർണ്ണ ജൂബിലി**

എല്ലാ യൂണിറ്റ് തലങ്ങളിലും നടത്തപ്പെടുന്ന റിപ്പോർട്ടുകൾ ഭദ്രാസന ഡയറക്ടറെ ഏല്പിക്കുവാൻ പ്രഥമാദ്ധ്യാപകർ ശ്രദ്ധിക്കുമല്ലോ. സണ്ടേസ്കൂളിന്റെ പ്രാധാന്യം സഭാംഗങ്ങളെ ബോദ്ധ്യപ്പെടുത്തുക എന്ന ലക്ഷ്യമായിരിക്കണം ജൂബിലി പ്രവർത്തനം കൊണ്ട് ഉദ്ദേശിക്കുന്നത്.

**6. O.V.B.S**

2014-ലെ O.V.B.S ന്റെ ചിന്താവിഷയം 'ഭൂമിയും അതിന്റെ പൂർണ്ണതയും യഹോവയ്ക്കുള്ളതാകുന്നു' സങ്കീ. 24:1 (The earth and its fullness belongs to God) എന്നതാണ്.

**7. ഭദ്രാസന കൺവൻഷൻ**

2014 മാർച്ച് 5,6,7,8 തീയതികളിൽ ബഥേൽ അരമന കേന്ദ്രമാക്കി നടത്തപ്പെടുന്ന സുവർണ്ണജൂബിലി പരിപാടികളുടെ ഭദ്രാസന കൺവൻഷന് സണ്ടേസ്കൂളിന്റെ പ്രാധിനിധ്യം ഉണ്ടാകണം. പ്രത്യേകിച്ച് 8-ാം തീയതി രാവിലെ നടത്തപ്പെടുന്ന ഭദ്രാസന സണ്ടേസ്കൂൾ വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ സംഗമവും ഉച്ചയ്ക്കു നടത്തുന്ന മാവേലിക്കര, തുമ്പമൺ, ചെങ്ങന്നൂർ, നിലയ്ക്കൽ ഭദ്രാസനത്തിലെ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സംഗമവും ഏറ്റവും അനുഗ്രഹപ്രദമാക്കുവാൻ ഏവരുടെയും പ്രാർത്ഥനാപൂർവ്വമായ സഹകരണം ഉണ്ടാകണമെന്ന് അറിയിക്കുന്നു.

## ആശാ സ്പർശം 2014 ഉത്ഘാടനം



കല്ലുങ്കൽ സെന്റ് ഇഗ്നേഷ്യസ് ഓർത്തഡോക്സ് പഴയ പള്ളി യുവജനപ്രസ്ഥാനത്തിന്റെ 2014 ലെ പ്രവർത്തനോത്ഘാടനവും ജീവകാരുണ്യ പ്രവർത്തന പദ്ധതിയായ "ആശാ സ്പർശം 2014" ന്റെ ഉത്ഘാടനവും യു.കെ. യൂറോപ്പ് ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ നിർവ്വഹിക്കുന്നു. ഫാ. ജേക്കബ് ജോൺ കോർ എപ്പിസ്കോപ്പാ, യൂണിറ്റ് പ്രസിഡന്റ് ഫാ. ജേക്കബ് ചെറിയാൻ, ഫാ. സക്കറിയാ പനയ്ക്കാമറ്റം, ഫാ. തോമസ് തേക്കിൽ, ഡീ. മത്തായി ജോർജ്ജ്, ഡീ. റെന്നി തോമസ് എന്നിവർ സമീപം.

## ക്രിസ്തുമസ് സന്ധ്യ-13



ഇടവങ്കാട് എം.പി.എം. യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഡിസംബർ 29-ാം തീയതി ഞായറാഴ്ച വൈകിട്ട് 6 മണിക്ക് ക്രിസ്തുമസ് സന്ധ്യ -13 നടത്തപ്പെട്ടു. കേന്ദ്രമന്ത്രി ശ്രീ. കൊടിക്കുന്നിൽ സുരേഷ് ഉദ്ഘാടനം ചെയ്തു. വികാരി ഫാ. മാത്യു ഏബ്രഹാം കാരയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു. അഖില മലങ്കര മർത്തമറിയം സമാജം വൈസ് പ്രസിഡന്റ് ഫാ. മാത്യു വർഗ്ഗീസ് ക്രിസ്തുമസ് സന്ദേശം നൽകി. എബി കുര്യാക്കോസ്, എബി തോട്ടുപുറം, നിഥിൻ എ. ചെറിയാൻ, പി.കെ. ജോൺ, ടിൻജു ശാമുവേൽ തുടങ്ങിയവർ പ്രസംഗിച്ചു.

## അർദ്ധദിന സമ്മേളനം

പന്തളം ഡിസ്ട്രിക്റ്റിലെ പ്രാർത്ഥനാ യോഗങ്ങളുടെ ഒരു അർദ്ധദിന സമ്മേളനം 2014 ജനുവരി 19 ഞായറാഴ്ച ഉച്ചയ്ക്ക് 2.00 മണി മുതൽ കുളനട സെന്റ് ജോർജ്ജ് ചാപ്പലിൽ വെച്ച് പ്രാർത്ഥനായോഗം വൈസ് പ്രസിഡന്റ് റവ. ഫാ. സി.പി. ചാക്കോ ചക്കാലയിലിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെടുന്നു.

## പെരുന്നാളും കൺവൻഷനും കരുതൽ ഉദ്ഘാടനവും

ചെങ്ങന്നൂർ : പേരിശ്ശേരി സെന്റ് മേരീസ് ഓർത്തഡോക്സ് വലിയപള്ളി ഇടവകയുടെ കൺവൻഷനും, പെരുന്നാളും 2014 ജനുവരി 12 മുതൽ 19 വരെ നടക്കും. 12–ാം തീയതി വി.കുർബ്ബാനയ്ക്കു ശേഷം അഭി. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ കൊടിയേറ്റ് കർമ്മം നിർവ്വഹിച്ചു. തുടർന്ന് 'കരുതൽ' ജീവകാരുണ്യ പദ്ധതി (നിത്യ രോഗികൾക്ക് ചികിത്സാസഹായം, സമൂഹവിവാഹം, ഭവന നിർമ്മാണം, നിർദ്ധനരായ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം) ഉദ്ഘാടനം ചെയ്തു. കുട്ടികൾക്കായുള്ള കൗൺസിലിംഗ് ക്ലാസ്സ് ഡോ. എം.കെ. ജേക്കബ് നയിച്ചു. റവ. ഫാ. തോമസ് വറുഗ്ഗീസ് അമയിൽ, റവ. ഫാ. ജോർജ്ജ് വർഗ്ഗീസ് മണ്ണാറകുളഞ്ഞി, റവ. ഫാ. മനോജ് മാവേലിക്കര എന്നിവർ വചനശുശ്രൂഷ നടത്തി 18–ാം തീയതി ഭക്തിനിർഭരമായ റാസ, 19–ാം തീയതി സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ അഭി. ഏബ്രഹാം മാർ എപ്പിപ്പാനിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ വി. കുർബ്ബാന തുടർന്ന് ആശീർവാദം നേർച്ചവിളമ്പ്. ഫാ. ബിജു റ്റി. മാത്യു, പുത്തൻകാവ് (വികാരി), കെ.ഒ. ജോസഫ്, കാട്ടിരേത്ത് (ട്രസ്റ്റി), ഇടിക്കുള അലക്സാണ്ടർ, മുല്ലേരിൽ രമ്യാഭവൻ (സെക്രട്ടറി), ജോൺസി ചെറിയാൻ, കാട്ടിരേത്ത് (പെരുന്നാൾ കൺവീനർ), റ്റി.ജി. ജോർജ്ജ്, തൂമ്പാറ്റേത്ത് (പെരുന്നാൾ ക്യാപ്റ്റൻ) എന്നിവർ നേതൃത്വം നൽകും.

## കുടുംബസംഗമം

ആറാട്ടുപുഴ സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകയുടെ കുടുംബസംഗമം 2014 ജനുവരി 5 ന് വികാരി ഫാ. ഏബ്രഹാം കോശി കുന്നുംപുറത്തിന്റെ അദ്ധ്യക്ഷതയിൽ നടന്നു. കുടുംബബന്ധങ്ങളിലെ പ്രതിസന്ധികൾ എന്ന വിഷയത്തെ ആസ്പദമാക്കി പ്രൊഫ. നെൽസൺ പി. ഏബ്രഹാം ക്ലാസ്സ് നയിച്ചു. സെന്റ് ജോർജ്ജ് യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഫിലിം ഷോയും മറ്റ് കലാകായിക പരിപാടികളും ക്രമീകരിച്ചു.

# 7–ാമത് ചെങ്ങന്നൂർ ഭദ്രാസന കൺവൻഷൻ

2014 മാർച്ച് 5,6,7,8 തീയതികളിൽ

"ക്രൈസ്തവ സാക്ഷ്യം ജീവിതത്തിലൂടെ"

(യാക്കോബ് 2:26)

## ഗ്ലോറിയ – 2013



യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ ഡിസംബർ 26–ാം തീയതി ക്രിസ്തുമസ്സ് കലാസന്ധ്യ "ഗ്ലോറിയ 2013'' നടത്തപ്പെട്ടു. ചെങ്ങന്നൂർ എം.എൽ.എ. ശ്രീ. പി.സി. വിഷ്ണുനാഥ് ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. വികാരി റവ. ഫാ. സുനിൽ ജോസഫ് അദ്ധ്യക്ഷത വഹിച്ചു. സഭാമാനേജിംഗ് കമ്മറ്റിയംഗം ശ്രീ. സജി പട്ടരുമഠം, വൈസ്പ്രസിഡന്റ് ശ്രീ. ബിജു ദാനിയേൽ യൂണിറ്റ് സെക്രട്ടറി അഞ്ജു വർഗീസ്, കൺവീനർ ശ്രീ. റോബിൻ ജോ. വർഗീസ്, ശ്രീ. റോബിൻ ബാബു, ഇടവക ട്രസ്റ്റി സി.സി. തോമസ് എന്നിവർ സംസാരിച്ചു. പാണ്ടു വേലിൽ ശ്രീമതി ഓമനാ റജി കലാപരിപാടികൾക്ക് നേതൃത്വം നൽകി.

## തൃതീയ സുവർണ്ണജൂബിലി സമാപിച്ചു.



മാന്തളിർ സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകയുടെ തൃതീയ സുവർണ്ണജൂബിലി ആഘോഷങ്ങളുടെ സമാപനം പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ നിർവ്വഹിച്ചു. അഭിവന്ദ്യ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. ജീവകാരുണ്യ ധനസഹായ വിതരണം മന്ത്രി കെ.സി. ജോസഫ് നിർവ്വഹിച്ചു. ഭവനദാനപദ്ധതി പ്രതിപക്ഷ ഉപനേതാവ് കൊടിയേരി ബാലകൃഷ്ണൻ നിർവ്വഹിച്ചു. സുവനീർ ലോഗോ പ്രകാശനം സംവിധായകൻ ബ്ലെസ്സി നിർവഹിച്ചു. അഭിവന്ദ്യ ഡോ. ജോഷ്വാ മാർ നിക്കോദിമോസ് മെത്രാപ്പോലീത്താ, ആന്റോ ആന്റണി എം.പി., പി.സി. വിഷ്ണുനാഥ് എം.എൽ.എ., വൈദിക ട്രസ്റ്റി ഫാ. ജോൺസ് ഏബ്രഹാം കോനാട്ട്, അസ്സോസിയേഷൻ സെക്രട്ടറി ഡോ. ജോർജ്ജ് ജോസഫ്, ചെങ്ങന്നൂർ ഭദ്രാസന സെക്രട്ടറി ഫാ. തോമസ് കൊക്കാപ്പറമ്പിൽ, ഫാ. കുര്യൻ ജോസഫ്, ഫാ. ജോൺ പി. ഉമ്മൻ, ജനറൽ കൺവീനർ ബിജു പി. വർഗ്ഗീസ് എന്നിവർ പ്രസംഗിച്ചു.